

അധികാരം ജനങ്ങളിലേക്ക്
ഒമ്പതാം പദ്ധതി ജനകീയ പദ്ധതി



കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത്
വികസന റിപ്പോർട്ട്

112-3



കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത്

കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

വികസനറിപ്പോർട്ട് (1996)

പഞ്ചായത്തിന്റെ പേര്	:	കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്.
ഉൾപ്പെടുന്ന വില്ലേജ്	:	കൊണ്ടോട്ടി
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	കൊണ്ടോട്ടി, നെടിയിരുപ്പ്.
ബ്ലോക്ക് പഞ്ചായത്ത്	:	കൊണ്ടോട്ടി
താലൂക്ക്	:	ഏറനാട്
അസംബ്ലി മണ്ഡലം	:	കൊണ്ടോട്ടി
വിസ്തീർണ്ണം	:	4.19 ചതുരശ്രമൈൽ.
അതിരുകൾ	:	വടക്ക്-ചീക്കോട് പഞ്ചായത്ത്. കിഴക്ക്-നെടിരുപ്പ് പഞ്ചായത്ത്. തെക്ക്-പള്ളിക്കൽപഞ്ചായത്ത് പടിഞ്ഞാറ്-പുളിക്കൽ പഞ്ചായത്ത്.
ജനസംഖ്യ	:	21913 (1991)
പുരുഷന്മാർ	:	10793
സ്ത്രീകൾ	:	11120
അക്ഷരാഭ്യാസമുള്ളവർ	:	16155
പുരുഷന്മാർ	:	8340
സ്ത്രീകൾ	:	7815
വാർഡുകൾ	:	10

പ്രസിഡണ്ട് ഇ. നഫീസ.

വൈസ്പ്രസിഡണ്ട് പി. അബ്ദുറഹിമാൻ (ഇണ്ണി)

സ്റ്റാൻറ്റിംഗ്കമ്മറ്റി ചെയർമാൻ:-ബി. വേലായുധൻ.

പഞ്ചായത്ത്
ഭരണ സമിതി അംഗങ്ങൾ



1. E. നഫീസ പ്രസിഡണ്ട്

2. P. അബ്ദു റഹിമാൻ (ഇണ്ണി) വൈ. പ്രസിഡന്റ്



3. B. വേലായുധൻ സ്റ്റാൻഡിങ്ങ് കമ്മിറ്റിചെയർമാൻ




4. K. സൈയ്തലവി ഹാജി



5. P.V. ഫാത്തിമ



6. V. അബ്ദുള്ള കുട്ടി




7. E.K. മലീഹ



8. K.M. മമ്മത്



9. T.P നാസർ



10. P.A. സുബൈദ



ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

സി. ചന്ദ്രൻ

ചീഫ്എഡിറ്റർ

T. കൃഷ്ണൻനായർ (DRP കൺവീനർ)

എഡിറ്റോറിയൽ ബോർഡ്

1. കെ. ആലിക്കുട്ടിമാസ്റ്റർ

2. E. മോഹൻദാസ്

3. അശറഫ് മടാൻ

4. കെ. അഹമ്മദ് കുട്ടി

5. പാമ്പോടൻ അബൂബക്കർ

6. പി. വീരാൻ കുട്ടി ഹാജി

7. പുതിയത്ത് ഉമ്മർ ബാവ

8. A. വീരാൻ കുട്ടി മാസ്റ്റർ

9. P.P.A. റഹുഫ്

10. E.T മുഹമ്മദ് ബഷീർ

11. C. സുധീരൻ

12. അമാരൻ ശ്രീധരൻ

13. P.T. മുരളീ മനോഹരൻ

14. ചുണ്ടക്കാടൻ മുഹമ്മദുണ്ണി

15. പാണാളി ജാഫർ

പ്രസിദ്ധികരണം : കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതി

ഉള്ളടക്കം

1. ആമുഖം .....

2. കൃഷി, ജലസേചനം .....

3.. മൃഗസംരക്ഷണം, മത്സ്യബന്ധനം .....

4. വിദ്യാഭ്യാസം .....

5. കുടിവെള്ളം പൊതു ജനാരോഗ്യം .....

6. വ്യവസായം .....

7. ഗതാഗതം, ഊർജ്ജം .....

8. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം .....

9. സംസ്ക്കാരം .....

10. വനിത .....

11. സഹകരണ മേഖല .....

12. പട്ടിക ജാതി പട്ടികവർഗ്ഗം .....

13. വിഭവസമാഹരണം .....

14. ഉപസംഹാരം .....

ആമുഖം

1940ൽ രൂപം കൊണ്ടതാണ് കൊണ്ടോട്ടി പഞ്ചായത്ത്. 1954ൽ ആണ് പഞ്ചായത്തിലേക്കുള്ള ആദ്യതെരഞ്ഞെടുപ്പു നടന്നത്.ഭരണസമിതി പ്രസിഡണ്ട് ബഹു :കെ.ടി ഗുലാം സാഹിബ് തങ്ങൾ അവർകളായിരുന്നു. കുന്നുകളാൽ ചുറ്റപ്പെട്ട ഈ പഞ്ചായത്തിനെ കിഴക്ക് മണ്ണാരിൽ നിന്ന് ആരംഭിച്ച് പടിഞ്ഞാറ് നീറ്റാണിയിൽ അവസാനിക്കുന്ന കൊണ്ടോട്ടി തോട് രണ്ടായി ഭാഗിക്കുന്നു. തോടിന്ന് ഏകദേശം 6 കിലോമീറ്റർ നീളമുണ്ട്. വാർഡുകൾ 1,2,3,4,7,10 തോടിന്റെ വടക്ക്ഭാഗത്തും 5,6,8,9 തെക്ക് ഭാഗത്തുമായി കിടക്കുന്നു. തോടിന്റെ ഇരുകരകളും വയലുകളാണ്. വടക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന ചേപ്പിലിക്കുന്നിന്റെ തെക്ക്, വടക്ക്, പടിഞ്ഞാറ് എന്നീ ഭാഗങ്ങളിലേക്ക് നീരൊഴുക്കായി ചെരിഞ്ഞ് കിടക്കുന്നു. ചേപ്പിലിക്കുന്നിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള ചെമ്മലപറമ്പ് കിഴക്കോട്ടും തെക്കോട്ടും നീരൊഴുക്കായി ചെരിഞ്ഞ് കിടക്കുന്നു. ഇതിന്റെ രണ്ടിന്റെയും നടുഭാഗത്തിൽ വട്ടപറമ്പ് പ്രദേശം വടക്കോട്ടും തെക്കോട്ടും ചെരിഞ്ഞുകിടക്കുന്നു. തോടിന്റെ തെക്കുഭാഗം മൈലാടിമുതൽ കൊളത്തൂര് വരെ വടക്കോട്ട് ചെരിഞ്ഞുകിടക്കുന്നു.

ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായ ഖിലാഫത്ത് പ്രസ്ഥാനം 1920ൽ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചു. പ്രവർത്തനകേന്ദ്രം കാഞ്ഞിരത്തിങ്ങലായിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തോടെ കോൺഗ്രസ് പ്രവർത്തനമാരംഭിച്ചു. എടക്കോട് മുഹമ്മത്, പാണാളി സൈതാലിക്കുട്ടി, പെരീങ്ങാടൻ ആലിക്കുട്ടി, ആലുങ്ങൽ ഉണ്ണീൻ, പൊട്ടവണ്ണി പറമ്പൻ വീരാൻകുട്ടി എന്നിവരായിരുന്നു പ്രധാനികൾ. ഇവരുടെ നേതൃത്വത്തിൽ അത്തം പള്ളിയാളിയിൽവെച്ച് ഒരു സമ്മേളനം നടന്നു. ഈ സമ്മേളനം ഉൽഘാടനം ചെയ്തത് K.M. മൌലവിയും പ്രാസംഗികൻ കെ. മാധവൻനായർ, K.C. കോമുക്കുട്ടി മൌലവിയുമായിരുന്നു. തുടർന്ന് ഈ പഞ്ചായത്തിൽ രാഷ്ട്രീയ പ്രബുദ്ധതയുടെ നാമ്പെടുക്കാൻ തുടങ്ങി.

1933ൽ പാമ്പോടൻ അഹത്കുട്ടി മൌലവി, എർത്താലിമോനുദ്ദീൻ, എർത്താലിരായിൻ, ചക്കിപറമ്പൻ ഉണ്ണ്യാലികുട്ടി, തൊട്ടിയൻ മമ്മത്മാസ്റ്റർ എന്നിവർ കോൺഗ്രസ് പ്രവർത്തനം ആരംഭിച്ചു. ചക്കിപറമ്പൻ ഉണ്ണിമമ്മത്, ചുണ്ടക്കാൻ മോയിൻഹാജി എന്നിവരുടെ നേതൃത്വത്തിൽ ലീഗ് പ്രവർത്തനം ആരംഭിച്ചു. പിന്നീട് പാണാളി സൈതാലിക്കുട്ടി, എടക്കോട്ട് മുഹമ്മത്, തൊട്ടിയൻ മമ്മത് മാസ്റ്റർ എന്നിവർ കോൺഗ്രസ് സോഷ്യലിസ്റ്റ് പ്രവർത്തകരായി മാറി. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പ്രവർത്തകർ പിന്നീട് കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിന്റെ പ്രവർത്തകരുമായി മാറി.

1945ൽ കുടിയൊഴിപ്പിക്കുന്നതിനെതിരായി രാഷ്ട്രീയ വ്യത്യാസമില്ലാതെ നടന്ന ഒരു ഭൂസമരമാണ് എടുത്തുപറയാവുന്ന ഒരു സംഭവം. എർത്താലി വീരാൻകുട്ടിഹാജിയായിരുന്നു ജന്മി. പാമ്പോടൻ വീരാൻ കുട്ടി മമ്മൂട്ടി എന്നിവരായിരുന്നു കുടികിടപ്പുകാർ. കുടി ഒഴിപ്പിക്കലിനെതിരായ സമരത്തിന് നേതൃത്വം കൊടുത്തവർ പി. കെ. ചേക്കുട്ടി, പി. കെ. മുഹമ്മദ്, കൊടഞ്ചാടൻ ബിച്ചിക്കോയ, കൊളക്കാടൻ ഹുസ്സൻ, ചെമ്പൻ സൈതാലിക്കുട്ടി, കെ. കുഞ്ഞാലി, കപ്പാടൻ സൈതാലിക്കുട്ടി, പള്ളിപറമ്പൻ യാഹു, കൊട്ടേൽസ് മമ്മത്. എന്നവരായിരുന്നു പ്രധാനികൾ. തോക്കുധാരികളായ MSPക്കാരുമൊത്ത് കുടിയൊഴിപ്പിക്കാൻ ജന്മി വന്ന അവസരത്തിൽ സമരത്തിന്ന് നേതൃത്വം കൊടുക്കുന്നവർ തോക്കിന്നിരയാവുമെന്ന് ഭയന്ന് കുടികിടപ്പുകാരൻ "എനിക്ക് ഈ ഭൂമി വേണ്ടാ" എന്ന് പറഞ്ഞതുകൊണ്ട് സമരക്കാർ ഒഴിഞ്ഞുപോയി. ഒരു ചോരക്കളം ഒഴിവായി.

കൊണ്ടോട്ടിയുടെ സാംസ്കാരിക വളർച്ചക്ക് മാപ്പിളപ്പാട്ടിന് ഒരു ഉയർന്ന സ്ഥാനമുണ്ട്. മാപ്പിളപ്പാട്ടിന്റെ ഉപജ്ഞാതാവായ മഹാകവി മോയിൻ കുട്ടിവൈദ്യർ 1850ൽ പ്രശസ്ത വൈദ്യകുടുംബത്തിൽപെട്ട ഓട്ടുപാറകുഴി തറവാട്ടിലാണ് ജനിച്ചത്. 14-ാം വയസ്സിൽ മാപ്പിളപ്പാട്ട് രചന ആരംഭിച്ചു. തുടർന്ന് നിരവധി കാവ്യങ്ങൾ രചിച്ചിട്ടുണ്ട്. 1890ൽ 40-ാം വയസ്സിൽ നിര്യാതനായി. ഈ മഹാന്റെ നാമധേയത്തിൽ നമ്മുടെ പഞ്ചായത്തിൽ ഒരു സാംസ്കാരിക ഗവേഷണ കേന്ദ്രം പാണ്ടിക്കാട് പാറക്കുഴിൽ ഉയർന്നുവരുന്നുണ്ട്.

ഭൂപ്രകൃതിയനുസരിച്ച് കൊണ്ടോട്ടി പഞ്ചായത്തിനെ മൂന്ന് മേഖലകളായി തിരിക്കാം.

1. ഉയർന്ന സമതലം

2. ചെരിവ് പ്രദേശങ്ങൾ

3. താഴ്വരകൾ (പാടങ്ങൾ)

200 ഏക്കറോളം താഴ്വാര പ്രദേശമായ നെൽപാടമാണ് ശേഷിച്ച ഭാഗം ഉയർന്ന സമതലവും ചെരിവു പ്രദേശവുമാണ്.

താഴ്വാരപ്രദേശം-പശിമയുള്ള ചളിമണ്ണാണ്.

ഉയർന്ന സമതലം, ചെരിവ് പ്രദേശങ്ങൾ- ചരൽ കലർന്ന ചെമ്മണ്ണും തവളപൂഴി (കറുത്ത മണ്ണും)ആണ്.

പഞ്ചായത്തിലെ ഭൂരിഭാഗവും സാമൂതിരി കോവിലകം, തലയൂർ മൂസ്സത്, എന്നീ ജന്മിമാരുടേതായിരുന്നു. ഭൂപരിഷ്കരണ നിയമം നിലവിൽ വന്നതോടെ ഈ ഭൂമികളെല്ലാം കൈവശക്കാരന്റെ സ്വന്തമായി മാറി. മിച്ചഭൂമി ഭൂരഹിത കർഷകർക്കും കർഷകതൊഴിലാളികൾക്കും പതിച്ചുകിട്ടി. ഭൂവ്യവസ്ഥയിൽ വന്ന ഈ മാറ്റം സാമൂഹ്യ സാമ്പത്തിക സാംസ്കാരികരംഗത്ത് വലിയ പരിവർത്തനം വരുത്തി.

കാർഷിക മേഖലയിൽ തെങ്ങ്, കവുങ്ങ് എന്നീ കൃഷികളിൽ മാത്രമേ ജനങ്ങൾ താല്പര്യം കാണിക്കുന്നുള്ളൂ. മറ്റ് കൃഷികൾ നെല്ല്, മരച്ചീനി, മധുരകിഴങ്ങ്, പച്ചക്കറി തുടങ്ങിയവയിൽ കർഷകരുടെ താല്പര്യം കുറഞ്ഞുവരുന്നു. അതേയവസരത്തിൽ തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും നേരിയ തോതിൽ വർദ്ധിച്ചതിന്റെ ഫലമായി ഏകദേശം 56 ലക്ഷം നാളികേരം ഈ പഞ്ചായത്തിൽ കിട്ടുന്നുണ്ട്. ഈ കാർഷിക ഉല്പന്നം ഒരു വ്യവസായിക ഉല്പന്നമാക്കി മാറ്റിയാൽ മാത്രമേ കൊണ്ടോട്ടിക്ക് സാമ്പത്തിരംഗത്ത് നേട്ടമുണ്ടാക്കാൻ കഴിയൂ. ഇതിനെ തുടർന്ന നിരവധി തൊഴിലവസരങ്ങൾക്ക് സാദ്ധ്യതയുണ്ട്.

ജനസംഖ്യയിൽ ഭൂപിക്ഷവും ചെറുകിട ദരിദ്രകൃഷിക്കാരാണ്. തൊഴിലാളികളിൽ ഭൂരിഭാഗവും കർഷകതൊഴിലാളികളും നിർമ്മാണ തൊഴിലാളികളുമാണ്. ഒരു ചെറുവിഭാഗം ചെറുകിട വ്യവസായ രംഗങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. കച്ചവടക്കാരിൽ ഭൂരിഭാഗവും അന്യപ്രദേശത്തുകാരാണ്.

ജലവിഭാഗങ്ങൾ പഞ്ചായത്തിന്റെ താഴ്വാരപ്രദേശങ്ങളിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഉയർന്ന സമതലപ്രദേശങ്ങളിലും ചെരിവ് പ്രദേശങ്ങളിലും കുടിവെള്ളക്ഷാമമുള്ള സ്ഥലങ്ങളാണ്.

1. കൃഷി – ജലസേചനം.

കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട വിളവുകൾ നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ പച്ചക്കറികൾ എന്നവയും, ഇടവിളവുകളായി കുരുമുളക്, ഇഞ്ചി,ചേന,ചേമ്പ്, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവയുമാണ്.

ഈ പഞ്ചായത്തിലെ ഭ്രമികളധികവും മുൻകാലങ്ങളിൽ കോഴിക്കോട് സാമൂതിരി കോവിലകം, മുതുവല്ലൂർ താലയൂർ മൂസ്സത്, വാഴക്കാട്ട് കൊയപ്പതൊടി, നിലമ്പൂർ കോവിലകം, കൊണ്ടോട്ടി തക്കിയക്കൽ, മേലങ്ങാടിത്തയ്യിൽ കുടുംബം എന്നീ ജന്മിന്മാരുടെ കൈവശത്തിലായിരുന്നു. കേരളത്തിൽ ഭൂപരിഷ്ക്കരണം നടപ്പിൻവന്നതോടെ ഈ ഭൂമികളെല്ലാം കൈവശക്കരന്റെ സ്വന്തമായിമാറി. ജന്മിയുടെ പരിധിയിൽ കവിഞ്ഞുള്ള ഭൂമികളെല്ലാം മിച്ചഭൂമിയായി മാറി. ഈ ഭൂമികളെല്ലാം ഭൂരഹിത കർഷകർക്കും, കർഷകതൊഴിലാളികൾക്കും പതിച്ച് കിട്ടുകയും ചെയ്തു. ഇതിന്റെ ഫലമായി ഭൂമിതുണ്ട വൽക്കരിക്കപ്പെട്ടു. ജന്മികൂടിയാൻ ബന്ധം അവസാനിച്ചപ്പോൾ സ്വന്തമായികിട്ടിയ ഭൂമിയിൽ സ്വന്തം ഇഷ്ട പ്രകാരം വിളക്രമത്തിൽ മാറ്റം വരുത്തി. നെൽപാടങ്ങൾ കരഭൂമിയായിമാറി. ഈ ഭൂമിയിൽ കെട്ടിടങ്ങളും കരവിളവുകളും ഗ്രാമീണ റോഡുകളുമായി മാറി. നെല്ല് ഉല്പാദനം ലാഭകരമല്ലാത്തഅവസ്ഥയും വന്നു. ഇതിന്റെ ഫലമായി കർഷകതൊഴിലാളികളുടെ തൊഴിലവസരങ്ങൾ കുറഞ്ഞപ്പോൾ ഈ വിഭാഗം മറ്റ് മേഖലകൾ തേടി പോകേണ്ടി വന്നു.

നെൽപാടങ്ങളുടെ വിസ്തീർണ്ണത്തിൽ വന്ന മാറ്റം പച്ചക്കറി കൃഷിയെ സാരമായി ബാധിച്ചു. പുരയിടങ്ങളിലും മുൻകാലങ്ങളെയപേക്ഷിച്ച് പച്ചക്കറി, മധുരകിഴങ്ങ്, മരച്ചീനി, വാഴ,ചേന, ചേമ്പ്, ഇഞ്ചി, കിഴങ്ങ് വർഗങ്ങൾ എന്നിവയുടെ കൃഷിയും ഗണ്യമായികുറഞ്ഞു. ചാമ, എള്ള്, ചൊളാണ്ടി (മുത്താറി) ഉഴുന്ന്, മുതിര പയർവർഗ്ഗങ്ങൾ, കൂർക്കൽ, തുടങ്ങിയവ അപ്രത്യക്ഷമായി കൊണ്ടിരിക്കയാണ്.

ജനപ്പെരുപ്പം പാർപ്പിടസ്ഥലങ്ങളുടെ എണ്ണത്തിൽ വർദ്ധവുണ്ടാക്കി. പാർപ്പിടസൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. ഇതിന്റെ ഫലമായി കരഭൂമിയുടെ വിലയിൽ ക്രമാതീതമായ വർദ്ധനവുണ്ടായി. കരഭൂമിയെ അപേക്ഷിച്ച് പാടത്തിന്ന് വില കുറവ് ഉള്ളത് കൊണ്ടും നെൽ പാടങ്ങൾ കരഭൂമിയാക്കി മാറ്റാനുള്ള താല്പര്യം കൂടിവന്നു. അതിനാൽ വീണ്ടും നെൽ പാടങ്ങളുടെ വിസ്തീർണ്ണത്തിൽ കുറവ് സംഭവിച്ചു കൊണ്ടിരിക്കുകയാണ്.

കാലോചിതമായി കൃഷിപ്പണിയിൽ വന്നിട്ടുള്ള വർദ്ധിച്ചചിലവ്, ജൈവവളത്തിന്റെ ലഭ്യതയിൽ വന്നു കൊണ്ടിരിക്കുന്ന കുറവ്, കാർഷിക ഉല്പന്നങ്ങളുടെ വില കുറവ്, വെള്ളം, വിത്ത് എന്നിവ യഥാസമയം കിട്ടാത്ത അവസ്ഥ, പരിചരണത്തിലുള്ള വിമുഖത തുടങ്ങിയ നിരവധികാരണങ്ങളാൽ കാർഷിക മേഖല തകർച്ചയെ നേരിട്ട് കൊണ്ടിരിക്കുന്നു.

ഭൂരിഭാഗം ചെറുകിട കർഷകരും മുഖ്യവരുമാനമായി ഇന്ന് കൃഷിയെ ആശ്രയിക്കുന്നില്ല. അതുകൊണ്ടു തന്നെ കാർഷികരംഗത്ത് ഉല്പാദനവും ഉല്പാദന ക്ഷമതയും കുറഞ്ഞു കൊണ്ടിരിക്കുന്നു. കൃഷിയോഗ്യമായ സ്ഥലങ്ങളിൽ കൃഷിയിറക്കാൻ തന്നെ താല്പര്യകുറവ് കാണിക്കുന്നു. ലഭ്യമായ നാടീൽ വസ്തുക്കളും മറ്റ് സഹായങ്ങളും കൃഷിഭവൻ മുഖേന സമയാസമയങ്ങളിൽ കിട്ടാറില്ല.

കാർഷിക മേഖലയിലെ തൊഴിലവസരങ്ങളിൽ വന്ന കുറവ് കാരണം ഈ മേഖലയിൽ പണിയെടുത്തിരുന്ന തൊഴിലാളികൾ കൂടുതൽ കൂലികിട്ടുന്നതും വികസിച്ച് കൊണ്ടിരിക്കുന്നതുമായ നിർമ്മാണരംഗത്തേക്ക് മാറികഴിഞ്ഞു. അതുകൊണ്ട് കൃഷിപ്പണിക്കു തൊഴിലാളികളെ വേണ്ടത്ര കിട്ടതാവുകയും കൂലിയിൽ വർദ്ധനവിുണ്ടാവുകയും ചെയ്തു.

ഉഴവ് കാളകളിൽ വലിയതോതിൽ കുറവുവന്നിട്ടുണ്ട്. ഉഴവ് യന്ത്രങ്ങൾ ആവശ്യത്തിന്ന് കിട്ടാനില്ല. ജലസേചനത്തിന്നുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഉള്ളവ തന്നെ (ചിറകൾ, കുളങ്ങൾ) ഉപയോഗശൂന്യമാണ്. ഡ്രയർ, ടില്ലർ, എന്നിവ വേണ്ടത്ര ലഭ്യമല്ല. കൃഷിയിൽ കൂട്ടായ്മ തീരെയില്ല. ഗ്രൂപ്പ്ഫാമിങ്ങ്, (റജിസ്റ്റർചെയ്ത 3 കമ്മിറ്റികൾ, നീറാട്ട്, തുറക്കൽ, കൊണ്ടോട്ടി–കൊളത്തുർ) പ്രവർത്തനക്ഷമമല്ല.

നെൽകൃഷി.

ഏകദേശം 200ൽ അധികം ഏക്കർ നെൽകൃഷിചെയ്യുന്നുണ്ട്. ഇതിൽ 130 ഏക്കറോളം ഒരു വിളയും 70 ഏക്കറോളം 2 വിളവുകളും എടുക്കുന്നു. നീറാട്. മുണ്ടപ്പലം, തുറക്കൽ എന്നിവിടങ്ങളിലും, കൊണ്ടോട്ടി, മണ്ണാരിൽ–നീറ്റാണിതോടിന്റെ ഇരിവശങ്ങളിലുമാണ് നെൽപാടങ്ങളുള്ളത്. വെള്ളക്കെട്ട് പ്രദേശങ്ങളിൽ കൂട്ടുമുണ്ട, കുട്ടാടൻ, വെള്ളരി, കുമ്പളം എന്നിവയും അല്ലാത്തപ്രദേശങ്ങളിൽ ജ്യോതി, ഐശ്വര്യ, ചുവന്നതൃവേണി എന്നിവയും കൃഷിചെയ്യുന്നു. മഴയെ ആശ്രയിച്ചുള്ള കൃഷിയാണ്. ഏകദേശം 20 മേനി വിളയുന്നു. തോടിന്ന് ,സൈഡ് കെട്ടില്ലാത്തതിനാൽ കണ്ടിപൊട്ടി വിളനാശം സംഭവിക്കുന്നു.

തെങ്ങ്

ഏകദേശം 2000 ഏക്കർ സ്ഥലത്ത് കൃഷിചെയ്യുന്നു. മൊത്തം 2558 തെങ്ങ് കൃഷിക്കാരുണ്ട്.

വിസ്തീർണ്ണം	കൃഷിക്കാരുടെ എണ്ണം.
25 സെന്റ് മുതൽ 50 സെന്റ് വരെ	785
50 സെന്റ് മുതൽ 1 ഏക്കർ വരെ	805
1 ഏക്കർ മുതൽ 2 ഏക്കർ വരെ	605
21/2 ഏക്കർ മുതൽ 5 ഏക്കർ വരെ	228
5 ഏക്കർ മുതൽ മുകളിൽ	135
	2558

(അവലംബം കൃഷിഭവൻകണക്ക്)

ഇത്രയും സ്ഥലത്ത് നിന്ന് ഏകദേശം 56 ലക്ഷംനാളികേരം കിട്ടുന്നു. ഉല്പാദനക്ഷമത 40 നാളികേരമാണ്. പരമ്പരാഗത കൃഷി രീതിയാണ് നടത്തി കൊണ്ടിരിക്കുന്നത്. ജല സേചനം നടത്തുന്ന പതിവില്ല. മറ്റ് പരിചരണങ്ങളും കുറവാണ്. നിലവിലുള്ള കേരസംരക്ഷണ സമിതി പ്രവർത്തനക്ഷമമല്ല.

കവുങ്ങ്.

അധികവും തെങ്ങുകൾക്കിടയിലാണ് കൃഷിചെയ്യുന്നത്. ഏകദേശം 100 ഏക്കർ സ്ഥലത്ത് കവുങ്ങ് കൃഷിയുണ്ട്. പ്രത്യകം തോട്ടങ്ങളായി കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ പരിചരണം നടത്തുന്നണ്ട്.

വാഴ :- ഏകദേശം 115 ഏക്കർ സ്ഥലത്ത് നേന്ത്രവാഴ കൃഷിയുണ്ട്. കൂടുതലും രാസവളപ്രയോഗമാണ്. വാഴക്ക് വരുന്ന കുമ്പ് രോഗമാണ് കൃഷിക്കാരെ ബുദ്ധിമുട്ടിക്കുന്നത്. പ്രകൃതി ക്ഷോഭത്തിന്നിരയാകുന്ന ഒരു കൃഷിയാണ് വാഴ.

കപ്പ:-ഏകദേശം 35 ഏക്കർ സ്ഥലത്ത് മാത്രമേ കൃഷി ചെയ്യുന്നുള്ളു. പ്രത്യകപരിചരണമില്ല.

പച്ചക്കറി :-

നീറാട്, മുണ്ടപ്പാലം, നീറ്റാണി, കൊളത്തൂർ മാതം കുത്ത് പള്ളിയാളി, തുടങ്ങിയ പാടപ്രദേശങ്ങളിൽ ഏകദേശം 8 ഏക്കർ സ്ഥലത്ത് കൃഷിചെയ്യുന്നു. നെല്ലിന്റെ 2-ാം. വിളവെടപ്പിന് ശേഷം പാടത്താണ് കൃഷി. രാസവളം, കീടനാശിനി എന്നിവ അമിതമായി ഉപയോഗിക്കുന്നു. പറമ്പുകളിൽ പച്ചക്കറി കൃഷിവിരളമാണ്.

കശുമാവ്:- ചേപ്പിലികുന്നിന്റെ കിഴക്ക്ഭാഗത്ത് ഏകദേശം 3 ഏക്കർ സ്ഥലത്ത് മാത്രമേ കശുമാവ് കൃഷി ചെയ്യുന്നുള്ളു. ഇതിന്ന് പുറമെ അനേകം വീട്ടുവളപ്പുകളിലും ഈ കൃഷിയുണ്ട്.

ഭൂവിനിയോഗം	വിസ്തീർണ്ണം	കൂലിവ്യവസ്ഥകൾ
നെല്ല് ഒന്നാംവിള	130 ഏക്കർ	ഉഴവ് 170 ക
നെല്ല് 2-ാം വിള	70 ഏക്കർ	കിളക്കൻ 100ക
തെങ്ങ്.	2000 "	ഞാറുനടൽ 50 ക
കവുങ്ങ്	100 "	കളപറി 40 ക
വാഴ	115 "	കൊയ്ത്,മെതി, 8 ൽ ഒരു പദം
മരച്ചീനി	35 "	കൊയ്ത്ത് 50 ക
പച്ചക്കറി	8 "	മെതി 50 ക
കശുമാവ്	3 "	കറ്റകെട്ടൽ 125 ക.
മൊത്തം	2461	

പൊതുകുളങ്ങൾ

1. തേവർകുളം മുണ്ടപ്പലം
2. ചെന്മലശ്ശേരികുളം എയർപോർട്ട് റോഡ്
3. കണ്ടം പള്ളിയാളി കുളം
4. നീറാട്ട് കുളം .

പ്രധാനപ്രശ്നങ്ങൾ

1. ജലസേചന സൌകര്യങ്ങളുടെ കുറവ്.
2. തൊഴിലാളികളുടെ ദൗർലഭ്യവും കൂലികൂടുതലും
3. സ്വന്തമായി കൃഷി ചെയ്യുന്ന രീതിയിൽ നിന്നുള്ള പിൻ മാറ്റം
4. കൃഷിക്കാരുടെ കൂട്ടായ്മയില്ലായ്മ
5. നിലവിലുള്ള കാർഷികവികസനപദ്ധതികൾ നടപ്പാക്കുന്ന വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനങ്ങളുടെ പോരായ്മ
6. വെള്ളക്കെട്ട് മൂലമുണ്ടാകുന്ന കൃഷിനാശം.
7. കാർഷികയന്ത്രോപകരണങ്ങളുടെ ലഭ്യതയിൽ വരുന്ന കുറവ്.
8. മഴ ക്കാലത്ത് കണ്ടി പൊട്ടി വിളനാശം സംഭവിക്കൽ.
9. കാർഷികോല്പന്നങ്ങൾക്ക് സ്ഥിരമായ വില കിട്ടാത്ത അവസ്ഥ.
10. കാർഷികോൽപ്പന്നങ്ങൾക്ക് വിപണന സൗകര്യങ്ങളില്ല.
11. നടീൽ വസ്തുക്കൾ യഥാസമയങ്ങളിൽ ലഭ്യമല്ല.
12. നെൽപാടങ്ങൾ കരഭൂമിയാക്കി മാറ്റി കൊണ്ടിരിക്കുന്നു.
13. രാസവളത്തിന്റെ വിലക്കയറ്റം ജൈവവളങ്ങളുടെ ലഭ്യതയിലുള്ളകുറവ്
14. വിളകൾ ഇൻഷൂർ ചെയ്യുന്നതിന്റെ ആവശ്യകത

ബോദ്ധ്യപ്പെടാതിരിക്കൽ.

15. കൃഷിയിലാകെ മുതൽമുടക്കാത്തതിനാൽ വരുന്ന പരിചരണ കുറവ്.

16. പാടശേഖരകമ്മറ്റികളും കേരസമിതികളും പ്രവർത്തനക്ഷമമല്ല.

17. കൃഷിഭവനിൽനിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവും യഥാസമയം കിട്ടുന്നില്ല.

18. കീടനാശിനിപ്രയോഗമില്ലാതെ കൃഷി സംരക്ഷണം സാദ്ധ്യമല്ലെന്നുള്ള ധാരണ.

19. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള വള പ്രയോഗമില്ലായ്മ.

പരിഹാരനിർദ്ദേശങ്ങൾ

1. മണ്ണാരിൽ – നീറ്റാണി തോട്ടിൽ നിലവിലുള്ള 4 ചിറകളും നന്നാക്കുക.

2. എയർപോർട്ട് റോഡിന് താഴെ പുതുതായി ഒരു ചിറ കെട്ടുക.

3. ഈ തോടിന്റെ സൈഡ് കെട്ടില്ലാത്തിടത്ത് സൈഡ് കെട്ടുക.

4. നീർകെട്ട് ഒഴിവാക്കി വെള്ളസൗകര്യം വർദ്ധിപ്പിക്കാൻ 17 ലെ ചിറ മുതൽ താഴെഭാഗത്തേക്ക് ഒരു കനാൽ നിർമ്മിക്കുക.

5. 8–ാം വാർഡ് അതിർത്തിയിൽക്കൂടി പുളിക്കൽ പഞ്ചായത്തിലേക്ക് ഒഴുകി പോകുന്ന ഭാഗത്ത് തോടിന്റെ വീതികൂട്ടി നീർകെട്ട് ഒഴിവാക്കുക.

6. തോട്ടിൽ കൂടി പാഴ്വസ്തുക്കൾ ഒഴുക്കിവിടുന്നത് തടയുക.

7. മുണ്ടപ്പലം – തുറക്കൽ വഴി ഒഴുകുന്ന തോടിന്ന് വീതികൂട്ടി സൈഡ്കെട്ടിമുണ്ടപ്പലം പള്ളിയാളിയിൽ ഒരു തടയണ നിർമ്മിക്കുക.

8. 1–ാം വാർഡ് അതിർത്തിയിൽ ചീക്കോട് പഞ്ചായത്തിൽ നിലവിലുള്ള കൂളിയോട്ട് ചോല അണക്കെട്ട് ആഴവും, വീതിയും കൂട്ടി പുതുക്കി പണിയുക.

9. കൂളിയോട്ട് ചോല ഒഴുകിയെത്തുന്ന അരയങ്ങാട്ട് എന്ന സ്ഥലത്ത് തോടിന്ന് ,സൈഡ് കെട്ടുക.

10. നീറാട് കുളം, കണ്ടം പള്ളിയാളികുളം, പഞ്ചായത്ത് കിണർ കൊളമ്പിൽ മുക്കിലെ കിണർ എന്നിവ നന്നാക്കി പമ്പ് സൈറ്റ് സ്ഥാപിക്കുക.

11. പ്രധാനവിളയായ തെങ്ങ്, കവുങ്ങ് എന്നിവ നനക്കാൻ എല്ലാവാർഡുകളിലും ആവശ്യമായ സ്ഥലത്ത് വയൽക്കര കളിൽ കുളങ്ങൾ നിർമ്മിച്ച് പമ്പുസെറ്റ്, ടാങ്കുകൾ എന്നിവ സ്ഥാപിക്കുക.

12. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കാൻ പാടങ്ങളിൽ ആവശ്യമായ സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുക.കരപ്രദേശങ്ങളിൽ കിണർ കുത്തി പമ്പ്സെറ്റ്, ടാങ്കുകൾ എന്നിവ സ്ഥാപിക്കുക.

13. നിലവിലുള്ള പാടശേഖരകമ്മറ്റി, കേരസംരക്ഷണ സമിതി എന്നിവ പ്രവർത്തനക്ഷമമാക്കുക.

14. നടീൽ വസ്തുകൾ തദ്ദേശീയമായി ഉല്പാദിപിച്ച് വിതരണം നടത്തുക.

15. പഞ്ചായത്തിനെ പശ്ചിമഘട്ട പദ്ധതിയിലും നീർമറി വികസന പദ്ധതിയിലും ഉൾപ്പെടുത്തുക.

16. സ്ത്രീകളുടെ ജോലി അസരങ്ങൾ സൃഷ്ടിക്കാൻ നൂതന കൃഷികളായ കൂറ്റിമുല്ല , കുൺകൃഷി, പട്ട് നൂൽ പുഴുവളർത്തൽ, ഓർക്കിഡ്, ആന്തൂറിയം, തീറ്റപ്പുല്ല്. എന്നീ കൃഷികൾ തുടങ്ങി വിപണന സൗകര്യം ഉണ്ടാക്കുക.

17. കാർഷികോൽപ്പനങ്ങൾക്ക് മാർക്കറ്റിങ്ങ് ഉണ്ടാക്കുക.

18. നാളികേരം എണ്ണകുരുവായി പ്രഖ്യാപിക്കുക.

19. വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

20 നെൽ പാടം നികത്തുന്നത് കർശനമായിനിയമം മുഖേന തടയുക.

21 ഏർപോർട്ട് റോഡൽനിന്ന് വയലിലേക്ക് ട്രാക്ടർ ഇറക്കാനുള്ള റാംബുകൾ നിർമ്മിക്കുക.

വാഴക്കാട്ട് റോട്ടിൽ മുണ്ടപ്പലം വയൽ പ്രദേശത്തും, കോഴിക്കോട്ട് റോട്ടിൽ തുറക്കൽ വയൽ പ്രദേശത്തും റാംബുകൾ നിർമ്മിക്കുക.

22. നിലവിലുള്ള പൊതുകുളങ്ങൾ ജലസേചന യോഗ്യമാക്കുക.

2. മൃഗസംരക്ഷണം, മത്സ്യബന്ധനം

(അവലംബം : ലൈവ് സ്റ്റോക്ക് സെൻസസ്, സാമൂഹ്യ സാമ്പത്തിക സർവെ) കാർഷിക ഗ്രാമ മായിരുന്ന കൊണ്ടോട്ടിയിൽ കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലി വളർത്തൽ. ഉഴവുമാടുകൾ എന്ന നിലയിലും വണ്ടി വലിക്കുന്നതിനും, പാലുല്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവളങ്ങളുടെ മുഖ്യ സ്രോതസും കന്നുകാലികളായിരുന്നു. കാലിവളർത്തൽ മുഖ്യ തൊഴിലാക്കിയ നിരവധി കുടുംബങ്ങൾ കൊണ്ടോട്ടിയിൽ ഉണ്ടായിരുന്നു.

കാലികളെ കയറൂരി വിട്ട് മേക്കുന്ന പതിവാണ് പണ്ട് കാലത്ത് ഉണ്ടായിരുന്നത്. ഇന്നത്തെപ്പോലെ വേലികളൊ മതിലുകളൊ അന്ന് ഉണ്ടായിരുന്നില്ല. അതിനാൽ വിശാലമായ വയലിൽ നൂറുകണക്കിന് കാലികളെ മേയ്ക്കുന്നതിന് വിഷമ മുണ്ടായിരുന്നില്ല. ഇന്നത്തെ വിമാന താവളം സ്ഥിതിചെയ്യുന്ന കണ്ണം കൊട്ടുപ്പാറ എന്ന പ്രദേശം കാലികർഷകരുടെ ആശ്രയ കേന്ദ്രമായിരുന്നു. സ്വന്തം കാലികളെ വളർത്താൻ മറ്റുള്ളവരെ ഏല്പിക്കുന്ന രീതിയും അന്ന് ഉണ്ടായിരുന്നു.

ഇതനുസരിച്ച് വളർത്താൻ ഏറ്റെടുക്കുന്ന പശുവിന്റെ ആദ്യ പ്രസവത്തിലെ കുട്ടി വളർത്തുകാരന്റേതാവും. രണ്ടാം പ്രസവം നടന്നാൽ ഉടനെ പശുവിനെയും കുട്ടിയെയും ഉടമയെ ഏല്പിച്ചുകൊള്ളണം.

പാടങ്ങൾ നികത്തി അതിൽ കെട്ടിടം പണി വ്യാപകമായതോടെ കാലികളെ മേയ്ക്കാൻ ഒട്ടേറെ പ്രയാസങ്ങൾ നേരിട്ടു.

കൊണ്ടോട്ടി പട്ടണത്തിലേക്ക് ചരക്ക് ഗതാഗതത്തിന് ഉപയോഗിച്ചിരുന്ന കാളവണ്ടികൾ അടുത്ത കാലത്താണ്. നാമാവശേഷമായത്. നെടിയിരുപ്പ് പഞ്ചായത്ത് ആഫീസ് സ്ഥിതി ചെയ്തിരുന്ന കുറുപ്പത്ത് കാളവണ്ടിക്കാരുടെ വിശ്രമ കേന്ദ്രം കൂടിആയിരുന്നു. കൊണ്ടോട്ടി നിവാസികൾ തന്നെ 25 ഓളം കാളവണ്ടികളുടെ ഉടമകളായിരുന്നു എന്നത് ഈ അവസരത്തിൽ അതിൽ സ്മരണീയമാണ്. പുലാശ്ശേരി കുട്ട്യാമു എന്ന വണ്ടിക്കാരൻ കാളവണ്ടിക്കാരിൽ പ്രധാനിയായിരുന്നു.

പശു, ഏരുമ, കാള, ആട് എന്നിവയാണ് കൊണ്ടോട്ടിയിൽ വളർത്തിവരുന്ന പ്രധാനവളർത്തു മൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം കോഴികളും.

പഞ്ചായത്തിൽ മൃഗാശുപത്രി സ്ഥിതി ചെയ്യുന്നത് മുണ്ടപ്പലത്താണ്. ഇതിന്റെ സൗകര്യങ്ങൾ മറ്റു ഭാഗങ്ങളിലേക്ക് വേണ്ടത്ര ലഭിക്കുന്നില്ല.

കാലികളിൽ സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ അകിട് വീക്കം, കുളമ്പ് രോഗം എന്നിവയാണ്. രോഗപ്രതിരോതധനടപടികളെ സംബന്ധിച്ച് കാലികർഷകരിൽ നിലനില്ക്കുന്ന അറിവില്ലായ്മ രോഗങ്ങൾ ആരംഭത്തിൽതന്നെ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സം നില്ക്കുന്നു.

കൃഷിക്ക് ആവശ്യമായ ജൈവവളത്തിന്റെ വലിയ ഒരു ഭാഗം കാലിവളർത്തലിലൂടെ കണ്ടെത്താൻ കഴിയുമെങ്കിലും പൊതുവിൽ കൃഷി (പ്രത്യേകിച്ച് നെൽ കൃഷി) ലാഭകരമല്ലാതായതോടെ കാലിവളർത്തലിനും മാന്ദ്യം സംഭവിച്ചു.

പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലകൂടുതൽ

2. പുല്ല് , വൈക്കോൽ എന്നിവയുടെ ലഭ്യതകുറവ്.

3 കന്നുകാലികളെ വളർത്തലിന് സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം.

4. മേച്ചിൽ പ്രദേശത്തിന്റെ അഭാവം.

5 കോഴിവസന്തരോഗം തടയാൻ ഫലപ്രദമായ സംവിധാനമില്ലാത്തതിനാൽ കോഴിവളർത്തൽ നിരുൽസാഹപ്പെടുത്തുന്നു.

6 കോഴിത്തീറ്റ ചെറിയ വിലക്ക് ലഭ്യമല്ലാത്തതിനാൽ മുട്ടകോഴികളെ ലാഭകരമായി വളർത്താൻ കഴിയുന്നില്ല.

7 പേപ്പട്ടി ശല്യം ഉണ്ടാവുന്നു.

നിർദ്ദേശങ്ങൾ

1 ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

2 കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ഉറപ്പ് വരുത്തുക.

3 മൃഗാശുപത്രിയിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക.

4 കന്നുകാലികൾക്ക് പ്രതിരോധകുത്തിവെയ്പ്പ് മരുന്നുകൾ ഉറപ്പു വരുത്തുക.

5 മൃഗസംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ജനങ്ങളെ ബോധവാൻമാരാക്കുക.

6. നല്ലയിനം കോഴികുഞ്ഞുങ്ങളെ പഞ്ചായത്ത് തലത്തിൽ ഉൽപാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക.

7. അറവ് മാടുകളുടെ ഗുണ നിലവാരം ഉറപ്പ് വരുത്തുക.

8. SPCA ആക്ട്പ്രകാരം മൃഗങ്ങളുടെ സംരക്ഷണം ഉറപ്പ് വരുത്തുക.

9 ആധുനിക രീതിയിലുള്ള അറവുശാലകളും വില്പന കേന്ദ്രവും സ്ഥാപിക്കുക.

10 അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന കന്നുകാലികളെ പിടിച്ച് കെട്ടാൻ സംവിധാനമേർപ്പെടുത്തുക.

11 മാതൃക തൊഴുത്തുകൾ സ്ഥാപിക്കുക.

12. പശുക്കളെ വാങ്ങാൻ പലിശ രഹിത വായ്പകൾ അനുവതിക്കുക

12

വളർത്തു മൃഗങ്ങളും പക്ഷികളും പട്ടിക

കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത്

വളർത്തു മൃഗങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ.

കാള-നാടൻ		കാള-സങ്കരം		പശു-നാടൻ		പശു-സങ്കരം		ഏരുമ		പോത്ത്	ആട്	പട്ടി	ആന
വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
15	250	4	30	150	250	200	175	20	15	100	1000	100	ഇല്ല

കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

വളർത്തുപക്ഷി സംഖ്യ

വാർഡ്നമ്പർ	പൂവൻകോഴി	പിടകോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
	2000	4000	4000	100	250	200
അവലംബം കന്നുകാലിസർവ്വേ - 1995-96						

പേവിഷബാധ - പ്രതിരോധവും ചികിത്സയും.

ക്രമ നമ്പർ	വിവരം	പശു	ഏരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
1	പ്രതിരോധ കുത്തിവെപ്പ് നൽകിയവരുടെ എണ്ണം	105	4		40		4246
2	കുടിയേറ്റതിനുശേഷം കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം	-	1	-	-	-	-
അവലംബം : സെക്കന്റിഡാറ്റ വർഷം 1994-95							

കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

ക്രമ നമ്പർ	വളർത്തു മൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ലധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ.
1	പശു	550	439	1
2	ഏരുമ	17	14	
	ആകെ	567	453	1
അവലംബം :സെക്കന്റിഡാറ്റ 1994-95				

മൊത്തം ശേഖരിക്കുന്ന പാൽ ലിറ്റർ	പഞ്ചായത്തിൽതന്നെ വിൽക്കുന്നത് ലിറ്റർ	പുറത്തേക്ക് അയക്കുന്നത് ലിറ്റർ
115 - 100 ലിറ്റൾ	115 -100ലി	ഇല്ല.

ഈ പഞ്ചായത്തിൽ പരമ്പരാഗത മത്സ്യബന്ധനം നടക്കുന്നില്ല. ശാസ്ത്രിയമൽസ്യകൃഷി സംബന്ധിച്ച സങ്കേതിക ഉപദേശങ്ങൾ ലഭിക്കുകയാണെങ്കിൽ ചെറിയ കുളങ്ങളിൽ മത്സ്യകൃഷി നടത്തുവാൻ താൽപ്പര്യമുള്ള വർ പഞ്ചായത്തിൽ ഉണ്ട്.

2-ാം വാർഡിലെ പാറക്കുഴി (ക്വാറി), വീര കുളത്തെ താഴെ വലിയ കുളം, മേലെ ചെറിയകുളം, 3-ാം വാർഡിലെ കുളത്തിൽ,എന്നിവയും 7-ാം വാർഡിലെ പഞ്ചായത്ത് കുളവും മറ്റു നാല്സ്വകാര്യ കുളങ്ങളും 10-ാം വാർഡിലെ ചമ്പ്രകുളവും ശാസ്ത്രിയമൽസ്യ കൃഷിക്കു അനുയോജ്യമായ കുളങ്ങളാണ്.

മേൽപറഞ്ഞകുളങ്ങളിൽ വളർത്താൻ പറ്റിയ മത്സ്യ കുഞ്ഞുങ്ങളും മറ്റുസങ്കേതിക സഹായങ്ങളും ലഭിക്കുകയാണെങ്കിൽ അതുമായിബന്ധപ്പെട്ട് ഒട്ടനവധി പ്പേർക്ക് തൊഴിൽ സാദ്ധ്യതവളർത്തിയെടുക്കാൻ സാധിക്കും.


ഇതുപോലെ മറ്റുവാർഡുകളിലും മീൻ വളർത്താൻ സൗകര്യപ്രദമായ സ്ഥലങ്ങൾ ഉണ്ട്.

മത്സ്യങ്ങൾക്ക് ഒരുതരം രോഗം കാണുന്നതിന്ന് പരി ഹാരംകാണണം.

പഞ്ചായത്തിന്റെ ഒരോവാർഡുകളിലും മൽസ്യം വിൽപ്പനക്കാവശ്യമായ ഉപകേന്ദ്രങ്ങൾ ഏർപ്പെടു ത്തണം.

ഇരുപത് സെന്റിൽ കൂടുതൽ വിസ്തീർണ്ണംമുള്ള സ്ഥലങ്ങളിൽ പുതുതായി കുളം നിർമ്മിച്ച മൽസ്യ കൃഷിനടത്താൻ തയ്യാറുള്ളവർക്ക് ഫിഷറീസ് വകുപ്പു ലോണും സബ്സിഡിയും ലഭ്യമാക്കി ക്കൊടുക്കുക.

ശാസ്ത്രീയ മത്സ്യകൃഷിയിൽ പരിശീലനം വേണ്ട വർക്ക് ഫിഷറീസ് വകുപ്പുമുഖേന സ്റ്റൈപ്പന്റോടുകൂടി യ പരിശീലനം നൽകുക.



3. വിദ്യാഭ്യാസം

പുരാതന കാലം തൊട്ടേ ഏറെ പ്രശസ്തമായ ഒരു പ്രദേശമാണ് കൊണ്ടോട്ടി. സമ്പന്നമായ ചരിത്ര പൈതൃകം അവകാശപ്പെടാവുന്ന കൊണ്ടോട്ടിയുടെ വിദ്യാഭ്യാസ രംഗം ഇന്ന് ഏറെ പരാധീനതകൾ നേരിടുന്നു.

ആധുനിക വിദ്യാഭ്യാസത്തോട് പുറം തിരിഞ്ഞു നിൽക്കുന്ന നിഷേധാത്മക നയമായിരുന്നു നമ്മുടെ നാട്ടുകാർ ആദ്യകാലങ്ങളിൽ സ്വീകരിച്ചു വന്നിരുന്നത്. തന്മൂലം ഇംഗ്ലീഷും ഭാഷ പഠിക്കുന്നതിനുള്ള സാഹചര്യം നമ്മുടെ പൂർവ്വികർക്ക് നഷ്ടപ്പെട്ടു. ഇക്കാലങ്ങളിൽ ആശയ വിനിമയത്തിനും വ്യവഹാരത്തിനും, അറബി മലയാളവും, മലയാളവുമാണ് ഉപയോഗിച്ചിരുന്നത്. കൂടാതെ മതപഠനത്തിനും മറ്റുമായി ദർസുകളും പള്ളികളും നിലവിലുണ്ടായിരുന്നു.

പരിഷ്കരണ വാദികളും, മതനേതാക്കളും ഭരണാധികാരികളും നടത്തിയ കൂട്ടായ ശ്രമഫലമായി ആധുനിക വിദ്യാഭ്യാസ പദ്ധതികൾക്ക് നമ്മുടെ ഇടയിൽ സ്വാധീനമുണ്ടായി. ഈ കൂട്ടായ്മയുടെ ഫലമായി 1880ൽ പുകലക്കോട്ട് ഒരു ഏകാധ്യാപക വിദ്യാലയം സ്ഥാപിച്ചു. ഇതാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമായ കാന്തക്കാട് ജി. എം. യു. പി. സ്കൂൾഡ. (കൊണ്ടോട്ടി GMUPS) ശ്രീ. പി. അബൂബക്കർ മാസ്റ്ററായിരുന്നു ഇവിടുത്തെ ഏകാധ്യാപകൻ. 1892ൽ മലപ്പുറം താലൂക്ക് ബോർഡിന്റെ അംഗീകാരം ലഭിച്ച ഈ സ്കൂളിന് 1900ൽ ഹോബ്ലിങ്ങ് സായിപ്പ് 5-ാം സ്റ്റാൻഡേർഡ് അനുവദിച്ചു. 1919ൽ ഇത് യു. പി. യായി ഉയർത്തി. മലബാർ ഡിസ്ട്രിക് ബോർഡിന്റെ പ്രവർത്തനവും ഇവിടെ ശ്രദ്ധേയമാണ്. 1957ൽ മേലങ്ങാടിയിൽ ഒരു ഹൈസ്കൂൾ കൂടി സ്ഥാപിതമായതോടെ നമ്മുടെ വിദ്യാഭ്യാസ രംഗം സജീവമായി.

ജനസംഖ്യ 21,913 ഉം, 1085.04 ഹെക്ടർ വിസ്തൃതിയുള്ള നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 14 വിദ്യാലയങ്ങളുണ്ട്. ഇവിടെ 6899 കുട്ടികൾ പഠിക്കുന്നു. ഇതിൽ 3454 ആൺകുട്ടികളും, 3445 പെൺകുട്ടികളുമാണുള്ളത്. പഞ്ചായത്തിൽ രണ്ട് ഹൈസ്കൂൾ ഉണ്ട്. ഒന്ന് സർക്കാർ മേഖലയിലും, മറ്റൊന്ന് എയിഡഡ് മേഖലയിലുമാണ്. യു. പി. സ്കൂളുകൾ രണ്ടും സർക്കാർ മേഖളയിൽ തന്നെ. 10 എൽ. പി. സ്കൂളുകളിൽ 5 എണ്ണം സർക്കാർ മേഖലയിലും 5 എണ്ണം എയിഡഡ് മേഖലയിലുമാമ്. ഈ സ്കൂളുകളിൽ എല്ലാം കൂടി 215 അദ്ധ്യാപകരുണ്ട്.

വിദ്യാല വിവരങ്ങൾ പട്ടിക Aയിലും ഭൗതിക സൗകര്യങ്ങൾ പട്ടികയിലും വിശദീകരിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ 16 അംഗൻ വാടികൾ ഉണ്ട്. കൂടാതെ മർക്കസ് സ്കൂൾ, മേലങ്ങാടി ബഥേൽ ഇംഗ്ലീഷ് സ്കൂൾ, തുറക്കൽ ഹിദായ ഇംഗ്ലീഷ് നഴ്സറി എന്നിവയും രണ്ട് പാറലൽ കോളേജുകൾ, ഒരു അറബി കോളേജ്, രണ്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയുണ്ട്. മൂന്ന് കമ്പ്യൂട്ടർ സെന്ററുകൾ സ്വകാര്യ മേഖലകളിലും ഒരു കമ്പ്യൂട്ടർ പരിശീലന കേന്ദ്രം സർക്കാർ മേഖലയിലും പ്രവർക്കുന്നു. കൂടാതെ മേലങ്ങാടിയിൽ ഗവൺമെന്റ് ടൈലറിംഗ് & ഗാർമെന്റ് മെയ്ക്കിംഗ് സെന്റർ എന്ന സ്ഥാപനവും. ഇവിടെ തന്നെ രണ്ട് സ്വകാര്യ ഇസ്ലാമിക് നഴ്സറികളും പ്രവർത്തിക്കുന്നു. ഇതിനു പുറമേ ധാരാളം ട്യൂഷൻ സെന്ററും കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിലുണ്ട്.

പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും നമ്മുടെ പഞ്ചായത്തിലെ സ്കൂളുകൾ അതീവ ശ്രദ്ധ പുലർത്തി വരുന്നുണ്ട്. ബാല; യുവകലോത്സവങ്ങൾ, കായിക വിനോദ മത്സരങ്ങൾ, ശാസ്ത്ര-ഗണിത മേളകൾ, പഠനായത്രകൾ തുടങ്ങിയ പ്രവർത്തനങ്ങളിലും നമ്മുടെ വിദ്യാഭരംഗം ഇപ്പോൾ ഏറെ കർമ്മനിരതമാണ്. കഴിഞ്ഞ 50 ന് വർഷകൊണ്ട് നാം ഈ രംഗത്തുണ്ടാക്കിയ നേട്ടങ്ങൾ നിസാരമില്ല.

1) പ്രീ-പ്രൈമറി:-

പഞ്ചായത്തിലുള്ള 16 അംഗൻവാടികൾ ഉണ്ടെങ്കിലും, നീറാട്, ചേപിലിക്കുന്ന്. ചെമ്മലപ്പറമ്പ് എന്നീ മൂന്ന് അംഗൻവാടികൾക്ക് മാത്രമേ സ്വന്തം കെട്ടിടങ്ങൾ ഉള്ളു. അവക്ക് ചുറ്റുമതിൽ പൊതു വഴി തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളും നിലവിലില്ല. ശേഷിച്ച 13 അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടമില്ല.

പാണ്ടിക്കാട്, പഴയങ്ങാടി, മലയിൽ തൊടി കൈപ്രം കുന്നത്ത്, ചോലക്കാട്ട് പുറായി, തൈത്തോട്ടം നയാബസാർ, കുറ്റിക്കാടിൽ, മാതം കുഴി, മേലങ്ങാടി ഹൈസ്കൂൾ മുക്ക്, നാലാം വാർഡിലെ തേക്കിൻതോട്ടം എന്നിവടങ്ങളിൽ അംഗനവാടികൾ ഇല്ലാത്തത് പ്രധാന പ്രശ്നമാണ്.

പൊതു വിദ്യാഭ്യാസ ശ്രേണിയിൽ എയ്ഡഡ്, സർക്കാർ സ്കൂളുകളുടെ പ്രശ്നങ്ങൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

3. യു. പി. വിഭാഗം:

നമ്മുടെ പഞ്ചായത്തിന്റെ രണ്ട്. യു. പി. സ്കൂളുകൾ മാത്രമാണുള്ളത്. 1101 കുട്ടികൾ പഠിക്കുന്ന കൊണ്ടോട്ടി ഗന UPS ഗേൾസ് ഹൈസ്ക്കൂളാക്കി ഉയർത്തണമെന്നാവശ്യം ശക്തിയായിട്ടുണ്ട്.

4 ഹൈസ്കൂൾ

2289 കുട്ടികൾ പഠിക്കുന്ന നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയ വിദ്യാലമായ Govt.V.H.S.Sൽ ഇപ്പോഴും യു.പി.ക്ലാസ് സെഷണൽ സമ്പ്രദായത്തിലാണ് പ്രവർത്തിക്കുന്നത്. ഇതവസാനിപ്പിക്കാൻ പുതിയ കെട്ടിടവും, ഫർണിച്ചറകളും വേണം. E.M.EA HS 805 കുട്ടി

കൾ ചെമ്പലപറമ്പിൽ പ്രവർത്തക്കുന്ന ഈ സ്കൂളിലേക്ക്, വൈദ്യുതി കണകഷൻ ലഭിച്ചിട്ടില്ല.

5. ഉന്നത വിദ്യഭ്യാസമേഖല

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെ നമ്മുടെ പഞ്ചായത്തിലില്ല. പോളിടെക്നിക്ക് കോളേജ് ടീച്ചേഴ്ട്രൈനിംഗസെന്റർ. പാരാമെഡിക്കൽസെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെ അഭാവം പ്രധാന പ്രശ്നമാണ്.

6. പൊതുവായ പ്രശ്നങ്ങൾ

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറഞ്ഞു വരുന്നത് നാം ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. S.S.L.C വിജയശതമാനം നമ്മുടെ പഞ്ചായത്തിൽ സംസ്ഥാന ശരാശരിയേക്കാൾ താഴന്നതാണ് വിജയ ശതമാനം ഓരോ വർഷവും കുറഞ്ഞ് വരുന്നു.

S.S.L.C വിജയശതമാനം

GOVT: V.H.S. KONDOTTY

92-93	93-94	94-95	95-96
12.5%	19%	11.8%	13.9%

E.M.E.A.W.S. KONDOTTY

92-93	93-94	94-95	95-96
46. 39%	43-47%	39.83%	34.18%

കുട്ടികളുടെ കൊഴിഞ്ഞ് പോകും വിദ്യഭ്യാസമേഖല നേരിടുന്ന പൊതുപ്രശ്നങ്ങളിൽ പ്രധാനമാണ്.

പഞ്ചായത്തിലെ വിദ്യാലയങ്ങൾ.

NO	NAME OF THE SCHOOL.		
1.	G. V. H. S. KONDOTTY	-	GOVT.
2.	E. M. E. A. HIGH SCHOOL THURAKKAL	-	AIDED
3.	G. M. U. P. S. KONDOTTY	-	GOVT
4.	G. U. P. SCHOOL NEERADU	-	GOVT
5.	G. M. L. P. S. KONDOTTY	-	GOVT
6.	G. M. L. P. S CHUNGAM	-	GOVT
7.	G. M. L. P. S. KOLATHOOR	-	GOVT
8.	G. M. L. P. S. KANCHiRAPARAMEY	-	GOVT
9.	G. M. L. P. S. MELANGADI	-	GOVT
10.	A. M. L. P. S. NADUTHODIKA	-	AIDED
11.	A. M. L. P. S. ALUNGAL	-	AIDED
12.	A. M. L. P. S. MULLAPALLY	-	AIDED
13.	A. M. L. P. S. KOLATHOOR	-	AIDED
14.	A. M. L. P. S. NEERAD	-	AIDED

അവലംബം – സെക്കന്റെറി ഡാറ്റ.

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണ്ണം	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലാബറട്ടറി	ലൈബ്രറി പുസ്തങ്ങളുടെ	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കുളി സ്ഥലം	കിണർ
1	GVHS കൊണ്ടോട്ടി	5 ഏക്ര	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	താല് കലിക ഷെഡ്	ഉണ്ട്	ഉണ്ട്	ഉണ്ട്
2	EMEA ഹൈസക്കൂൾ -തുറക്കൽ	3 ഏക്ര	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
3	G.U.P. സ്ക്കൂൾ നിറാട്	2 ഏക്ര	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
4	G.M.U.P. സ്ക്കൂൾ കൊണ്ടോട്ടി	2 ഏക്ര	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
5	G.M.L.P. സ്ക്കൂൾ കൊണ്ടോട്ടി	35 സെ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
6	G.M.L.P. സ്ക്കൂൾ കൊണ്ടോട്ടി ചുങ്കം	8 സെ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
7	G.L.P. സ്ക്കൂൾ കൊളത്തൂർ	-	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
8	G.L.P. സ്ക്കൂൾ കാഞ്ഞിരപ്പറമ്പ്	75 സെ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
9	G.L.P. സ്ക്കൂൾ മേലങ്ങാടി	1ഏക്ര	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
10	A.L.P. സ്ക്കൂൾ നടുക്കാത്തടിക	50 സെ	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
11	A.M.L.P. സ്ക്കൂൾ ആലുങ്ങൽ	10 സെ	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
12	A.M.L.P. സ്ക്കൂൾ മുല്ലപ്പള്ളി	1.5ഏക്ര്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
13	A.M.L.P. സ്ക്കൂൾ കൊളത്തൂർ	1ഏക്ര	ഉണ്ട്	_	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
14	A.M.L.P. സ്ക്കൂൾ നിറാട്	70 സെ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല

അവലംബം - സെക്കന്റെറി ഡാറ്റ.

ക്രമ നമ്പർ	സ്കൂളിന്റെ പേര്	എയ്ഡഡ് / ഗവ	കുട്ടികളുടെ എണ്ണം						അദ്ധ്യാപകരുടെ എണ്ണം		
						1996 - 1997 M	E	Total	M	F	T
1	GVHS കൊണ്ടോട്ടി	ഗവ :				1137	1152	2289	46	34	80
2	EMEA ഹൈസക്കൂൾ കൊണ്ടോട്ടി	എയ്ഡഡ്				385	420	805			24
3	G.U.P. സ്ക്കൂൾ നിറാട്	ഗവ :				109	90	199	4	1	5
4	G.M.U.P. സ്ക്കൂൾ കൊണ്ടോട്ടി	ഗവ :				545	556	1101			26
5	G.M.L.P. സ്ക്കൂൾ കൊണ്ടോട്ടി	ഗവ :				86	81	167	1	4	5
6	G.M.L.P. സ്ക്കൂൾ കൊണ്ടോട്ടി ചുങ്കം	ഗവ :				79	75	154			5
7	G.M.L.P. സ്ക്കൂൾ കൊളത്തൂർ	ഗവ :				122	114	236	3	4	7
8	G.L.P. സ്ക്കൂൾ കാഞ്ഞിരപ്പറമ്പ്	ഗവ :				187	186	373	4	7	11
9	G.L.P. സ്ക്കൂൾ മേലങ്ങാടി	ഗവ :				291	240	531			15
10	A.L.P. സ്ക്കൂൾ നടുത്തൊടിക	എയ്ഡഡ്				38	53	91			5
11	A.M.L.P. സ്ക്കൂൾ ആലുങ്ങൽ	എയ്ഡഡ്				112	125	237			3
12	A.M.L.P. സ്ക്കൂൾ മുല്ലങ്ങാള്ളി	എയ്ഡഡ്				86	104	190	4	4	8
13	A.M.L.P. സ്ക്കൂൾ കൊളത്തൂർ	എയ്ഡഡ്				91	80	171	2	4	6
14	A.M.L.P. സ്ക്കൂൾ നിറാട്	എയ്ഡഡ്				211	221	432			14

▲ പഞ്ചായത്തിലെ 13 അംഗനവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും വേണം. മണ്ണാർ അംഗനവാടിക്ക് സ്ഥലമുണ്ട്. നീറാട് അംഗനവാടിക്ക് അവശ്യമായ സ്ഥലത്തിന്റെ പകുതി നാട്ടുകാർ സംഭാവനയായി നൽകും.

▲ പാണ്ടിക്കാട് പഴങ്ങാടി മലയിൽ തൊടി, കൈപ്രം കുന്നത്, ചോലക്കാട്ട് പുറായി, തൈതോട്ടം, നയാബസാർ കുറ്റിക്കാട്ടിൽ, മാതംകുഴി മേലങ്ങാടി ഹൈസ്കൂൾമുക്ക്, 4-ാം വാർഡിലെ തേക്കും തോട്ടം എന്നിവിടങ്ങളിൽ പുതിയ അംഗനവാടികൾ അനുവദിക്കണം

▲ കൊളത്തൂർ ജി.എൽ.പി.സ്കൂളിന് ഗവ. അനുവദിച്ച സ്ഥലത്ത് 1995ൽ പസാക്കിയ 14 ലക്ഷം രൂപ ഉപയോഗിച്ച് സ്വന്തമായി കെട്ടിടം നിർമിക്കുക.

▲ നടുതൊടിക എ.എം.എൽ. പി സ്കൂൾ അടിയന്തിരമായി സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം ഉയർന്ന വന്നിടുണ്ട്.

▲ ചുങ്കം GMLPS ൽ സ്വന്തം കെട്ടിടം വേണം.

▲ GMLPS കൊണ്ടോട്ടി എ.എം.എൽ.പിഎസ് എന്നിവക്ക് കളിസ്ഥലം പ്രാഥമിക സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുക.

▲ കാഞ്ഞീരപറമ്പ് GMLPS ന്റ ഓലഷെഡ് മാറ്റി പകരം പുതിയ കെട്ടിടം പണിയണം.

▲ GLPS മുല്ലപ്പള്ളി GMLPS കൊളുത്തൂർ എന്നിവ യു.പി യായി അപ്പർഗ്രേഡ് ചെയ്യണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

▲ കൊണ്ടോട്ടി GMUP ഗേൾസ് ഹൈസ്കൂളാക്കി ഉയർത്തണം.

▲ നിറാട് യു.പി.സ്കൂൾ.ഹൈസ്കൂൾളാക്കി അപ്പർഗ്രേഡ് ചെയ്യുക

▲ കൊണ്ടോട്ടി ഗവർൺമെന്റ് ഹൈസ്കൂളിന്റെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി യു.പി.സെഷൻ വേർപെടുത്തി മേലങ്ങാടി LP സ്കൂളുമായി കൂട്ടി ചേർക്കണം.

▲ E.M.E.A സ്കൂളിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കണം. സ്കൂൾ കെട്ടിടം വൈദ്യുതീകരിക്കണം

▲ പോളിടെക്നിക്ക് ടി.ടി.സി, ആർട്സ് & സയൻസ് കോളേജ്, പാരമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, എന്നീ ഉന്നത വിദ്യഭ്യാസ സ്ഥാപങ്ങൾ അനുവദിക്കുക.


വിദ്യാഭ്യാസ ഗുണ നിലവാരം മെച്ചപ്പെടുത്താൻ ആവശ്യമായ നിർദേശങ്ങൾ.

a) നിലവിലുള്ള അധ്യാപന രീതിയിലും അധ്യാപക വിദ്യാർത്ഥി അനുപാത ത്തിലും ഗുണപരമായ മാർഗ്ഗം ഉണ്ടാവുക.സ്കൂൾ കൊംപ്ലസ് പ്രവർതനം സജീവമക്കുക

b) കലാലയങ്ങള്ളിൽ ആവശ്യമായ അധ്യാപകരും ഭൗതിക സൗകര്യങ്ങളും ഏർപ്പെടുത്തണം.

c) പി.ടി.എകൾ സജീവമാക്കുക

e)വിദ്യാഭ്യാസ ഗുണ നിലവാരം മെച്ചപ്പെടുത്താൻ രക്ഷിതാക്കളുടെ ഭാഗത്തുനിന്നും രചനാത്മകമായ നിർദ്ദേശങ്ങളും പിന്തുണയും ഉണ്ടാവണം.



4. കുടിവെള്ളം. പൊതുജനാരോഗ്യം

പഞ്ചായത്തിലെ ജനങ്ങളുടെ കുടി വെള്ളപ്രശ്നം ഇന്നും പരിഹരിക്കപ്പെടാത്ത ഒരു ന്യൂനതയായി മുഴച്ചു നിൽക്കുന്നു. കുടിവെള്ളപ്രശ്നം ഈ കാലഘട്ടത്തിൽ രാജ്യത്ത് നടപ്പാക്കിയ ഭൂപരിഷ്കരണ നിയമം സമതലത്തിൽ അധിവസിച്ചിരുന്ന കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം പ്രശ്നം സങ്കീർണ്ണമാക്കിത്തീർത്തു. ഫല ഭൂയിഷ്ടമായ സമതലങ്ങളിൽ താമസിച്ചിരുന്ന പല കുടികിടപ്പുകാരും പ്രസ്തുതസ്ഥലം സ്ഥലഉടമയുടെ സമ്മർദത്തെ അതിജീവിക്കാൻ കഴിയാതെ മാറിക്കൊടുക്കേണ്ടതായ അവസ്ഥ സംജാതമായി. തൻ മൂലം ഈ വീഭാഗത്തിൽപ്പെട്ടവരും അതിനോടനുബന്ധിച്ച് മറ്റുള്ളവരും ഉയർന്ന പ്രദേശങ്ങളിൽ താമസിക്കാൻ തുടങ്ങി. ഈ പരിതസ്ഥിതി ഇവിടെയുള്ള കുടിവെള്ളത്തിന്റെ പ്രശ്നം രൂക്ഷമാക്കുകയാണുണ്ടായത്.

കൊണ്ടോട്ടി ടൗണിനെ മാത്രം കേന്ദ്രീകരിച്ചു കൊണ്ടു ഒരു വാട്ടർ സപ്ലൈ സ്കീം 1960 മുതൽ ഇവിടെ പി.എച്ച്.ഇ.ഡിയുടെ കീഴിൽ നടപ്പാക്കിയിരുന്നുവെങ്കിലും ആയത് ടൗണിലെ ബന്ധപ്പെട്ടവർക്കുപോലും ഉപകാരപ്രദമായിരുന്നില്ല.തുടർന്നു ഈ മേഖലയിൽ ദീർഘകാലത്തെനിർ ജീവാവസ്ഥയാണു ഉണ്ടായത്. എങ്കിലും 1983 മുതൽ സർക്കാരിന്റെ കീഴിൽ നാമമാത്രമായ വിധത്തിൽ മത്രമേ കുടിവെള്ളപ്രശ്നം പരിഹാരിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനം നടന്നിട്ടുള്ളു.ഈ കാലഘട്ടത്തിൽ സ്ഥാപിച്ച വാട്ടർ ടാങ്കുകളും അസ്ഥാനത്തായതുകാരണം ജനോപകാര പ്രദമായി ഇതിനെ പ്രയോജനപ്പെടുത്താൻ അന്നു കഴിഞ്ഞിട്ടില്ല. തുടർന്നു വന്ന ഡാനിഡ വാട്ടർസപ്ലൈസ്കീം ഈ പ്രശ്നത്തിന്നു പരിഹാരം കാണാൻ ഏറെക്കുറെ ശ്രമിച്ചിട്ടുണ്ട് ഈ പദ്ധതിക്ക് സാമാന്യമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട് എന്നത് പ്രസ്താവ്യമാണ്. എന്നിരുന്നാലും മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് പൂർണ്ണമായും മറ്റുള്ളവർക്ക് ഭാഗികമായും പ്രശ്നം നില്കുന്നു എന്നത് സാത്യമാണ്. കൊണ്ടോട്ടി പഞ്ചായത്തിൽ മുഖ്യമായും മഴവെള്ളത്തെ ആശ്രയിച്ചാണു ഇവിടുത്തെ ജനങ്ങൾ ജീവിക്കുന്നത് ആകെയുള്ള ജനസംഖ്യ 24002,ഉം വീടുകളുടെ എണ്ണം 3429ഉം ആകുന്നു CHC 1085.04 ഹെക്ടർ ഭൂ വീസ്ഥാരമുള്ള ഒരു ചെറിയ പഞ്ചായത്താണു കൊണ്ടോട്ടി ഈ പഞ്ചായത്തിന്റ അയൽ പ്രദേശങ്ങളിൽ നിന്നും ബിസിനസ്സാവശ്യർത്ഥവും മറ്റുമായി ആയിരക്കണക്കിനു ജനങ്ങളിൽ ദിനം പ്രതി കൊണ്ടാട്ടിയുമായി ബന്ധപ്പെടുന്നു കരിപ്പൂർ വിമാനത്താവളം കൊണ്ടോട്ടിയുടെ സമീപമായതിനാൽ ആയിരക്കണക്കിനാളുകൾ വേറെയും ഇവിടെ എത്തിചേരുന്നു. ഇതെല്ലാം ജലക്ഷാമത്തിന്റെ രൂക്ഷത ഇവിടെ വർധിപ്പിക്കുന്നു.

പഞ്ചായത്തിലെ മൊത്തം ജനങ്ങളിൽ ഭൂരിഭാഗത്തിനും സ്വന്തമായി കിണറുകളുണ്ടെങ്കിലും വേനൽക്കാലത്ത് വറ്റിപ്പോകുന്നവയാണ് കൂടുതലും. കടുത്ത വേനൽ കാലത്ത് ഉദാരമതിയായ ഒരു വ്യക്തിയുടെ കാരുണ്യം കൊണ്ട് കൂടുതൽ കുടിവെള്ളം ക്ഷാമമുള്ള പ്രദേശങ്ങളിൽ ലോറിയിൽ വെള്ളമെത്തിക്കുന്നത് അല്പം ആശ്വാസത്തിന് വക നൽകുന്നുണ്ട്. വേനൽ കാലത്ത് ജനങ്ങൾ പഞ്ചായത്തിലെ വെള്ളം കിട്ടുന്ന മറ്റുപ്രദേശങ്ങളിലേക്കോ മറ്റു പഞ്ചായത്തുകളിലേക്കോ മാറിതാമസിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി 15Km. അകലെ ചാലിയാറിൽ നിന്നുമാണ് വെള്ളം കൊണ്ടുവരുന്നത്. വെള്ളം ലഭ്യമാകുന്ന സ്ഥലങ്ങളിൽ തന്നെ പരിസരം മലീനീകരണം കാരണം വെള്ളം ഉപയോഗിക്കാൻ കഴിയാതെ വരുന്നു. (ഉദാ: തൈത്തോടം, കൊണ്ടോട്ടി ടൗൺ) ഈ കാര്യങ്ങളെല്ലാം നമ്മുടെ പഞ്ചായ.ത്തിലെ കുടിവെള്ളത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നു. കുടി വെള്ള ക്ഷാമം അനുഭവിക്കുന്ന മേഖലകൾ വാർഡ് തിരിച്ച് പട്ടിക ഒന്നിൽ ചേർതിരിക്കുന്നു.

കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

പരിഹാരമാർഗ്ഗങ്ങൾ

1ാം വാർഡ്. ഉള്ളാട്ട് പൊറായി, നെല്ലിക്കുന്ന്, കുട്ടൻകാവ്, കുട്ടശ്ശേരി, IPP സെന്റർ, വട്ടപറമ്പ്, കാളകണ്ടി, പാറമ്മൽ, നീലനാം കുഴി

പരിഹാരം: ചേപ്പിലിക്കുന്നിൽ പടിഞ്ഞാറെ കോളനിയിൽ ഒരു ടാങ്ക് നിർമ്മിച്ച് 1ാം വാർഡിലെ തന്നെ ഈന്തും കുഴിയിൽ ഒരു കിണറും കൊണ്ടോട്ടി 17 ലെ കിണർ നന്നാക്കി അതിൽ നിന്നും ഇതേ ടാങ്കിലേക്ക് വെള്ള മെത്തിക്കാവുന്നതും, 7ാം വാർഡിലെ തെക്കെചാലിൽ ഒരു കിണർ കുഴിച്ച് ഇതേ ടാങ്കിലേക്ക് വെള്ള മെത്തിക്കാവുന്നതാണ്. ഇതിൽ നിന്നും കിട്ടുന്ന വെളളം വാർഡിലെ മുഴുവൻ ഭാഗങ്ങളിലേക്കും മറ്റു വാർഡുകളിലേക്കും വെള്ള മെത്തിക്കാവുന്നതാണ്.

2ാം വാർഡ്-പ്രശ്നങ്ങൽ: ചോലക്കൽ പുറായ, അമ്പലക്കണ്ടി ഭാഗം, പുത്തരിക്കൽ ചെമ്പ്രൻ കുന്ന ഭാഗം, പാപ്പാട് അമരക്കാട്, ലക്ഷം വീട് വീരകുളം വാണിയം തൊടിഭാഗം, കോറി പ്രദേശം, വറമ്പാട്ട് അമ്പലകണ്ടി പനയം പറമ്പ്, ചെമ്മലപ്പറമ്പ്, നൂഞ്ഞല്ലൂർ, ടി.ബി.റോഡ്, നാരങ്ങ പുറയ, എന്നിവിടങ്ങളിൽ കുടി വെള്ള ക്ഷാമം അനുഭവപ്പെടുന്നു.

പരിഹാര മാർഗ്ഗങ്ങൾ: തുറക്കൽ പനയം പറമ്പിൽ ഒരു ടാങ് കെട്ടി തുറക്കൽ പള്ളിക്ക് സമീപം വയലിൽ കിണർ കുഴിച്ച് അതിൽ നിന്ന് വെള്ളം ടാങ്കിലെക്ക് എത്തിക്കുന്നതോടൊപ്പം അവിടത്തെ കുഴൽ കിണറുകൾ നന്നാക്കി ഉപയോഗപ്രദമാക്കേണ്ടതുമാണ്.

3ാം വാർഡ്-പ്രശ്നങ്ങൾ:- പള്ളിപറമ്പ്, പി.സി.സി

പിൻഭാഗം, ആശുപത്രി ഏരിയ, കൊണ്ടശ്ശൻ പറമ്പ് ഭാഗം, മടപ്പോവിങ്ങൽ, ചേപ്പിലക്കുന്ന്, മലയിൽതൊടി, കുഴിക്കലക്കണ്ടി കുന്നത്ത്, ചേപ്പിലക്കുന്ന് കിഴക്ക്, ബ്ലോക്ക് ഏരിയ, കൂനതടായ, വടക്കേകുളം ബ്ലോക്കോ ഫീസ് ഗവ: ആശുപത്രി എന്നിവിടങ്ങളിൽ കുടി വെള്ള ക്ഷാമം അനുഭവിക്കുന്നു .

പരിഹാരം: കൊണ്ടോട്ടി 17 ലെ കിണറിൽ നിന്നു ചേപ്പിലിക്കുന്നിലെ ടാങ്കിലേക്ക് വെള്ളം എത്തിച്ചാൽ ഈ പ്രദേശത്തെ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്

4ാം വാർഡ് പ്രശ്നങ്ങൾ

ചേപ്പിലിക്കുന്ന്:- ഹരിജൻ കോളനി, വട്ടപ്പറമ്പ്, കുന്നുമൽ, തേക്കും തോട്ടം, എടക്കോട് ഭാഗം എന്നിപ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവിക്കുന്നു.

പരിഹാരം: 1ാം വാർഡിലും 3ാം വാർഡിലും സൂചിപ്പിച്ച 17-ലെ കിണറിൽ നിന്ന് ഈന്തുംകുഴി കിണർ, തെക്കെ ചാലിൽ കിണർ, എന്നിവയിൽ നിന്നും ചേപ്പിലികുന്നിലെക്ക് ടാങ്കിലേക്ക് വെള്ളമെത്തിച്ചാൽ IVാം വാർഡിൽ മുഴുവൻ വെള്ളമെത്തിക്കാവുന്നതാണ്. ഇവിടെ 4 പൊതു ടാപ്പുകൾ കൂടി അനുവദിച്ചാൽ ഇവിടത്തെ കുടിവെള്ള പ്രശ്നം പൂർണ്ണമായി തീർക്കാവുന്നതാണ്.

5ാം വാർഡ് പ്രശ്നങ്ങൾ

പറമ്പാട്ട്,ഹെൽത്ത് സെന്റർ ഏരിയ, കൈപ്രംകുന്ന്, കാത്തീര പറമ്പ്, കുന്നത്ത്, നയാബസാർ, കൊല്ലന്റെ കണ്ടി, കാരാട്ടികുഴി, കോട്ടപറമ്പ്, മാതം കുത്ത്, നമ്പോലം കുന്ന്, തച്ചത്ത് പറമ്പ എന്നിവിടങ്ങളിലാണ് ശുദ്ധ ജലക്ഷാമം അനുഭവപ്പെടുന്നത്

പരിഹാരം: ആലക്കോട് പള്ളിയാളിയിൽ ഒരു കുളം കുഴിച്ച് കോട്ടപ്പറമ്പ് ഉയർന്നഭാഗത്ത് ടാങ്ക് കെട്ടി അതിലേക്ക് വെള്ളമെത്തിക്കാവുന്നതും തയ്യിലെ കുളം പരിസരത്ത് ഒരു കിണർ കുഴിച്ച് ഇതെ ടാങ്കിലെക്ക് വെള്ളം എത്തിക്കാവുന്നതുമാണ് ഇത് കൊണ്ട് V-IX വാർഡുകളിലും VIIIാം വാർഡിന്റെ കോട്ടപ്പറമ്പ് ഭാഗത്തും വെളളം എത്തിക്കാവുന്നതാണ്

6ാം വാർഡ് പ്രശ്നങ്ങൾ:

മേലങ്ങാടി, മണ്ണാറിൽ, ചെരിച്ചങ്ങാടി, പുത്തൻമാളിക, മൈലാടിക്കോളനിഭാഗം എന്നിവിടങ്ങളിലാണ് ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നത്

പരിഹാരം:അത്തിക്കുണ്ട് ഭാഗത്ത് കിണർ കുഴിച്ച് മൈലാടി ഹരിജൻ കോളനി ഭാഗത്ത് ടാങ്ക് കെട്ടി വെള്ളം ഇതിലേക്ക് എത്തിച്ചാൽ ഇവിടെയുള്ള കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്. കൂടാതെ IXാം വാർഡിന്റെ മൈലാടി മേപ്പറമ്പ് ഭാഗത്തേക്ക് കൂടി ഈ ടാങ്കിൽ നിന്ന് വെള്ളം എത്തിക്കാവുന്നതാണ്.

7 ാം വാർഡ്-പ്രശ്നങ്ങൾ

പാറമ്മൽ, ചെവിടംകുന്ന്, ചോലക്കാട്, പൊറായ വട്ടപറമ്പ് ഭാഗം, പാണ്ടിക്കാട്, കളത്തിങ്ങൽ കണ്ടി, തെക്കെ ചാലിൽ, മേലെമുക്ക് ഹരിജൻ കോളനി, പാമ്പൂര്യം പാറ എന്നിവിടങ്ങളിലാണ് ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നത്.

പരിഹാരം: I, III,IV, വാർഡുകളിലെ കുടിവെള്ള ക്ഷാമത്തിന് ചൂണ്ടികാണിച്ച പരിഹാരമാർഗ്ഗം തന്നെ VIIാം വാർഡിലെക്കും ഉപയോഗിക്കാവുന്നതാണ്. തെക്കെ ചാലിലെ കിണർ VIIIാം വാർഡിലാണ് സ്ഥതിചെയ്യുന്നത്.

8 ാം വാർഡ്-പ്രശ്നങ്ങൾ

ചരക്കണ്ടം, ലാക്കലക്കണ്ടി, കോഴിപറമ്പ്, കോട്ടപ്പറമ്പ് കുറ്റികാട് ഭാഗം, ചെമ്മണിക്കംപാറ, അമാഞ്ചേരി, വട്ടപ്പറമ്പ്, കൊടമ്പാട്ട് കുഴി, കുളത്തൂർ ഭാഗം എന്നിവിടങ്ങളിൽ കുടിവെള്ളം ക്ഷാമം അനുഭവപ്പെടുന്നു.

പരിഹാരമാർഗ്ഗൾ

9-ാം വാർഡിലെ ഹൈസ്ക്കൂൾ ഭാഗത്ത് 5,9 വാർഡുകളിലെ ഏതാനും ഭാഗങ്ങളിലേക്ക് നിർമ്മിച്ച ടാങ്കിൽ നിന്നും 8-ാം വാർഡിന്റെ ഒരു ഭാഗത്ത് (കോട്ടപ്പറമ്പ്) വെള്ളമെത്തിക്കാവുന്നതാണ്. ശേഷിച്ച ഭാഗത്ത് കപ്പേടക്കാട്ടിൽ ഉപയോഗ ശൂന്യമായ കിടക്കുന്ന കുഴൽകിണർ ഉപയോഗ പ്രദമാക്കിയാൽ ഇവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

9 ാം വാർഡ്-പ്രശ്നങ്ങൾ

കോട്ടപറമ്പ്, പുളിയംചാലി, കോണിക്കൂട്, തയ്യിൽ, കുമ്മാളിക്കണ്ടി, മേലങ്ങാടി ചന്ത, മേപ്പറമ്പ്, മൈലാടി ഹരിജൻ കോളനി, തൈത്തോട്ടം, മാതം കുഴി എന്നിവിടങ്ങളിലാണ് ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നത്.

പരിഹാരം: മുകളിൽ പറഞ്ഞ കോട്ടപ്പറമ്പിലെ ടാങ്കിൽ നിന്നും മൈലാടിയിലെ ടാങ്കിൽ നിന്നും IXാം വാർഡിന്റെ മുഴുവൻ ഭാഗങ്ങളിലേക്കും കുടിവെള്ളം എത്തിക്കാവുന്നതാണ്. കൂടാതെ തയ്യിൽ ഭാഗത്തുള്ള കുഴൽ കിണർ ഉപകാര പ്രദമാക്കി ഇവിടെയുള്ള കുടിവെള്ള പ്രശ്നം പൂർണ്ണമായും പരിഹരിക്കാവുന്നതാണ്

10 ാം വാർഡ്-പ്രശ്നങ്ങൾ

പനയം പറമ്പ്, കൊളപ്പള്ളി, നെച്ചികുറ്റിക്കൽ, മുല്ലപള്ളി മേത്തൽ വീടുഭാഗം, കുന്നത്ത് കൊടിമരം ഭാഗം, കക്കട്ടാറ പഴിനായിൽ ഭാഗം എന്നിവിടങ്ങളിലാണ് ശുദ്ധ ജലക്ഷാമം അനുഭവപ്പെടുന്നത്.

പരിഹാരം: തിരുത്തിയാട്ടു കുളം വൃത്തിയാക്കി പനയം പറമ്പിലെ ടാങ്കിലേക്ക് വെള്ളം എത്തിച്ചാൽ ഇവിടുത്തെ

പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമാവുന്നതാണ്.

മറ്റു പരിഹാരങ്ങൾ: ഒന്നാം ഘട്ട പരാജയം കണക്കിലെടുത്ത് LIC സഹായത്തോടു കൂടി നടപ്പിലാക്കാൻ പോകുന്ന ചീക്കോട് (ചാലിയാർ) രണ്ടാം ഘട്ട പദ്ധതിയിൽ കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തുക.

2. നിലവിലുള്ള പൊതു കുളങ്ങളും കിണറുകളും അടിയന്തിരമായി റിപ്പേർ ചെയ്ത് ഉപയോഗ്യമാക്കി മാറ്റുക.

3. തൈത്തോട്ടം ഭാഗത്തെ മലിനജലം നീക്കി. ഇവർക്ക് എത്രയും പെട്ടന്ന് ശുദ്ധ ജലം എത്തിക്കുക.

4. കൊണ്ടോട്ടി ടൗണിൽ നിന്നും അപ്രത്യക്ഷമായ പൊതു ടാപ്പുകൾ യഥാസ്ഥനത്ത് ഉടൻ പുനഃസ്ഥാപിക്കുക.

5. കൊണ്ടോട്ടി തോട്ടിലെ അണക്കെട്ടുകളെല്ലാം നന്നാക്കി വെള്ളം കെട്ടിനിർത്തി പരിസര പ്രദേശങ്ങളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

ആരോഗ്യം – പരിസര ശുചീകരണം

ജനസാന്ദ്രത താരതമ്യേന കൂടിയ ഒരു പഞ്ചായത്തെന്ന നിലയിൽ ആരോഗ്യ-പരിസര രംഗങ്ങളിൽ ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്.

1958വരെ പൊതുജനാരോഗ്യത്തിനാവശ്യമായ സംവിധാനങ്ങളൊന്നും ഇവിടെ ഉണ്ടായിരുന്നില്ല. ആതുര സേവനം ഗവൺമെന്റ് തലത്തിൽ ലഭിക്കുന്നതിന് മഞ്ചേരിയോ കോഴിക്കോട്ടോ പോകേണ്ട അവസ്ഥയാണ് ഇവിടെ ഉണ്ടായിരുന്നത്. നാട്ടുവൈദ്യന്മാരെ കേന്ദ്രീകരിച്ചായിരുന്നു രോഗചികിത്സ പ്രധാനമായും നടന്നിരുന്നത്.

1958 ൽ ഇവിടെ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥാപിതമായി. കൊണ്ടോട്ടി ബ്ലോക്കിലെ മുഴുവൻ ജനങ്ങൾക്കും പ്രാഥമിക ചികിത്സക്കുവേണ്ടി ആശ്രയിക്കാൻ ഈ സ്ഥാപനം മാത്രമാണ് ഉണ്ടായിരുന്നത്. ആരംഭ കാലം മുതൽക്കുതന്നെ ദിനം പ്രതി നൂറുകണക്കിൽ രോഗികൾ ഇവിടെ എത്തിയിരുന്നു എന്നു രേഖകൾ ചൂണ്ടിക്കാട്ടുന്നു. ഒന്നോ രണ്ടോ ഡോക്ടർമാരും പരിമിതമായ സ്റ്റാഫുമാണ് ഇവിടെ ഉണ്ടായിരുന്നത്. ജനങ്ങളുടെ പ്രാഥമികമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഈ ആശുപത്രി പര്യാപ്തമല്ല. കാലക്രമേണ ആശുപത്രിയുടെ നിലയിലും അല്പം മാറ്റങ്ങളുണ്ടായി. കൊണ്ടോട്ടി PCC സൊസൈറ്റി ആശുപത്രിക്കാവശ്യമായ സ്ഥലം നൽകി. ആശുപത്രിക്ക് സ്വന്തമായി കെട്ടിടവും മറ്റു സൗകര്യങ്ങളും ഉണ്ടായി. 12 കിടക്കകളുള്ള ജനറൽ വാർഡും 12 കിടക്കകളുള്ള ടി.ബി.വാർഡും കൂടാതെ PPS വാർഡിൽ 3 ബെഡുകളുമുണ്ട്. ആശുപത്രിയുടെ പ്രവർത്തന മേഖല ആറു പഞ്ചായത്തുകളാക്കി ചുരുക്കിയിട്ടുണ്ടെങ്കിലും ഫലത്തിൽ നേരത്തെയുള്ള പോലെ തന്നെയാണ് അനുഭവം. തന്നെയുമല്ല പ്രൈമറി ഹെൽത്ത് സെന്റർ എന്നത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി മാറ്റിയിട്ടുണ്ടെങ്കിലും ഭൗതിക സൗകര്യങ്ങളിൽ കാര്യമായ മാറ്റമൊന്നും ഉണ്ടായിട്ടില്ല. ഇന്ന് നിലവിലുള്ള ആശുപത്രി കൊണ്ടോട്ടിയിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന് അപര്യാപ്തമാണ്. സ്വകാര്യ ആശുപത്രികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും അമിതമായ ചികിത്സാചിലവ് കാരണം ദരിദ്രജനവിഭാഗങ്ങളെ സ്വകാര്യരംഗത്തു നിന്നും അകറ്റി നിർത്തുന്നുണ്ട്. പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ സ്ഥിതി മെച്ചപ്പെടുന്നതിന്നു വളരെ വേറെ സൗകര്യങ്ങൾ ഈ രംഗത്തുവരേണ്ടതുണ്ട്.

പ്രശ്നങ്ങൾ

ഹൃദയ സംബന്ധമായ രോഗങ്ങൾ ബാല ടി.ബി. ക്ഷയരോഗം, വീൽസ്, ടൈഫോയ്ഡു കൂടാതെ മാരക രോഗമായ കേൻസർ, തുടങ്ങിയ രോഗങ്ങളും നാട്ടിൽ അധികരിച്ചു വരികയാണ് കൊണ്ടോട്ടിയുടെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ചു മേലങ്ങാടി ഭാഗത്ത് കേൻസർ രോഗം ബാധിച്ചു മരണങ്ങൾ ഉണ്ടായിട്ടുണ്ട്.

പരിമിതമായ ചികിത്സാസൗകര്യങ്ങൾ മാത്രമുള്ള ഇവിടുത്തെ ഗവ: ആശുപത്രി തീർത്തും അപര്യാപ്തമാണ്.

ഇന്ത്യൻ പോപ്പുലേഷൻ പ്രോജക്ടിന്റെ കീഴിലുള്ള സബ്സെന്ററുകൾക്ക് ഭൂരിഭാഗവും സ്വന്തം കെട്ടിടമില്ലാതെ വിഷമിക്കുന്നു ഉള്ള കെട്ടിടങ്ങൾ പലതും സൗകര്യപ്രദമായ സ്ഥലത്തല്ലാത്തതു കാരണം ജനങ്ങൾ ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നു.

നിലവിലുള്ള കമ്യൂണിറ്റി ഹെൽത്ത് സെന്ററിന്നു മതിയായ രീതിയിലുള്ള കെട്ടിട സൗകര്യങ്ങളില്ല. ആശുപത്രിക്കു സ്വന്തമായി വാട്ടർസപ്ലൈസ്കീം ഉണ്ടെങ്കിലും ആയതു പ്രവർത്തന ക്ഷമമല്ല. രോഗികൾക്ക് വിശ്രമിക്കാനുള്ള യാതൊരു വിധസൗകര്യവും ഇവിടെയില്ല.

പരിഹാരം– നിർദ്ദേശങ്ങൾ

1. കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആധുനിക ചികിത്സാ സൗകര്യം ഏർപ്പെടുത്തണം .

ഒരു ഏക്കറയും 60 സെന്റും സ്ഥലം സ്വന്തമായുള്ള ഈ ആശുപത്രി ചുരുങ്ങിയത് 100 ബെഡ്ഡുകളുള്ള ഒരു ഹെഡുക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തുക.

എക്റേ-പ്ലാന്റ്, സ്കാനിംഗ്, ഇ.സി.ജി. ഇ.ഇ.ജി വാർത്താവിനിമയ സൗകര്യം ഇന്റർകോം ഉൾപ്പെടെ ജനറേറ്റർ, ആമ്പുലൻസ്, സ്പെഷലിസ്റ്റുകൾ, ക്യാഷ്വാലിറ്റി, ലബോറട്ടറി, പേവാർഡ് ഒബ്സർവേഷൻ വാർഡ് ഓപ

റേഷൻ തിയേറ്റർ മെഡിക്കൽ ഷോപ്പ് ബ്ലഡ് ബാങ്ക്, കോൾഡു ചെയിൻ, മതിയായ ജീവനക്കാർ ഇത്രയും സൗകര്യം ഈ ആശുപത്രിയോടനുബന്ധിച്ചു കൊണ്ടു വരണം.

ആശുപത്രിയോടനുബന്ധിച്ചുള്ള TB ഡീൻ വാർഡ് ആധുനിക രീതിയിൽ പുനഃസംഘടിപ്പിക്കണം.

പഞ്ചായത്തിൽ നിലവിലുള്ള ഐ.പി.പി. സെന്ററുകൾക്കു പുറമെ 4,7,6 വാഡുകളിൽ കൂടി സബ്സെന്ററുകൾ സ്ഥാപിക്കുക. വൈദ്യുതി,കൂടി വെള്ളം ടെലഫോൺ തുടങ്ങിയ സൗകര്യങ്ങൾ ഈ സെന്ററുകളിൽ സ്ഥാപിക്കണം.

V ആയുർവേദം – ഹോമിയോപതി നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ 5,6,8,9 എന്നീവാഡുകളെ കേന്ദ്രീകരിച്ചു മേലങ്ങാടിയിൽ ഒരു ഹോമിയോപതി ഡിസ്പെസറി സ്ഥാപിക്കുക, 1,2,3,4,7,10 എന്നീ വാർഡുകളെ കേന്ദ്രീകരിച്ചു ഒരു ആയുർവേദ ആശുപത്രി കൊണ്ടോട്ടി പാണ്ടിക്കാടു സ്ഥാപിക്കുക.

നിലവിലുള്ള ബീഡിവർക്കേഴ്സു ഡിസ്പെൻസറിയുടെ ശോചനീയാവസ്ഥ പരിഹരിക്കണം.

ശുചീകരണം

പ്രശ്നങ്ങൾ

കൊണ്ടോട്ടിയിൽ വ്യാപാര സ്ഥാപനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് ഹോട്ടലുകളും, അനുബന്ധ സ്ഥാപനങ്ങളും മറ്റു കച്ചവട സ്ഥാപനങ്ങളും, സ്വകാര്യ ആശുപത്രികളും ഇക്കൂട്ടത്തിൽ വളർന്നുവരുന്നുണ്ട് ഈ സ്ഥാപനങ്ങളിൽ നിന്നും പുറത്തു വിടുന്ന മലിന ജലവും ചപ്പു ചവറുകളും സംസ്കരിക്കുവാൻ നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമല്ല

2. നിലവിലുള്ള ഡ്രെയിനേജുകൾ വളരെ പരിമിതമാണ് ജനസാന്ദ്രത വർദ്ധിച്ച തോതിലുള്ള പ്രദേശത്താണ് മത്സ്യ –മാംസ മാർക്കറ്റ് സ്ഥിതിചെയ്യുന്നത് ഇവിടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് ശുചീകരിക്കുന്നതിന് ഒരു മാർഗ്ഗവും നിലവിലില്ല.

3. കന്നുകാലികളെ അറക്കുന്നതിന് ആധുനിക രീതിയിൽ സൗകര്യങ്ങളുള്ള അറവു ശാലകൾ നിലവിലില്ല.

4. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ മിനി മത്സ്യ–മാംസ വിപണന കേന്ദ്രങ്ങൾ ഇല്ല.

പരിഹാര മാർഗ്ഗങ്ങൾ

1. നിലവിലുള്ള ടൗൺപ്ലാനിംഗ് നടത്തി ശുചീതകണം, മാലിന്യ സംസ്കരണം എന്നിവക്കാവിശ്യമായ പദ്ധതികൾ രൂപീകരിക്കണം.

2. സമഗ്രമായ ഒരു ഡ്രെയിംനേജ് സ്കീം നടപ്പിലാക്കുക

3. ശാസ്ത്രീയമായി സംവിധാനം ചെയ്ത അറവു ശാലയും മത്സ്യ മാംസ മാർക്കറ്റും നിർമ്മിക്കുക

4. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളായ നീറാട്, മുണ്ടപ്പാലം–തുറക്കൽ, കൊളത്തൂർ, നീറ്റാണി, നയാബസാർ എന്നിവിടങ്ങളിൽ മത്സ്യ–മാംസ വിൽപ്പനക്ക് മിനി മാർക്കറ്റുകൾ സ്ഥാപിക്കുക.

VII മാലിന്യങ്ങളും ചപ്പു ചവറുകളും നിക്ഷേപിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം പഞ്ചായത്ത് ഏർപ്പെടുത്തണം പഞ്ചായത്തിലെ പ്രധാന പൊതു സ്ഥലങ്ങളിൽ പൊതു കക്കൂസ് സ്ഥാപിക്കണം

6. പഞ്ചായത്തിന്റെ ചപ്പു ചവറുകൾ നീക്കം ചെയ്യാൻ വാഹനങ്ങൾ ഏർപ്പെടുത്തണം ഏയർപോർട്ടിൽ നിന്നും പുറത്തു വിടുന്ന മലിന വസ്തുക്കളിൽ നിന്നുള്ള കൊതുശല്യം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

7. ഹോട്ടലുകളിലും മറ്റും ഉപയോഗിക്കുന്ന വെള്ളവും ഭക്ഷണ പദാർത്ഥങ്ങളും ശുദ്ധമാണോ എന്ന് ഉറപ്പുവരുത്തുക

8. ശുചീകരണ രംഗത്ത് മതിയായ ബോധവൽക്കരണം നടത്തുക

കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡ് തിരിച്ച് സ്ഥിതി വിശേഷവും.

വാർഡ്	സ്ഥാപനങ്ങൾ		കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
	പൊതു സ്ഥാപനങ്ങൾ	സ്വകാര്യം			
I	IPP സെന്റർ ഉണ്ട്	ഇല്ല	വയറിളക്കം പനി	തീരെ തൃപ്തികരമല്ല മുഴുവൻ സമയം ഡോക്ടറുടെ സേവനം ആവശ്യത്തിന് കിട്ടുന്നില്ല.	മുഴുവൻ സമയവും ഡോക്ടറുടെ സേവനം ആവശ്യമാണ്. ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കണം ആശുപത്രി സംരക്ഷണ സമിതി രൂപീകരിക്കണം
II	II IPP സെന്റർ ഉണ്ട്	ഇല്ല		ഇടിഞ്ഞ് പൊളിഞ്ഞ് കിടക്കുന്ന ഈ സ്ഥാപനം ഉപയോഗയോഗ്യമല്ല.	ഇവിടെ മുഴുവൻ സമയ ഡോക്ടറെ നിയമിക്കണം ആവശ്യത്തിന്. മരുന്നുകൾ വേണം PHC യായി ഉയർത്തുക
III	CHC ഉണ്ട്	മേഴ്സി ആശുപത്രി മർമ്മ ചികിത്സാലയം MVS ആയുർവേദ ആശുപത്രി	കണ്ണ് രോഗം പനി ഉളുക്ക് ചതവ് വാത രോഗങ്ങൾ പകർച്ചവ്യാധികൾ	ആവശ്യത്തിന് ഡോക്ടർമാരില്ല. കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല ആധുനിക സൗകര്യങ്ങൾ ഇല്ല. എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തണം (CHC)	ആവശ്യത്തിന് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുക കിടത്തി ചികിത്സിക്കാനുള്ള സൗകര്യം വർദ്ധിപ്പിക്കുക അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുക. അത്യാവശ്യ മരുന്നുകൾ ഏർപ്പെടുത്തുക മുഴുവൻ സമയം ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക. ലാബുകൾ എക്സറേ രക്തബാങ്ക് ഓപ്പറേഷൻ തിയ്യേറ്റർ സ്കാനിങ്ങ് തുടങ്ങിയവ CHC യിൽ ഏർപ്പെടുത്തുക.
IV		റിലീഫ് ആശുപത്രി	കണ്ണ് രോഗം പനി	തിരക്ക് പിടിച്ച ആശുപത്രിയാണ് ആവശ്യത്തിന് സൗകര്യങ്ങളില്ല.	

കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡ് തിരിച്ച് സ്ഥിതി വിശേഷവും.

വാർഡ്	സ്ഥാപനങ്ങൾ		കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
	പൊതു സ്ഥാപനങ്ങൾ	സ്വകാര്യം			
V	IPP സെന്റർ ഉണ്ട്		ചൊറിച്ചിൽ പനി	ആവശ്യത്തിന് ഡോക്ടർമാരില്ല. മരുന്നുകൾ ആവശ്യത്തിന് ഇല്ല.	മുഴുവൻ സമയത്തും ഡോക്ടർമാരുടെ നഴ്സിന്റെയും സേവനം ആവശ്യമാണ്.
VI	ബീഡി വെൽഫെയർ ആശുപത്രി		തൊക്രോഗം വാത രോഗങ്ങൾ പനി. കണ്ണ് രോഗം മറ്റുള്ള രോഗങ്ങളും ഉണ്ട്	പ്രവർത്തനം തൃപ്തികരമല്ല. ആവശ്യത്തിന് വേണ്ട ഡോക്ടർമാർ ഇവിടെ ഇല്ല സ്വന്തം കെട്ടിടം ഇല്ല കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല. കാര്യമായ സൗകര്യങ്ങൾ ഒന്നും ഇവിടെ ഇല്ല.	ആവശ്യത്തിന് വേണ്ട സൗകര്യങ്ങളും സ്ഥിരം കെട്ടിടവും വേണം ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തണം വിദഗ്ധ ഡോക്ടർമാരെ നിയമിക്കണം. കിടത്തി ചികിത്സിക്കാൻ സൗകര്യം ഏർപ്പെടുത്തണം
VII			പനി തുടങ്ങിയ പകർച്ചവ്യാധികൾ	ഇവിടെ IPP സെന്റർ പോലും ഇല്ല.	ആയുർവേദ ആശുപത്രി സ്ഥാപിക്കണം. I.P.P സെന്റർ സ്ഥാപിക്കണം
VIII	IPPസെന്റർ		തൊക്ക് രോഗങ്ങൾ പനി വയറിളക്കം	ആവശ്യത്തിനു ഡോക്ടർമാർ ഇവിടെ എത്തുന്നില്ല. ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കണം.	ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കണം മരുന്ന് എത്തിക്കാൻ വേണ്ടതു ചെയ്യണം. ബോധവൽക്കരണം നടത്തണം.
IX			പനി വയറിളക്കം ചർദ്ദി മറ്റു രോഗങ്ങളും ഇവിടെയുണ്ട്	മേലങ്ങാടി കേന്ദ്രീകരിച്ച് അകയർ വേദ ഡിസ്പെൻഷറി സ്ഥാപിക്കുക	ബോധവൽക്കരണം നടത്തണം വാർഡിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സന്ദർശനം ഉറപ്പ് വരുത്തുക. മേലങ്ങാടി കേന്ദ്രീകരിച്ച് ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുക.
X		ഷാഫി മെഡിക്കൽസ്	പനി		

കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

S. No	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിത വർഷം	ജീവനക്കാരുടെ എണ്ണം
1	IPP സെന്റർ	I		1
2	IPP സെന്റർ	II		1
3	CHC കൊണ്ടോട്ടി	III	1958	36
4	.....			
5	IPP സെന്റർ	V	1983	1
6	ബീഡിത്തൊഴിലാളി ഡിസ്പെൻസറി	VI	1980	6
7	.....			
8	IPP സെന്റർ	VIII	1990	1
9		IX		
10		X		

അവലംബം : സെക്കന്ററിഡാറ്റ

കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത്

8-2 കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

കുട്ടികൾ	BCG	ഡി.പി.റ്റി				പോളിയോ				ഡി.റ്റി				മീസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയ്യസിൽ താഴെ	1772	1900	1759	1660	Nil	1943	1776	1720						1487
1-3 വയസ്	102	82	161	101	892	152	149	137	1247					115
3-6 വയസ്	NII									73	383			NII

ടെറ്റനസ് ടോക്സോയിഡ് (TT)

ഗർഭിണികൾ	1D	2D	BD
	1180	1208	

ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം	2602
ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികൾ ലഭിച്ച കുട്ടികളുടെ എണ്ണം	3051
വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം	1202
ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം	1044
വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം	188
അവലംബം: ICDS	

5. വ്യവസായം

26

കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിൽ പൊതുമേഖലയിലോ സഹകാര്യ മേഖലയിലോ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ല. ചെറുകിട മേഖലയിലുള്ള സഹകാര്യയൂണിറ്റുകൾ മാത്രമെയുള്ളൂ. നമ്മുടെ പഞ്ചായത്തിൽ വിവിധ മേഖലകളിലായി 3600 ഓളം പേർ ജോലിചെയ്യുന്നുണ്ട്. ഇത് ആകെ ജനസംഖ്യയുടെ 15% വരും ഇതിൽ വ്യവസായ തൊഴിലാളികൾ 1230 അതിൽ 40 പേർ മറ്റു പഞ്ചായത്തുകളിലെ വിവിധ വ്യവസായ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരാണ് പഞ്ചായത്തിനകത്ത് ജോലിചെയ്യുന്ന 1190 പേരിൽ 824 പുരുഷന്മാരും

നിലവിലുള്ള വ്യവസായസ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും

പട്ടിക 1

ക്രമ നമ്പർ	ഇനം	തൊഴിലാളികളുടെ എണ്ണം		ആകെ	ശതമാനം
		പു.	സ്ത്രീ		
1.	ചെറുകിട വ്യവസായങ്ങൾ	711	57	768	64.54
2.	പരമ്പരാഗത കുടിൽ വ്യവസായം	113	309	422	35.46
	ആകെ.	824	366	1190	100%
അവലംബം: സെക്കന്ററി ഡാറ്റാ ഗ്രാമ പഞ്ചായത്ത് രേഖ					

ചെറുകിട വ്യവസായ യൂണിറ്റുകൾ

പട്ടിക 2

ക്രമ നമ്പർ	വിഭാഗം	ആകെ വ്യവസായങ്ങൾ	തൊഴിലാളികളുടെ എണ്ണം		
			പു.	സ്ത്രീ	ആകെ
1.	അച്ചടി	7	14	26	40
2.	തടിവ്യവസായം	7	61	–	61
3	സോപ്പ് കമ്പനി	2	6	4	10
4	ഹോളൊബ്രിക്സ്	1	9	–	9
5	ഇഷ്ടിക നിർമ്മാണം	1	5	10	15
6	ജനറൽ എഞ്ചിനീയറിങ്ങ്	20	110	–	110
7	ചെരുപ്പ് നിർമ്മാണം	1	5	4	9
8	പൊടിമിൽ, ഓയൽമിൽ	11	11	–	11
9	സോഡ കമ്പനി	2	4	–	4
10	ആയുർ വേദമരുന്ന്	1	4	6	10
11	സ്വർണ്ണാഭരണ നിർമ്മാണം	69	437	–	437
12	കാർഷിക ഉപകരണ നിർമ്മാണം	5	15	–	15
13	റെഡിമെയ്ഡ് വസ്ത്രനിർമാണം	1	–	7	7
14	കൊപ്ര വ്യവസായം	15	30	–	30
	ആകെ	143	711	57	768

അവലംബം : ഗ്രാമസഭചർച്ച. സെക്കന്ററിഡാറ്റ

പട്ടിക 3

ക്രമ നമ്പർ	ഇനം	തൊഴിലാളികളുടെ എണ്ണം		ആകെ
		പു.	സ്ത്രീ	
1	ബീഡിനിർമ്മാണം	100	250	350
2	പപ്പട നിർമ്മാണം	10	50	60
3	കൊട്ട നെയ്ത്	3	4	7
4	പായ നെയ്ത്	–	5	5
	ആകെ	113	309	422

അവലംബം : ഗ്രാമസഭചേർച്ച. സെക്കന്ററിഡാറ്റ

366 സ്ത്രീകളുമാണ്.

ചെറുകിട മേഖല പ്രാഥമിക മേഖലകളിലെ നാളികേരം,തടി മുതലായവയെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. ഈ മേഖലയിൽ വ്യവസായങ്ങൾ കൂടി വരികയാണ്.

ഈ പഞ്ചായത്തിൽ ദൈനംദിനംകൂടിക്കൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ് സ്വർണ്ണാഭരണ നിർമ്മാണം. ചെറുകിടവ്യവസായങ്ങളിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലിചെയ്യുന്നത് ഈ മേഖലയിലാണ്. അതുപോലെതന്നെ ജനറൽ എഞ്ചിനീയറിങ്ങ് വ്യവസായവും വളരെയധികവും പുരോഗതി പ്രാപിച്ചുവരുന്നുണ്ട്.

പരമ്പരാഗത കുടിൽ വ്യവസായങ്ങളെല്ലാം തന്നെ തകർച്ചയെ നേരിട്ടുകൊണ്ടിരിയ്ക്കുന്നു. പുരാതന കാലം മുതൽ പരമ്പരാഗതമായി നിലനിന്നിരുന്ന ഒരു ചെറുകിട വ്യവസായമായിരുന്നു ബീഡിനിർമ്മാണം ഈ പ്രദേശത്തെ ഭൂരിഭാഗം ജനങ്ങളും ഈ തൊഴിൽ കൊണ്ട് ഉപജീവനം നടത്തുന്നവരായിരുന്നു. സ്വകാര്യ മേഖലയിൽ പല ബീഡികമ്പനികളും സഹകരണ മേഖലയിൽ ഒരു ബീഡികമ്പനിയും ഇവിടെ പ്രവർത്തിച്ചിരുന്നു. ഈ മേഖലയിലെ സേവന വേതനവ്യവസ്ഥകളുടെ കുറവും മൂലം ഈ വ്യവസായം തകർച്ചയെ നേരിടുന്നു. അതുകൊണ്ട്തന്നെ ഈ മേഖലയിൽ നിന്നും പല തൊഴിലാളികളും മറ്റു മേഖലകളിലേക്ക് നീങ്ങിക്കൊണ്ടിരിക്കയാണ്. ഇപ്പോൾ നാമമാത്രമായ ചില ബീഡികമ്പനികൾ മാത്രമെ നിലനില്ക്കുന്നുള്ളു. സഹകരണ മേഖലയിലുണ്ടായിരുന്ന കൈരളീ ബീഡികമ്പനി മാനേജ്മെന്റിന്റെ പിടിപ്പ് കേടു മൂലവും ഉല്പാദനത്തിനനുസരിച്ച് മാർക്കറ്റ് കണ്ടെത്തുവാനുള്ള പരാജയവും മൂലം വളരെ പെട്ടെന്ന് തന്നെ തകർന്നുപോയി.

കോഴിക്കോട് വിമാനതാവളത്തിന്റെ സാമീപ്യം പഞ്ചായത്തിന്റെ വ്യാവസായിക വികസനത്തിനും സാധ്യത വർദ്ധിപ്പിക്കുന്നു.

ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ നല്ലൊരു വിപണി ആയിട്ടും പ്രസ്തുത ഉല്പന്നങ്ങൾ ഉണ്ടാക്കിവില്ക്കുന്ന ഒരു വ്യവസായ യൂണിറ്റ് പോലും വളർന്നുവരാഞ്ഞത് ഗൗരവമായി പരിശോധിയ്ക്കപ്പെടേണ്ടതാണ്. ഈ പഞ്ചായത്തിനെ സംബന്ധിച്ച വ്യാവസായവളർച്ചക്ക് ആവശ്യമായിട്ടുള്ള അനുകൂലഘടകങ്ങളായ ഗതാഗതസൗകര്യം, വാർത്താവിനിമയ സൗകര്യങ്ങൾ, ഉയർന്ന ഉപഭോഗനിലവാരം, ആഡംബരജീവിതം നയിക്കുവാനുള്ള ജനങ്ങളുടെ തല്പരത എന്നിവയെല്ലാം ഉണ്ടെങ്കിലും വേണ്ട തോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ പ്രധാനമായ കാരണങ്ങൾ താഴെ പറയുന്നു.

1. വൈദ്യുതി ലഭിയ്ക്കുവാനുള്ള പ്രയാസം, വോൾട്ടേജ് കമ്മി

2. മുഖ്യ കാർഷികോല്പന്നമായ നാളികേരം വ്യവസായരംഗത്ത് പ്രയോജനപ്പെടുന്നില്ല.

3. പരമ്പരാഗത വ്യവസായങ്ങളിലുള്ള കൂലികുറവ്. പരിശീലനം ലഭിയ്ക്കാനുള്ള സാധ്യതകുറവ്.

4. പൊതുമേഖല, സഹകരണമേഖല എന്നീ മേഖലകളിലെ വ്യവസായങ്ങളുടെ അഭാവം.

5. സാങ്കേതിക പരിജ്ഞാനകുറവ്.

6. ധനസഹായം കിട്ടുവാനുള്ള സാങ്കേതികബുദ്ധിമുട്ട്.

7. വ്യവസായത്തിനാവശ്യമായ സ്ഥലം ലഭിയ്ക്കാനുള്ള ബുദ്ധിമുട്ട്.

8. വ്യവസായ മേഖലകളുമായിട്ടുള്ള സമ്പർക്കക്കുറവ്.

9. കുറഞ്ഞ കൂലിനിരക്ക്.

10 അസംസ്കൃത പദാർത്ഥങ്ങൾ വേണ്ടത്ര കിട്ടാനില്ല.

വിവിധമേഖലകളിലുള്ള ഇപ്പോഴുള്ളതും 5 വർഷം മുമ്പ് കിട്ടിയിരുന്നതുമായ കൂലി നിരക്കുകൾ പട്ടികയിൽ കൊടുത്തിരിയ്ക്കുന്നു.

പട്ടിക 4

ക്രമ നമ്പർ	ഇനം	1986 - 1991		1991 - 1996	
		പു. Rs	സ്ത്രീ Rs	പു. Rs	സ്ത്രീ Rs
1	അച്ചടി	40	25	65	40
2	തടിവ്യവസായം	75	–	125	–
3	സോപ്പ് കമ്പനി	35	20	60	35
4	ഹോളോബ്രിക്സ്	70	–	100	–
5	ഇഷ്ടിക നിർമ്മാണം	60	30	80	50
6	ജനറൽ എഞ്ചിനീയറിങ്ങ്	60	–	80	–
7	ചെരുപ്പു നിർമ്മാണം	40	20	60	30
8	പൊടിമിൽ, ഓയൽമിൽ	40	–	70	–
9	സോഡാകമ്പനി	30	–	50	–
10	ആയുർവേദമരുന്ന്	40	25	60	35
11	സ്വർണ്ണാഭരണ നിർമ്മാണം	90	–	125	–
12	കാർഷികഉപകരണ നിർമ്മാണം	50	–	75	–
13	റെഡിമെയ്ഡ് വസ്ത്രനിർമ്മാണം	–	25	–	50
14	കൊപ്രവ്യവസായം	60	–	85	–
15	ബീഡിനിർമ്മാണം	20	20	32	32
16	പപ്പട നിർമ്മാണം	35	25	50	40
17	പായനെയ്ത്ത്	–	25	–	35
18	കൊട്ടനെയ്ത്	40	25	50	35

അവലംബം: സെക്കന്ററി ഡാറ്റ, ഗ്രാമസഭറിപ്പോർട്ട്

സാധ്യതകൾ

നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിയ്ക്കുന്നത് നാളികേരമാണെങ്കിലും അതുപയോഗിച്ചു പ്രവർത്തിയ്ക്കുന്ന വ്യവസായങ്ങളുടെ എണ്ണം വളരെ കുറവാണ്. ഏകദേശം 50 ലക്ഷം നാളികേരം പ്രതിവർഷം ലഭിയ്ക്കുന്നുണ്ട്. ഇപ്പോഴത്തെ "സമഗ്ര കേരവികസന" പരിപാടിയുടെ ഫലമായി നാളികേരത്തിന്റെ ഉല്പാദനം വരും കാലങ്ങളിൽ വളരെയധികം വർദ്ധിയ്ക്കാൻ സാധ്യതയുണ്ട്. നാളികേരം ഉപയോഗിച്ചുള്ള വിവിധതരം വ്യവസായങ്ങളെ പറ്റി ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിയ്ക്കുവാൻ സാധിക്കും.

ഇവിടെ ലഭ്യമാകുന്ന കാർഷിക ഉല്പന്നങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ ആരംഭിയ്ക്കാൻ സാധ്യതയുള്ള വ്യവസായ യൂണിറ്റുകൾ പട്ടിക 5 ൽ ചേർത്തിരിയ്ക്കുന്നു.

പട്ടിക 5

ക്രമ നമ്പർ	ഇനം
1	യന്ത്രമുപയോഗിച്ച് പച്ച ചകിരിനാര് നിർമ്മാണം
2	യന്ത്രവൽകൃത ചൂടിനിർമ്മാണം
3	ചവിട്ടി, ചൂടിപടം, ചകിരി നാരിന്റെ കിടക്ക തുടങ്ങിയവ
4	തെങ്ങ്കൊണ്ടുള്ള കെട്ടിടനിർമ്മാണ സാമഗ്രികളും ഫർണിച്ചറും
5	വെളിച്ചണ്ണ
6	കന്നുകാലിതീറ്റ
7	വെളിച്ചണ്ണ ഉപയോഗിച്ചുള്ള സോപ്പ് നിർമ്മാണം

ക്രമ നമ്പർ	ഇനം
8	തേങ്ങവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയങ്ങൾ
9	ചിരട്ട ഉപയോഗിച്ചുള്ള കരകൗശലവസ്തുക്കൾ
10	അടയ്ക്ക സംസ്കരണം.
11	ചിപ്സ് നിർമ്മാണം (നേന്ത്രക്കായ കപ്പ)
12	അവിൽ
13	പഴം, ജാമുകൾ, നേന്ത്രപഴം, ചക്ക, മാങ്ങ

അവലംബം S. S. I യൂണിറ്റിന്റെ PMRY Project

നമ്മുടെ പഞ്ചായത്തിൽ വിവിധതരം ചെറുകിട വ്യവ സായങ്ങൾ തുടങ്ങുവാൻ സാധ്യതയുള്ള പ്രദേശമാണ് ഈ പഞ്ചായത്തിലെ 100ൽ അധികം ആളുകളെങ്കിലും ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ ഗ്രാമ സഭാ ചർച്ചയിൽ തന്നെ സന്നദ്ധരായിയിട്ടുണ്ട്. കൊണ്ടോട്ടിയിലെ വിപണികൾ ലഭിച്ചാൽ മാത്രം പോലും വളരുവാൻ സാധ്യതയുള്ള നിത്യോപയോഗ സാധനങ്ങൾ ഉല്പാദിപ്പിയ്ക്കുവാൻ മുന്നോട്ടു വരാത്ത നമ്മുടെ യുവജനങ്ങളുടെ ഇടയിൽ പുതിയൊരു വ്യവ സായ വികസനബോധം വളർത്തിയെടുക്കാൻ ആവശ്യ മായ സാഹചര്യം ഉണ്ടാക്കിയെടുക്കേണ്ടതാണ്.

ചുരുങ്ങിയമുതൽ മുടക്കിൽ കമ്പോളം ലഭിയ്ക്കാൻ സാധ്യതയുള്ള ധാരാളം വ്യവസായങ്ങളുണ്ട്. ഈ വ്യവ സായ യൂണിറ്റുകളിൽ ഭൂരിഭാഗവും ഗ്രാമസഭ ചർച്ചക ളിൽ നിർദ്ദേശങ്ങൾ വന്നിട്ടുള്ളവയാണ്. ചെറുകിട വ്യവ സായയൂണിറ്റുകളിൽ ധാരാളം പേർക്ക് തൊഴിൽ നല്കു വാൻ സാധിയ്ക്കും. അതുമൂലം ഒരു പരിധിവരെയെ ങ്കിലും തൊഴിലില്ലായ്മ പ്രശ്നം പരിഹരിയ്ക്കുവാനും കഴിയും. ചുരുങ്ങിയ മുതൽ മുടക്കിൽ തുടങ്ങുവാൻ സാധ്യതയുള്ള ചെറുകിട വ്യവസായങ്ങൾ.

പട്ടിക 6

ക്രമ നമ്പർ	ഇനം
1	റെഡിമെയ്ഡ് വസ്ത്രനിർമ്മാണം
2	പുസ്തകനിർമ്മാണം
3	1/2 ഇഞ്ച് നിർമ്മാണം (കരിങ്കൽ)
4	മെഴുകുതിരി നിർമ്മാണം
5	ചന്ദനതിരി നിർമ്മാണം
6	മരഫർണിച്ചർ, സ്റ്റീൽ ഫർണിച്ചർ
7	സോഡാവ്യവസായം
8	അച്ചാർ, സ്കാഷ് മുതലായവയുടെ നിർമ്മാണം
9	പാലുല്പന്നങ്ങൾ കൊണ്ടുള്ള വസ്തുക്കൾ നിർമ്മാണം
10	കറിപൗഡർ ഉല്പാദനം
11	പ്ലാസ്റ്റിക്ക് ബോട്ടിൽ നിർമ്മാണം
12	ഹവായ് ചെരുപ്പ് നിർമ്മാണം
13	ഫാൻസി, ലതർഗൂഡ്സ്
14	സ്കൂൾബാഗ്
15	ഓട്ടോ ഇലക്ട്രിക് ഷാപ്പ്
16	ജനറൽ എഞ്ചിനീയറിംഗ്
17	ഇലക്ട്രോണിക്ക് ചോക്ക് നിർമ്മാണം
18	ഇലക്ട്രോണിക്ക് ഓവർ ലോഡ് കട്ട് ഓഫ്

ക്രമ നമ്പർ	ഇനം
19	എമർജൻസി ലാമ്പ്
20	പേപ്പർ കവർ നിർമ്മാണം
21	ഇഷ്ടിക നിർമ്മാണം
22	ഹോളോബ്രിക്സ് നിർമ്മാണം
23	സിമന്റുകൊണ്ടുള്ള ജനാല, വാതിൽ കട്ടില തുടങ്ങിയവർ
24	ബട്ടൺ നിർമ്മാണം (കൊമ്പുകൊണ്ട്)

അവലംബം : ഗ്രാമസഭചർച്ച

വൻകിട വ്യവസായങ്ങൾ

മുനിസിപ്പാലിറ്റിയാകാൻ കൊതിയ്ക്കുന്ന കൊണ്ടോട്ടിയിൽ വൻകിട വ്യവസായങ്ങൾക്ക് സാധ്യത ഏറെയാണ്. കരിപ്പൂർ വിമാനതാവളത്തിന്റെ സാന്നിദ്ധ്യം കൊണ്ടു കൊണ്ടോട്ടി അനുദിനം വളർന്നുകൊണ്ടിരിയ്ക്കുകയാണ്. തന്മൂലം തന്നെ സ്വകാര്യ മേഖലയിലോ സഹകരണ മേഖലയിലോ വൻകിടവ്യവസായങ്ങൾ തുടങ്ങാൻ സന്നദ്ധരായ സംരംഭകർ ഈ പഞ്ചായത്തിൽ തന്നെ ധാരാളം ഉണ്ട്.

സമീപ ജില്ലകളിലേക്ക് മത്സ്യം കയറ്റുമതി ചെയ്യുന്നത് കൊണ്ടോട്ടിയിൽ നിന്നാണ്. കൊണ്ടോട്ടി മത്സ്യ മാർക്കറ്റിൽ ഏകദേശം 500ളം തൊഴിലാളികൾ പ്രത്യക്ഷമായും പരോക്ഷമായും ജോലി ചെയ്യുന്നുണ്ട്. ഇത്രയും വലിയ ഒരു മാർക്കറ്റായിരുന്നിട്ടുകൂടി അതിനോടനുബന്ധിച്ച് ഒരു ഐസ്ഫാക്ടറി സ്ഥലത്തില്ലാത്തത് വലിയ ഒരു പോരായ്മയാണ്. അതുകൊണ്ട് തന്നെ വൻകിട ഐസ്ഫാക്ടറിക്ക് കൊണ്ടോട്ടിയിൽ സാധ്യത ഏറെയാണ്.

ജില്ലയിലെ തന്നെ ഏറ്റവും കൂടുതൽ എല്ല് വ്യാപാരം നടക്കുന്നത് കൊണ്ടോട്ടിയിലാണ്. ഇതെല്ലാം തന്നെ ഇവിടെ നിന്നും മറ്റു പല സ്ഥലങ്ങലിലേയ്ക്ക് കയറ്റുമതി ചെയ്യുകയാണ് പതിവ്. ഒരു എല്ല്പൊടി നിർമ്മാണയൂണിറ്റ് കൊണ്ടോട്ടിയിൽ സ്ഥാപിയ്ക്കുവാൻ വളരെയധികം സാധ്യത ഏറെയാണ്.

ഇവിടെ സാധ്യതകളുള്ള മറ്റു വൻകിടവ്യവസായങ്ങൾ

1 കശുവണ്ടി വ്യവസായം

2 ട്രേഡ് റബ്ബർ നിർമ്മാണം

3 ബോഡി നിർമ്മാണം (ബസ്സ്-ലോറി)

4 ടെക്സ്റ്റയിൽസ് മിൽ-

5 സ്റ്റീൽ പ്ലാന്റ്

6 സിനിമാതിയേറ്റർ

മിനി വ്യവസായ എസ്റ്റേറ്റ്

കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിൽ സ്ഥലത്തിന്റെ ലഭ്യത കുറയുവാൻ സാധ്യത വളരെ കൂടുതലാണ്. അതുകൊണ്ട് ചുരുങ്ങിയത് $1^1/_2$ ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് വാങ്ങിച്ച് ഒരു വ്യവസായ എസ്റ്റേറ്റ് ഉണ്ടാക്കേണ്ടത് ആവശ്യമാണ്.

നിർദ്ദേശങ്ങൾ

1. ഇവിടെ സുലഭമായി ലഭിയ്ക്കുന്ന നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപറ്റി ബോധവൽക്കരണം നടത്തുന്നതിന് നാളികേര വികസനബോർഡ്, കേരഫെഡ്, കയർവികസന ഡയറക്ടർ തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപെട്ട് പരിശീലനം സംഘടിപ്പിയ്ക്കുക.

2 കരകൗശലരംഗത്ത് വിശദമായ പരിശീലനം നല്കുന്നതിന്ന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

3 ചൂടികൊണ്ടുള്ള മറ്റുൽപന്നങ്ങൾ നിർമ്മിയ്ക്കുവാനുള്ള പരിശീലനവും നിർമ്മാണവും ആരംഭിക്കുക.

4 റെഡിമെയ്ഡ് വ്യവസായം തുടങ്ങാൻ ആഗ്രഹിയ്ക്കുന്ന സാംരംഭകർക്ക് പ്രസ്തുതരംഗത്തുള്ള നവീനരീതികളെ പറ്റിയും അതിന്റെ സാധ്യതകളെ പറ്റിയും വിദഗ്ധപരിശീലനം നല്കുക.

5 വ്യവസായം തുടങ്ങുവാൻ ആഗ്രഹിയ്ക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നല്കുക.

6 സഹകരണ മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിയ്ക്കുക

7 പഞ്ചായത്തിലെ ഗൾഫ് കൂടിയേറ്റക്കാരെ വ്യവസായരംഗത്ത് മുതൽമുടക്കാൻ പ്രേരിപ്പിക്കുക.

8 പരമ്പരാഗത വ്യവസായങ്ങൾ നവീകരിയ്ക്കാനുള്ള പരിപാടി തയ്യാറാക്കുക.

9 പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ വ്യാവസായികവികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

10 വ്യാവസായരംഗത്ത് വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായരംഗത്തും വൻകിടവ്യവസായരംഗത്തും വളരെയധികം പുരോഗതിയുണ്ടാക്കാൻ കഴിയും. അതുപോലെതന്നെ ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിയ്ക്കാനും സാധിയ്ക്കും. കൂടാതെ പഞ്ചായത്തിൽ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാനും സാധിയ്ക്കും.

6. ഗതാഗതം, ഊർജം

ഏതൊരു പ്രദേശത്തിന്റെയും വികസനത്തിൽ പ്രധാന പങ്കു വഹിക്കുന്നത് ഗതാഗത സൗകര്യങ്ങളാണ്. കോഴിക്കോട് വിമാനതാവളത്തിന്റെ സാമിപ്യം കൊണ്ട് അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ് കൊണ്ടോട്ടി. അതുകൊണ്ടു തന്നെ ഈ പ്രദേശത്തെ ഗതാഗത സൗകര്യം പുരോഗമിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ ഗതാഗത സൗകര്യങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ പ്രത്യേകം റോഡുകൾ നിർമ്മിക്കേണ്ടതും നിലവിലുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കിതീർക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

ക്രമ നമ്പർ	വിഭാഗം	ദൂരം
1.	P.W.D	13.200K.M
2.	ടാറിട്ട പഞ്ചായത്ത് റോഡ്	1.02K.M
3.	മെറ്റൽ ചെയ്തവ	3. 63K.M
4.	മണ്ണിട്ട റോഡുകൾ	23K.M
അവലംബം: സെക്കന്ററി ഡാറ്റാ		

അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന വാഹനങ്ങളുടെ തോതനുസരിച്ച് ഗതാഗത സൗകര്യം വർദ്ധിക്കുന്നില്ല.

കൊണ്ടോട്ടി പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തു കൂടിയാണ് കോഴിക്കോട് – പാലക്കാട് സ്റ്റേറ്റ് ഹൈവെ കടന്നുപോകുന്നത്. കൊണ്ടോട്ടി പഞ്ചായത്തിലെ ഏക ബസ്സ്റ്റാന്റ് ഹൈവെയുടെ സമീപത്താണ്. ധാരാളം വാഹനങ്ങൾ വന്നുപോകുന്ന സ്ഥലമായതിനാൽ ഇവയെല്ലാം പാർക്കുചെയ്യുവാൻ നിലവിലുള്ള ബസ്സ്റ്റാന്റ് അപര്യാപ്തമാണ്. ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ ടാക്സി വാഹനങ്ങൾ ഉള്ള പഞ്ചായത്തുകളിൽ ഒന്നാണ് കൊണ്ടോട്ടി. ഈ വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പ്രത്യേക സൗകര്യങ്ങൾ ഒന്നും തന്നെ ഇവിടെ ഇല്ല. ഈ വാഹനങ്ങളെല്ലാം റോഡുകളുടെ ഇരുപാർശ്വങ്ങളിലായിട്ടാണ് പാർക്കു ചെയ്യുന്നത്. പഞ്ചായത്തിൽ നിലവിലുള്ള ടാക്സി വാഹനങ്ങളുടെ വിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

ക്രമ നമ്പർ	വിഭാഗം	എണ്ണം
1	ജീപ്പ്	165
2	കാർ	50
3	ഓട്ടോറിക്ഷ	335
4	ഗുഡ്സ് വെഹിക്കിൾ	50
അവലംബം: സെക്കന്ററി ഡാറ്റാ		

പ്രശ്നങ്ങൾ

1. കൊണ്ടോട്ടി പഞ്ചായത്തിൽ റോഡുകളുടെ അപര്യാപ്തയാണ് മുഖ്യപ്രശ്നം. നിലവിലുള്ള റോഡുകൾ തന്നെ വേണ്ടത്ര ഗതാഗത യോഗ്യമല്ല. തക്ക സമയങ്ങളിൽ അറ്റകുറ്റപണികൾ നടത്താത്തതും റോഡുകളുടെ വീതികുറവ്, പാർശ്വങ്ങളിലെ നടപ്പാത ഇല്ലായ്മ, മുതലായവ ഗതാഗതത്തിന് വിഷമം സൃഷ്ടിക്കുകയും, യാത്ര ദുസ്സഹമാക്കുകയും വാഹനാപകടങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു.

2. കൊണ്ടോട്ടി പട്ടണത്തിലെ ട്രാഫിക്ക് സംവിധാനം തീരെ അപര്യാപ്തമാണ്. പ്രധാനപ്പെട്ട കവലകളിലൊന്നും തന്നെ ട്രാഫിക്ക് ഐലന്റ് ഇല്ലാത്തത് കൊണ്ട് അപകടസാധ്യതവളരെ കൂടുതലാണ്.

3. ഗ്രാമസഭചർച്ചകളിൽ പ്രധാനമായും ഉയർന്നു വന്നിട്ടുള്ള പ്രധാനപ്രശ്നമാണ് പുതിയ റോഡുകൾ. പല വാർഡുകളിലും ഗതാഗത യോഗ്യമായ റോഡുകൾ തീരെ കുറവാണ്. അതു പോലെ സഞ്ചാരയോഗ്യമായ നടപ്പാതകളും ഇല്ല. റോഡുകളാക്കി മാറ്റാവുന്ന പല ഇടവഴികളും ഈ പഞ്ചായത്തിൽ ഉണ്ട്. അവയെല്ലാം തന്നെ റോഡുകളാക്കി കിട്ടാവുന്ന ആവശ്യങ്ങൾ ഗ്രാമ സഭാ ചർച്ചകളിൽ ഉയർന്നു വന്നിട്ടുണ്ട്.

4. പഞ്ചായത്തിന്റെ കിഴക്കെ അറ്റം മുതൽ പടിഞ്ഞാറെ അറ്റം വരെ നീണ്ടുകിടക്കുന്ന ചുരുങ്ങിയത് 5 K.M –ഓളം ദൈർഘ്യമുള്ള ഒരു തോട് നിലവിലുണ്ട്. ഇത് കൊണ്ടോട്ടി പഞ്ചായത്തിനെ രണ്ടായി വിഭജിക്കുന്നു. തോടിന്റെ ഇരുവശങ്ങളിലുമായി എത്തിനില്ക്കുന്ന നടപ്പാതകൾ, ഇടവഴികൾ റോഡുകൾ ഇവയോജിപ്പിച്ചു കൊണ്ട് തോടിന് കുറുകെ പാലങ്ങൾ പണിത് ഗതാഗതയോഗ്യമാക്കേണ്ടതാണ്. പല വാഡുകളിലും ഇതുപോലുള്ള പ്രശ്നങ്ങൾ നിലവിലുണ്ട്.

5. വർഷങ്ങളായി പഞ്ചായത്ത് മിനിസ്റ്റേഡിയത്തിനായി വാങ്ങിയുട്ടുള്ള 1.85 ഏക്കർ സ്ഥലത്തേക്ക് ഗതാഗത സൗകര്യമില്ലാത്തതിനാൽ ഉപയോഗശൂന്യമായിക്കിടക്കുകയാണ്.

6. പഞ്ചായത്തിലെ ചില ഹരിജൻ കോളനികളിലേക്ക് ഗതാഗതയോഗ്യമായ റോഡുകൾ ഇല്ല. പഞ്ചായത്തിലെ ഏക I.H.D.P കോളനിയായ കാളകണ്ടി ഹരിജൻ കോളനിയിലേക്കുള്ള റോഡിന്റെ പണിപൂർത്തിയാവാത്ത സ്ഥിതിയിലാണ്. സ്ക്ഷരതാപ്രവർത്തനത്തിന്റെ 2ാം ഘട്ടത്തിൽ ശ്രമദാനമായി പഠിതാക്കൾ നിർമ്മിച്ച റോഡാണ് ഇത്. ഇതിന്റെ പേര് തന്നെ അക്ഷര റോഡ് എന്നാണ്.

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമ സഭാ ചർച്ചകളിൽ ഉയർന്ന് വന്നിട്ടുള്ളതും അടിയന്തിരമായി ഗതാഗത യോഗ്യമാക്കേണ്ടതുമായ റോഡുകളുടെ വിവരം താഴെക്കൊടുക്കുന്നു.

പട്ടിക 3

വാർഡ് നമ്പർ	ക്രമനമ്പർ	റോഡിന്റെ പേര്	ദൂരം
I	1	നീറാട് കാളക്കണ്ടി ഹരിജൻ കോളനി അക്ഷര റോഡ്	2 K.M
	2	നീറാട് യു.പി. സ്കൂൾ റോഡ് .	0.8 K.M
	3	നീറാട് ചേച്ചിലക്കുന്ന് ഹരിജൻ കോളനി റോഡ്	1.25K.M
	4	വട്ടപ്പറമ്പ് എക്കാപറമ്പ് റോഡ്	1.5 K.M
	5	വട്ടപ്പറമ്പ് കുട്ടൻ കാവിൽ റോഡ്	1.8 K.M
	6	നീറാട്- വെള്ളക്കാട് കുന്ന് റോഡ്	1.5 K.M
II	1	തുറക്കൽ പുക്കാട്ടിൽ പുളിച്ചിരി പള്ളിയാളി കുട്ടൻകാവ് ഹരിജൻ കോളനിറോഡ്	1.5 K.M
	2	ഐ. പി.പി. സെന്റർ ചെമ്മലപറമ്പ് കുട്ടൻകാവ് ഹരിജൻ കോളനിറോഡ്	0.75 K.M
	3	വീരകുളം - ചെമ്മലപറമ്പ്- കുട്ടൻ കാവ് ഹരിജൻ കോളനിറോഡ്	1KM
	4	മേച്ചിരി ലക്ഷം വീട് കോളനി- നീറാട്റോഡ്	1.4K.M
	5	ചോലക്കൽ പറമ്പാട്ട് പുളിച്ചിരിപള്ളിയാളിറോഡ്	0.9K.M
	6	വീരകുളം- പനയംപറമ്പ് അമ്പലക്കണ്ടി പുറായ	0.8k.M
	7	അമ്പലക്കണ്ടി പുറായ - ടി. ബി. റോഡ്	0.6 K.M
III	1	ചേപ്പിലക്കുന്ന് ഈന്തും കുഴി കുളമ്പിലമുക്ക് വള്ളിപോക്ക് റോഡ്	1 K.M
	2	ബ്ലോക്ക് റോഡ് - വട്ടപറമ്പ് റോഡ്.	1 K.M
	3	സ്റ്റേറ്റ് ബാങ്ക് ബ്ലോക്ക് റോഡ്	0.5 K.M
	4	പഴയങ്ങാടി - ചേപ്പിലക്കുന്ന് റോഡ്	1 K.M
	5	വള്ളിപോക്ക് - കുളമ്പില മുക്ക്റോഡ്	1 K.M
	6	വടക്കെക്കുളം - പുളിക്കലക്കണ്ടി റോഡ്	0.5 K.M
IV	1	പോസ്റ്റാഫീസ് - വട്ടപറമ്പ്- പനയങ്ങോട് ചാലിൽ റോഡ്	1 K.M
	2	ചേപ്പിലക്കുന്ന്- കിഴക്കെ ഹരിജൻ കോളനി ചോലയ്ക്കൽ റോഡ്	1 K.M
	3	കാന്തക്കാട് യു.പി. സ്കൂൾ റോഡ് .	0.2 K.M
	4	മലയിൽ തൊടി - മേലെകളത്തിങ്ങൽ റോഡ്	0.5 K.M
V	1	കൊടിമരം - കുമ്മിണിപാറ റോഡ്	1.5 K.M
	2	നമ്പോലം കുന്ന് - മങ്ങാട്ട്പടിറോഡ്	0.75 K.M
	3	ഇല്ലിക്കൽ -മുതുവോട് റോഡ്	0.75 K.M
	4	പെരിഞ്ചിരിമുക്ക്- 17ാം മൈൽ റോഡ്	1 K.M
	5	ആശാരി കുന്ന് - കുമ്മിണിപാററോഡ്	0.8 K.M
	6	കാഞ്ഞിരപറമ്പ്- എൽ.പി സ്കൂൾ റോഡ്	0.5 K.M

പട്ടിക 3

വാർഡ് നമ്പർ	ക്രമനമ്പർ	റോഡിന്റെ പേര്	ദൂരം
VI	1	മണ്ണാരിൽ – കുട്ടശ്ശേരി ഹരിജൻ കോളനിറോഡ്	1 K.M
	2	മേലങ്ങാടി – കിഴക്കെ തല റോഡ്	0.5 K.M
	3	പുത്തൻ മാളിയേക്കൽ – മൈലാടി ഹരിജൻ കോളനി റോഡ്	0.5 K.M
	4	ചെരിച്ചങ്ങാടി – മേലങ്ങാടി റോഡ്	0.4 K.M
	5	മേലങ്ങാടി– പുത്തൻ മാളിയേക്കൽ–മണ്ണാർ റോഡ്	0.5 K.M
VII	1	മുണ്ടമ്പലം–ചേപ്പിലിക്കുന്ന് ഹരിജൻ കോളനിറോഡ്	1.2 K.M
	2	ചോലക്കുളം– പുളിച്ചിരി റോഡ്	0.7 K.M
	3	മുണ്ടമ്പലം– ചോലക്കാടു പുറായി ഹരിജൻ കോളനിറോഡ്	1.2 K.M
	4	വട്ടപ്പറമ്പ് കുട്ടൻ കാവ് ഹരിജൻ കോളനി റോഡ്	0.7 K.M
VIII	1	നായബസാർ –മുനീറുൽ ഹുദാ മദ്രസ്സാ – കോഴിപറമ്പത്ത് ചുള്ളിപ്പാടം– നടുചാലിപാടം റോഡ്	2 K.M
	2	പൂളക്ക തൊടി – പരമ്പൂർ റോഡ്	0.5 K.M
	3	ചെനപുറം– പള്ളത്തിൽ സ്രാമ്പ്യറോഡ്	1 K.M
	4	കുറ്റിക്കാട്– കോഴിപറമ്പത്ത് റോഡ്	0.5 K.M
	5	പള്ളത്തിൽ– വെട്ടത്തിൽ ജംഗ്ഷൻ റോഡ്	1 K.M
	6	ആശാരിക്കുന്ന് – കളപ്പിലാക്കൽ റോഡ്	0.5 K.M
	7	മേലങ്ങാടി കോട്ടപറമ്പ് – കണ്ണങ്കോടുപാററോഡ്	0.7 K.M
IX	1	പുത്തൻ മാളിയക്കൽ – ഹൈസ്ക്കൂൾ റോഡ്	0.5 K.M
	2	മേലങ്ങാടി– കോട്ടപ്പറമ്പ്– പുളിയൻചാലി ഹരിജൻ കോളനിറോഡ്	1 K.M
X	1	നുറുൽ ഹുദാ മദ്രസ്സ് – പനയം പറമ്പ് വീരകുളം ഈ.യം. ഇ. എ. ഹൈസ്ക്കൂൾ റോഡ്	1.5 K.M
	2	കണ്ണഞ്ചീരി – പനയം പറമ്പ് – കൊടിമരം റോഡ്	1.5 K.M
	3	നീറ്റാണി– കൊളപ്പള്ളി ഹരിജൻ കോളനി റോഡ്	0.7 K.M

പുതുതായി റോഡുകളാക്കി മറ്റേണ്ടവയും റിപ്പയർ ചെയ്ത് നന്നാക്കേണ്ടതുമായ നടപ്പാതകളുടെയും ഇടവഴിക ളുടെയും പേര് താഴെ ചേർക്കുന്നു

പട്ടിക 4

വാർഡ് നമ്പർ	ക്രമനമ്പർ	റോഡിന്റെ പേര്
I	1	വട്ടപ്പറമ്പ് – പള്ളിയാളി ഇടവഴി
"	2	കരീക്കല്ല് ഇടവഴി
"	3	നെല്ലിക്കുന്ന് ഇടവഴി
"	4	ചെറളക്കാട് ഇടവഴി
"	5	വരടിക്കുന്ന് ഇടവഴി
"	6	കുട്ടശീരി – കോട്ടാ പറമ്പ് ഇടവഴി
"	7	ചമ്മലപറമ്പ് – പള്ളിയാളി ഇടവഴി
"	8	ആക്കതൊടി ഇടവഴി
II	1	മുണ്ടമ്പലം– തുറക്കൽ– ജി.യം. എൽ. പി. സ്കൂൾ നടപ്പാത
"	2	വീരക്കുളം– കുട്ടൻകാവ് ചമ്മലപറമ്പ് ഇടവഴി
"	3	കൊണ്ടറം കുത്ത്– പള്ളിയാളി വെള്ളാറം മല ഇടവഴി
"	4	പറമ്പാട് – കൊണ്ടറം കുത്ത്– ചെമ്പരം കുത്ത് ഇടവഴി
"	5	കൊണ്ടറം കുത്ത് – എടപ്പറ്റ വെള്ളാറം മല ഇടവഴി
III	1	ചേപ്പിലക്കുന്ന് – ഇന്തും കുഴി – വള്ളിപോക്ക് – കൊളമ്പില മുക്ക് ഇടവഴി ആശുപത്രിറോഡ്, SBT ഇടവഴി
"	2	വടക്കെകുളം ചീനിക്കൽ ഇടവഴി
"	3	ആശുപത്രിറോഡ് വടക്കെയിൽ നടപ്പാത
"	4	പഴയങ്ങാടി – വടക്കെയിൽ നടപ്പാത
IV	1	സ്വാമി മഠം ചേപ്പിലക്കുന്ന് ഇടവഴി
"	2	ചുങ്കം കുന്നുമ്മൽ ഇടവഴി
"	3	അരീക്കോട് റോഡ്– തേക്കിൻ തോട്ടം – മധുവായ്മുക്കിൽ നിന്ന് ബൈപാസ് റോഡിലേക്ക് ശ്മശാനം നടപ്പാത
V	1	കുണ്ടിൽ – പറമ്പാട് ഇടവഴി
"	2	മങ്ങാട് ഇടവഴി – ജി.യം. എൽപിസ്കൂൾ
"	3	ഇല്ലിക്കൽ ഇടവഴി
"	4	മേലേക്കൊളത്തൂർ കൊല്ലന്റെ കണ്ടി, ആശാരിക്കുന്ന് ഇടവഴി
"	5	പറമ്പാട് നടപ്പാത

പട്ടിക 3

വാർഡ് നമ്പർ	ക്രമനമ്പർ	റോഡിന്റെ പേര്
"	6	പെരിഞ്ചീരിമുക്ക് - വെണ്ണെങ്കോട് ഇടവഴി
VI	1	മേലങ്ങാടി- മണ്ണാർ ഇടവഴി
"	2	പുത്തൻ മാളിയക്കൽ മണ്ണാർ ഇടവഴി
"	3	മേലങ്ങാടി - തടിയംകുളം ഇടവഴി
"	4	ഗവ: ഹൈസ്കൂൾ - മേലങ്ങാടി ഇടവഴി
VII	1	പള്ളിയാളി- കുനിക്കാട്- ചോലക്കടു പുറായി ഇടവഴി
"	2	കോതേത്ത് പള്ളിയാളി - തെക്കെ ചാലിൽ ഇടവഴി
"	3	മുണ്ടമ്പലം ഉള്ളാട്ട് ഇടവഴി
"	4	മുണ്ടമ്പലം ഉറുങ്ങൽ ഇടവഴി
"	5	തുറക്കൽ - വള്ളിപ്പെറ്റ ഇടവഴി
"	6	മുണ്ടമ്പലം - പുളിചീരി ഇടവഴി
VII	1	ഹെൽത്ത്സെന്റർ അയ്യപ്പൻ ചോല ഇടവഴി
"	2	പുതുകുളം- ചെമ്മിനിക്കം പാറ ഇടവഴി
"	3	അമ്പലക്കണ്ടി - ചോല ഇടവഴി
"	4	കുറ്റിക്കാട് അണക്കെട്ട് ഇടവഴി
"	5	കുറ്റിക്കാട് പുളിക്കലക്കണ്ടി-മൂച്ചിത്തോട്ടം-പണിക്കരക്കണ്ടി നടപ്പാത
"	6	പാലപറമ്പ- മൂച്ചിത്തോടം ഇടവഴി
"	7	കുറ്റിക്കാട് വടക്കാടു പുറം കൊടമ്പാട് കുഴി, തായികുത്ത് ഇടവഴി
IX	1	ഹൈസ്കൂൾപടി - കണ്ണംകോട്ടുപാറ പള്ളിയാളി ഇടവഴി
"	2	പുളിയഞ്ചാലിൽ ഹരിജൻ കോളനി റോഡ്
"	3	ജി.എം.എൽ.പി.സ്കൂൾ - മാതംകുഴി - തൈത്തോട്ടം
X	1	നീറ്റാണി - കരുവന്തൊടി -കൊളപ്പള്ളി ഹരിജൻ കോളനിറോഡ്
"	2	നീറ്റാണി കുടുക്കിൽ - പറമ്പാട്ടു പുറായി - കൊളപ്പള്ളി ഹരിജൻ കോളനി
"	3	കുളത്തൂർ വഴി. പനയമ്പറമ്പ് ഹരിജൻ കോളനി
"	4	കുളത്തൂർ റേഷൻ ഷാപ്പ്- പനയം പറമ്പ് ഇടവഴി

അവംലംബം : ഗ്രാമസഭാ റിപ്പോർട്ട്

നിർദ്ദേശങ്ങൾ

1. ടാക്സി വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുക

2. നിലവിലുള്ള ബസ്സ്റ്റാൻഡിന്റെ അപര്യാപ്തത പരിഹരിക്കുവാൻ കൂടുതൽ സൗകര്യമുള്ള പുതിയൊരു സ്റ്റാൻഡ് കൂടി നിർമ്മിക്കുക.

3. യാത്രക്കാർ കൂടുതൽ കേന്ദ്രീകരിക്കുന്ന സ്ഥലങ്ങളിൽ പുതുതായി ബസ്സ് വെയ്റ്റിംങ്ങ് ഷെഡുകൾ സ്ഥാപിച്ച് യാത്രക്കാരുടെ വിഷമതകൾ പരിഹരിക്കുക.

4. കൊണ്ടോട്ടി പട്ടണത്തിൽ വാഹനങ്ങളുടെ വേഗത മണിക്കൂറിൽ 35 കി.മീ ആക്കി നിയന്ത്രണം ഏർപ്പെടുത്തുക.

5 പ്രധാന സ്ഥലങ്ങളിൽ സ്ഥിരമായ ട്രാഫിക്ക് ഐലന്റുകൾ സ്ഥാപിക്കുക

6. മിനിസ്റ്റേഡിയത്തിന് വേണ്ടി വാങ്ങിയ സ്ഥലത്തേക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുക.

7. നിലവിലുള്ള പ്രധാനപ്പെട്ട റോഡുകളുടെ വീതി കൂട്ടി ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക.

8. റോഡ് സംരക്ഷണത്തിൽ പ്രാദേശിക ജനകീയ സമിതികൾ രൂപീകരിക്കുക.

9. റോഡിന്റെ ഇരുവശങ്ങളിലും സ്ഥിതിചെയ്യുന്ന തെരുവ് കച്ചവടങ്ങൾ ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

ഊർജ്ജം

കൊണ്ടോട്ടി പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത് കിഴിശേരി 110 K.V സബ്സ്റ്റേഷനിൽ നിന്നാണ്. ഈ സബ്സ്റ്റേഷൻ നമ്മുടെ പഞ്ചായത്തിന്റെ സമീപത്താണെങ്കിലും കൂടി മലപ്പുറം ജില്ലയുടെ പലഭാഗങ്ങളിലേക്കും വൈദ്യുതി വിതരണം നടത്തുന്നത് ഈ സബ്സ്റ്റേഷനിൽ നിന്ന് ആയതിനാൽ ഇത് കൊണ്ടുള്ള യഥാർത്ഥ പ്രയോജനം കൊണ്ടോട്ടി പഞ്ചായത്തിന് പൂർണ്ണമായും ലഭിക്കുന്നില്ല. കൊണ്ടോട്ടി പഞ്ചായത്തിലെ പല ഭാഗങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

ഈ പഞ്ചായത്തിൽ വൻ കിടവ്യവസായങ്ങളൊന്നും തന്നെ ഇല്ല. ഏതാനും ചെറുകിട വ്യവസായങ്ങൾ മാത്രമെ പഞ്ചായത്തിലുള്ളൂ. ഗാർഹിക ആവശ്യങ്ങൾക്കാണ് കൂടുതലും വൈദ്യുതി ഉപയോഗിക്കുന്നത്. വളരെകുറഞ്ഞ അളവിൽ മാത്രമേ വൈദ്യുതി ഇപ്പോൾ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുള്ളൂ.

ഈ പഞ്ചായത്തിൽ നിലവിൽ 15 ട്രാൻസ്ഫോമറുകൾ ഉണ്ട്. അവയുടെ കപ്പാസിറ്റി വളരെ കുറവാണ്.

പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് തോതനുസരിച്ച് ട്രാൻസ് ഫോമറുകളുടെ കപ്പാസിറ്റി തുലോം കുറവാണ്. ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ സംബന്ധിച്ച പരാതിയുള്ളവരാണ്. അതുകൊണ്ട് തന്നെ മിക്ക ഗ്രാമസഭകളിലും പുതിയ ട്രാൻസ് ഫോമറുകൾ വേണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

നിലവിലുള്ള ട്രാൻഫോമറുകൾ അവയുടെ കപ്പാസിറ്റി എന്നിവ താഴെ ചേർത്തിരിക്കുന്നു

പട്ടിക 1

ക്രമ നമ്പർ	കപ്പാസിറ്റി	പേര്
1	160 KVA	നീറാട്
2	100 KVA	മുണ്ടപ്പലം
3	100 KVA	തുറക്കൽ
4	100 K.V.A	കുളത്തൂർ
5	100 KVA	തുറക്കൽ
6	100 KVA	എയർപോർട്ട് പമ്പ് ഹൗസ്
7	100 KVA	കാഞ്ഞിരപറമ്പ്
8	100 KVA	17ാം മൈൽ
9	160 KVA	മേഴ്സി ഹോസ്പിറ്റൽ
10	250 KVA	കൊണ്ടോട്ടി പഞ്ചായത്ത്
11	250 KVA	ബൈപ്പാസ്
12	250 KVA	കൊടിമരം
13	100 KVA	മേലങ്ങാടി
14	100 KVA	കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ
15	160 KVA	തയ്യിൽ പള്ളി

നിലവിലുള്ള ഉപഭോക്താക്കളുടെ കണക്കുകൾ പട്ടിക II ൽ ചേർക്കുന്നു

പട്ടിക 2

ക്രമ നമ്പർ	ഇനം	എണ്ണം
1	ഗാർഹികം	2040
2	വ്യാപാരം	1020
3	വ്യവസായം	22
4	കൃഷി	52

അവലംബം: K.S.E.B

പഞ്ചായത്തിൽ സാമ്പത്തിക പരമായി മുന്നോക്കം നില്ക്കുന്ന പല വീട്ടുകാരും Step ഉപയോഗിച്ചാണ് വോൾട്ടേജ് ക്ഷാമത്തിന്ന് പരിഹാരം കാണുന്നത്. ഇത് മൂലം Step up ഉപയോഗിക്കാൻ കഴിയാത്ത സാധാരണ ക്കാരന് കൂടുതൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

പാചകാവശ്യത്തിന് മുഖ്യമായും വിറകിനെയാണ് ആശ്രയിക്കുന്നത് കൂടാതെ പാചകാവശ്യങ്ങൾക്കും വെളിച്ചത്തിന്നും മിക്കവാറും മണ്ണെണ്ണയും ഉപയോഗി ക്കുന്നുണ്ട്. ഏതാനും മാസങ്ങൾക്ക് മുമ്പ് കൊണ്ടോടി യാൽ L.P.G ഗ്യാസ് ഏജൻസിയുടെ പ്രവർത്തനം തുട ങ്ങിയിട്ടുണ്ട്. 5 പഞ്ചായത്തിലായിട്ട് 200 ഓളം കണക്ഷൻ മാത്രമെ ഇതു വരെ നൽകിയിട്ടുള്ളൂ. മണ്ണെണ്ണ മിതമായ വിലക്ക് ലഭ്യമല്ലാത്തത് കൊണ്ടും മണ്ണെണ്ണക്ക് നിയ ന്ത്രണം ഏർപ്പെടുത്തിയത് കൊണ്ടും സാധാരണ ക്കാർക്ക് വളരെയധികം വിഷമം അനുഭവപ്പെടുന്നുണ്ട്.

കൊണ്ടോട്ടിബ്ലോക്കിന്റെ കീഴിൽ വാഴക്കാട് പഞ്ചാ യത്തിൽ എടവണ്ണപാറയിലാണ് അനർട്ടിന്റെ ഓഫീസ് അടുത്തകാലത്തായി പ്രവർത്തിച്ചു വരുന്നത്. ഈ സ്ഥാ പനത്തിന്റെ പ്രവർത്തനത്തെ കുറിച്ച് ഭൂരിപക്ഷം ജന ങ്ങളും ബോധവാന്മാരല്ല.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ മിക്ക വാർഡുകളിലും വൈദ്യുതി ലഭിക്കാത്ത വീടുകളും സ്ഥലങ്ങളും ഉണ്ട്.

ആകെയുള്ള 6 ഹരിജൻ കോളനികളിൽ ഒരെണ്ണം (ചേപ്പിലിക്കുന്ന് കോളനി) മാത്രമെ വൈദ്യുതീകരിച്ചീ ട്ടുള്ളൂ. ചെമ്മലറമ്പ്, കാളകണ്ടി, കുട്ടൻകാവ് എന്നീ ഹരി ജൻ കോളനികളിലേക്ക് വൈദ്യുതി അനുവദിച്ചിട്ട് വർഷ ങ്ങൾ തന്നെആയി. ഈ സ്ഥലങ്ങളിൽ ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടും വർഷങ്ങളായി. ഡിപ്പാർട്ടുമെന്റിന്റെ അനാസ്ഥ കാരണം ഈ പ്രവത്തി മുടങ്ങികിടക്കുകയാണ്.

കരിപ്പൂർ വിമാനത്താവളത്തിനടുത്ത് സ്ഥിതിചെ യ്യുന്ന പഞ്ചായത്തായതിനാൽ അനുദിനം വളർന്നുകൊ ണ്ടിരിക്കുന്ന പഞ്ചായത്തിന്റെ വളർച്ചക്കാവശ്യമായതോ തിൽ വൈദുതി ലഭിക്കുവാൻ വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിന്റെ എല്ലാ പ്രധാന റോഡുകളിലും പ്രധാന കേന്ദ്രങ്ങളിലും സോഡിയം വേപ്പർ ലാംപുകൾ സ്ഥാപിക്കുകയും ചെയ്യണം. കൂടാതെ പഞ്ചായത്തിലെ എല്ലാ വാർഡുക ളിലും ജനസഞ്ചാരമുള്ള എല്ലാ നടപാതകളിലും തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും പ്രവർത്തനരഹിതമായ തെരുവ് വിളക്കുകൾ അറ്റകുറ്റപണികൾ ചെയ്ത് ഉപ യോഗ്യമാക്കി തീർക്കുകയും വേണം.

പട്ടിക 3

ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം

ക്രമ നമ്പർ	ഇനം	വാട്സ്	എണ്ണം
1	ബൾബ്	40W	167
2	ട്യൂബ്	2x40 W	43
3	ട്യൂബ്	2x 20 W	5
4	സോഡിയം	100W	1
5	സോഡിയം	150 W	15

അവലംബം K.S.E.B

പഞ്ചായത്തിൽ അംഗീകരിച്ച 6 ഹരിജൻ കോളനികളും അംഗീകാരം ലഭിക്കാൻ കാത്തിരിക്കുന്ന 7 ഹരിജൻ കോളനികളും ഉണ്ട്. ഇവയിൽ അംഗീകാരമുള്ള ഒരു ഹരിജൻ കോളനിയിൽ മാത്രമെ വൈദ്യുതി ലഭിച്ചിട്ടുള്ളു. പഞ്ചായത്തിലെ വൈദ്യുതീകരിക്കാത്ത ഹരിജൻ കോളനികളുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 4

ക്രമ	കോളനിയുടെ പേര്റിമാർക്ക്	നമ്പർ
1.	ചോലക്കാട്ടു പുറായ	അംഗീകരിച്ചത്
2.	മൈലാടി	അംഗീകരിച്ചത്
3.	പുളിയഞ്ചാലിൽ കോട്ടപറമ്പ്	അംഗീകരിച്ചത്
4.	കുട്ടങ്കാവ് (പനയം പറമ്പ് കൊളപള്ളി ചമ്മലപറമ്പ്)	അംഗീകരിച്ചത്
5	കാളക്കണ്ടി	I.H.D.P
6	നെല്ലിക്കുന്ന്	അംഗീകരിക്കാത്തത്
7.	തച്ചത്ത് പറമ്പ് പറമ്പാട്ട്	അംഗീകരിക്കാത്തത്
8.	വടക്കെ ക്കുളം	അംഗീകരിക്കാത്തത്
9.	കുറ്റിക്കാട്	അംഗീകരിക്കാത്തത്
10.	മണ്ണാറിൽ കുട്ടിശ്ശീരിപറമ്പ്	അംഗീകരിക്കാത്തത്
11.	മാതം കുഴി	അംഗീകരിക്കാത്തത്
12.	കോരോത്ത് പാമ്പുരിയം പാറ	അംഗീകരിക്കാത്തത്

നിലവിലുള്ള 6 മുതൽ 10 മണി വരെയുള്ള പവർകട്ട് ഒഴിവാക്കേണ്ടതാണ്. ഇത് കുടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. വോൾട്ടതയുടെ കുറവും തുടരെ തുടരെയുള്ള അപ്രഖ്യാപിത പവർ കട്ടുകളും മറ്റൊരു പ്രശ്നമാണ്.

വിറകിന്റെ ലഭ്യത കുറവ്, വില വർദ്ധനവ് ഇവ സാധാരണക്കാരെ പ്രതികൂലമായി ബാധിക്കുന്നു.

സാധ്യതകളും നിർദ്ദേശങ്ങളും

1. അനർട്ടിന്റെ സഹായത്തോടുകൂടി ദക്ഷത കൂടിയ വിറകടുപ്പുകൾ പ്രചരിപ്പിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുക.

2. അനർട്ടിന്റെ സഹായത്തോടു കൂടി ഉടനെ വൈദ്യുതി എത്തിക്കാൻ സാധ്യമല്ലാത്ത സ്ഥലങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക.

3. അനർട്ടിന്റെ പ്രവർത്തനങ്ങളെപ്പറ്റി ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തുക.

4. കോംപാക്ട് ഫ്ളൂറസെന്റ് ലാംപിന്റെ പ്രാധാന്യത്തെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക

5. വെട്ടത്തിയിൽ പുതുതായി ട്രാൻസ്ഫോർമർ സ്ഥാപിച്ചാൽ 8ാം വാർഡ്, 10ാം വാർഡ് മുതലായ സ്ഥലങ്ങളിലെ വോൾട്ടേജ് ക്ഷാമത്തിന്ന് പരിഹാരമാകും.

6. നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ട്രാൻസ് ഫോർമർ സ്ഥാപിക്കുകയും ചെയ്യുക

7. എല്ലാ വാർഡുകളിലെയും പ്രധാനഭാഗങ്ങളിൽ സിങ്കിൾ ഫേസ്ലൈൻ ത്രീഫെയ്സ് ലൈനാക്കി മാറ്റുക. കാർഷിക മേഖലയിൽ പ്രത്യേകിച്ചും.

ഉപയോഗശൂന്യമല്ലാത്ത തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുകയും തെരുവ് വിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിലെല്ലാം തന്നെ പുതിയ വിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക

9. കേടുവന്ന ഇലട്രിക്ക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുക

10. കൊണ്ടോട്ടി പഞ്ചായത്തിലെ പ്രധാന അങ്ങാടികളിൽ ഡക്കറേഷനും മറ്റുമായി വൈദ്യുതി ദുരുപയോഗം ചെയ്യുന്നത് കർശനമായി നിയന്ത്രിക്കുക

11. വൈദ്യുതി ചോർച്ച തടയുക

12. സബ്സിഡി നിരക്കിൽ റേഷൻ കട മുഖേന (മാവേലി സ്റ്റോർ) ഉപഭോക്താക്കൾക്ക് അവരുടെ ആവശ്യത്തിനു സരിച്ച് മണ്ണെണ്ണ ലഭിക്കാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക.

13. ബയോഗ്യാസ് പ്ലാന്റിനെ കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുക.

14. L.P.G. ഗ്യാസ് വിതരണത്തിലുള്ള കാലതാമസം ഒഴിവാക്കുക.

7. ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം

പാർപ്പിടം മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. കൊണ്ടോട്ടി പഞ്ചായത്തിലെ പാർപ്പിട മേഖല അത്രതന്നെ സമ്പന്നമല്ല. നിരവധി പ്രശ്നങ്ങൾ ഈ മേഖലയിൽ ഉണ്ട്. ഏറിയ കൂറും ദരിദ്രർ ജീവിക്കുന്ന നാടാണ് നമ്മുടേത്. ബീഡി തെറുപ്പ്, കൂലിവേല തുടങ്ങിയവയായിരുന്നു ജീവിതോപാധി. അജ്ഞതയും ദാരിദ്ര്യവും കൈകോർത്ത ഇന്നലെകളിൽ നമ്മുടെ പൂർവ്വികർ ഓലപ്പുരകളിലും കുടിലുകളിലുമായിരുന്നു താമസിച്ചിരുന്നത്.

1970 കളുടെ മദ്ധ്യത്തോടെ ജീവിത നിലവാരം ഉയരാൻ തുടങ്ങിയതോടെയാണ് ഈ അവസ്ഥയിൽ നിന്നും മാറ്റം വന്നു തുടങ്ങിയത്. ഗൾഫ് നാടുകളിലേക്ക് ജോലിക്ക് വേണ്ടിയുള്ള ഒഴുക്കും, അതു മുഖേന ദോഷമല്ലാത്ത സാമ്പത്തിക നില കൈവരിച്ചതും ഈ മേഖലയിലെ നേട്ടങ്ങൾക്ക് കാരണമായി. സാമ്പത്തിക സ്ഥിതി ഉയർന്നത് മൂലം നമ്മുടെ ജീവിത നിലവാരത്തിലുണ്ടാക്കിയ മാറ്റം ആധുനിക കൊണ്ടോട്ടിയുടെ മുഖച്ഛായ തന്നെ മാറും വിധം കെട്ടിട നിർമ്മാണ രംഗത്തും പ്രകടനമായി.

കോൺക്രീറ്റ് സാധനങ്ങൾ ഉൾപ്പെടെ 3474 വീടുകൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്. ഇതിൽ2805 എണ്ണം ഓടുമേഞ്ഞതും അടിസ്ഥാന സൗകര്യങ്ങൾ ഉള്ളവയുമാണ്. 488 വീടുകൾ കോൺക്രീറ്റ് കെട്ടിടങ്ങളാണ്. ഓല, ഷീറ്റ് പരമ്പുകൾ എന്നിവകൊണ്ട് പണിത കുടിലുകൾ 181 എണ്ണമാണ്. ഇവ അടിസ്ഥാന സൗകര്യങ്ങൾ തീരെ ഇല്ലാത്തവയാണ്. 1786 വ്യാപാര കെട്ടിടങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്.

കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

ഭവനങ്ങളുടേയും ഭവനരഹിതരുടേയും വാർഡ് തിരിച്ചുള്ള കണക്ക്

പട്ടിക IA

വാർഡ്	ഭവനം	ഓട്	കോൺക്രീറ്റ്	കുടിലുകൾ	ഭവനരഹിതർ
1	400	320	48	32	100
II	329	243	65	21	33
III	278	201	61	16	50
Iv	209	161	37	1	60
v	532	435	75	22	23
VI	375	332	32	11	45
VII	334	249	60	25	27
VIII	412	372	25	15	52
IX	313	239	61	13	70
X	292	253	24	15	70
ആകെ	3474	2805	488	181	536

അവലംബം ഗ്രാമസഭറിപ്പോർട്ട്.

ഇങ്ങിനെയൊക്കെയാണെങ്കിലും നമ്മുടെ പാർപ്പിട മേഖല അത്രതന്നെ സമ്പന്നമല്ല. 21, 913 ആണ് ഈ പഞ്ചായത്തിലെ ജനസംഖ്യ. ഇത് നിലവിലുള്ള കണക്കുമായി താരതമ്യം ചെയ്യുമ്പോൾ കുട്ടികൾ ഉൾപ്പെടെ ഒരു വീട്ടിൽ പത്ത് അംഗങ്ങൾ വരും. 536 കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഇപ്പോഴും ഭവന രഹിതരാണ്. കഴിഞ്ഞ പദ്ധതി കാലത്ത് 55 വീടുകൾ സർക്കാർ സഹായത്താൽ നിർമ്മിച്ചിട്ടുണ്ട്. ഒമ്പതാം പദ്ധതിയിലൂടെ 536 വീടുകൾ കൂടി നിർമ്മിക്കാൻ കഴിഞ്ഞാൽ പാർപ്പിട പ്രശ്നം പരിഹരിക്കാം. വിശദവിവരങ്ങൾ

പട്ടിക IIA

ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ്	വീട് ആവശ്യമുള്ള എണ്ണം IRDP സർവ്വെപ്രകാരം	വിവിധപരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട്	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം.
1	2	3	4	5	6
I	25	10	7	3	15
II	21	8	8	-	13
III	15	4	3	1	11
IV	10	1	1	-	9
V	18	5	4	1	13
VI	12	7	7	-	5
VII	18	8	8	2	10
VIII	18	7	6	1	11
IX	16	5	5	-	11
ആകെ 153		55	47	8	98

അവലംബം : സെക്കന്ററിഡാറ്റ .

ഭവന വായ്പാ രംഗത്ത് പ്രവർത്തിക്കുന്ന ഏക സ്ഥാപനമാണ് കൊണ്ടോട്ടി റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൗസൈറ്റി. ഇതിന്റെ പ്രവർത്തന പരിധി കൊണ്ടോട്ടി ബ്ലോക്ക് കേന്ദ്രീകരിച്ചതാണ്. ആയതിനാൽ ഈ പഞ്ചായത്തിന് വേണ്ടത്ര പ്രവർത്തനം കാഴ്ചവെക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഭവന വായ്പാരംഗത്ത് സർക്കാർ സ്വീകരിച്ചിട്ടുള്ള നിബന്ധനകൾ നാട്ടിലെ അനുഭവങ്ങളുമായി പൊരുത്തപ്പെടാത്ത അവസ്ഥയിലാണ്. സർക്കാർ നൽകുന്ന വായ്പ ഉപയോഗിച്ച് നിബന്ധന പ്രകാരമുള്ള വീടുകൾ പൂർത്തീകരിക്കാൻ കഴിയുന്നില്ല.

കൊണ്ടോട്ടി പഞ്ചായത്തിൽ രണ്ട് ലക്ഷം വീട്

കോളനികളാണ് ഉള്ളത്: കൊളപ്പള്ളി, ചെമ്മലപറമ്പ് എന്നിവ. കൊളപ്പള്ളിയിൽ 12 ലക്ഷം വീടും, ചെമ്മലപ്പറമ്പിന് ലക്ഷം വീടിന് സ്ഥലമുണ്ടെങ്കിലും വീടൊന്നും ഇതുവരെ നിർമ്മിച്ചു കൊടുത്തില്ല. കൊളപ്പള്ളിയിലെ ലക്ഷം വീടുകളിന്ന് തകർച്ചയെ നേരിടുകയാണ്. നാമമാത്രമായുള്ള ഈ വീടുകളിൽ വേണ്ടത്ര സൗകര്യങ്ങളില്ല. എല്ലാ വീടുകളും മഴക്കാലത്ത് ചോർന്നൊലിക്കുന്നു. വീടുകൾ പണിത് വർഷങ്ങളായിട്ടും ഇതുവരെ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ അവ നിലംപൊത്തുന്ന അവസ്ഥയിലാണുള്ളത്. മിക്കവയും ഇരട്ട വീടായതിനാൽ കുടുംബവർദ്ധനവു കാരണം താമസത്തിന് വളരെയധികം പ്രയാസങ്ങൾ ഇക്കൂട്ടർക്ക് അനുഭവപ്പെടുന്നു. ഇവയെല്ലാം ഒറ്റ വീടുകളാക്കി പുനർ നിർമ്മിക്കേണ്ടിയിരിക്കുന്നു. കുടിവെള്ളം ഇവിടത്തെ പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്: കൂടാതെ ശുചിത്വവും ചെമ്മലപ്പറമ്പ് ലക്ഷം വീട് കോളനിയിൽ ആവശ്യത്തിന് വീടുകൾ അവശ വിഭാഗത്തിന് നൽകിയാൽ പാർപ്പിട പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

കൊണ്ടോട്ടിയുടെ ഹൃദയഭാഗത്ത് ജനങ്ങൾ തിങ്ങി താമസിക്കുന്ന ഒരു ചേരി പ്രദേശമാണ് തൈത്തോട്ടം. പാവപ്പെട്ട ബീഡി തൊഴിലാളികൾ താമസിക്കുന്ന ഈ ചേരി പ്രദേശത്തിന്റെ ശോചനീയമായ ഇന്നത്തെ അവസ്ഥക്ക് ശാശ്വതമായ പരിഹാരം കാണേണ്ടതുണ്ട്. 49 കുടുംബങ്ങൾ ഈ പ്രദേശത്തുണ്ട്.

ഇതര സംസ്ഥാനങ്ങളിൽ നിന്നും ജോലി തേടിയെത്തുന്ന നൂറു കണക്കിന് തൊഴിലാളികൾ താമസിക്കുന്ന ഒരു കേന്ദ്രമാണ് കൊണ്ടോട്ടി പട്ടണം. താമസ സൗകര്യങ്ങളോ പ്രാഥമിക ആവശ്യങ്ങൾക്കു പോലും സൗകര്യമില്ലാത്ത കൊണ്ടോട്ടിയിൽ ഇവരുടെ വാസം പരിസര ശുചീകരണ രംഗത്തുപോലും പല പ്രശ്നങ്ങളും സൃഷ്ടിച്ചിരിക്കുകയാണ്.

കെട്ടിട നിർമ്മാണത്തിലെ പ്രധാന അസംസ്കൃത വസ്തുക്കളാണ് കരിങ്കല്ല്, ചെങ്കല്ല്, മണൽ, സിമന്റ്, ഓട്, മരം, കമ്പി, എന്നിവ ഇതിൽ ചെങ്കല്ല്, കരിങ്കല്ല് എന്നിവ ഒരു കാലത്ത് വൻതോതിൽ ഇവിടെ ലഭ്യമായിരുന്നു. കാലിക്കറ്റ് എയർപോർട്ട് വന്നതോടെ കരിങ്കൽ ക്വാറികൾ നിശ്ചലമായി. ഇപ്പോൾ മറ്റിടങ്ങളിൽ നിന്നാണ് ഇവ കൊണ്ടുവരുന്നത്. അതുകൊണ്ട് കരിങ്കല്ലിന്റെ വില അമിതമായി വർദ്ധിച്ചിട്ടുണ്ട്. അഞ്ച് വർഷം മുൻപ് ഒരു ലോഡ് കരിങ്കല്ലിന് 350 രൂപ ആയിരുന്നെങ്കിൽ ഇപ്പോഴിതിന് 700 രൂപ വരെ എത്തിനിൽക്കുന്നു. ചെങ്കല്ലിന് ഇത് 1000 രൂപയിൽ നിന്നും 2500 രൂപവരെ എത്തിനിൽക്കുന്നു. ആധുനിക കല്ല്വെട്ടു യന്ത്രങ്ങളുടെ ആവിർഭാവം ഈ മേഖലയിൽ ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. എങ്കിലും ഈ പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ചെങ്കൽ ഉല്പാദനം ഇവിടെ ഇല്ല.

പാർപ്പിട നിർമ്മാണ രംഗത്തെ തൊഴിലാളികൾ ആവശ്യത്തിന് ഇവിടെ ഉണ്ട്. കൃഷി ജോലികളിൽ ഏർപ്പെട്ടിരുന്ന ഏറിയ പങ്ക് തൊഴിലാളികളും നിർമ്മാണ മേഖലയിലാണ്. മോശമില്ലാത്ത വേതന നിരക്കു തന്നെയാണ് ഇതിന്നു കാരണം. എന്നാലും പല നിർമ്മാണ തൊഴിലാളികളും ഗൾഫ് മേഖലകളിലേക്ക് ചേക്കേറുന്ന ഒരു അവസ്ഥ ഈ പഞ്ചായത്തിലുണ്ട്. 1991 ൽ ഒരു പുരുഷ നിർമ്മാണ തൊഴിലാളിയുടെ ദിവസ വേതനം 60 രൂപ എന്നത് ഇപ്പോൾ 150 രൂപയിൽ എത്തി നിൽക്കുന്നു. സ്ത്രീ തൊഴിലാളിക്ക് 1991ൽ 45രൂപ ആയിരുന്നത് ഇന്ന് 90 രൂപ വരെയായി. ഈ പഞ്ചായത്തിലെ വീടു നിർമ്മാണം പൂർണ്ണമായും കോൺട്രാക്റ്റ് സമ്പ്രദായത്തെ ആശ്രയിച്ചിരിക്കുന്നു.

സ്വന്തമായി കെട്ടിടമില്ലാത്തെ സർക്കാർ സ്ഥാപനങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഇതുമൂലം ധാരാളം പ്രശ്നങ്ങൾ ഉണ്ടാകുന്നു. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇവ ഇടക്കിടെ മാറ്റുന്നതിനാൽ ജനങ്ങൾക്കും ഉദ്യോഗസ്ഥന്മാർക്കും ഒട്ടേറെ പ്രയാസങ്ങൾ അനുഭവപ്പെടുന്നു. സത്വര നടപടികൾ ഈ പ്രശ്നം പരിഹരിക്കാൻ അവലംബിക്കേണ്ടിയിരിക്കുന്നു.

സ്വന്തമായി കെട്ടിടമില്ലാത്ത സർക്കാർ സ്ഥാപനങ്ങൾ

സ്ഥാപനത്തിന്റെ പേര്	സ്വന്തമായി ഭൂമി ഉള്ളവ	ഇല്ലാത്തവ
വില്ലേജ് ഓഫീസ്	✓	
കൃഷിഭവൻ		✓
മൃഗാശുപത്രി		✓
സബ്ട്രഷറി		✓
പോലീസ് ക്വാർട്ടേഴ്സ്	✓	
സ്പെഷൽതഹസിൽദാർ		✓
ICDC പ്രൊജക്ട് ഓഫീസ്	✓	
മൈനർ ഇറിഗേഷൻ		✓
ഇറിഗേഷൻ		✓
വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ്		✓
A.W.H ഓഫീസ്		✓

അവലംബം – പഠനപര്യടനം.

പ്രശ്നങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ നിലവിലില്ല.

2. ഗവൺമെന്റ് നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതി

കൾ മുഴുവൻ ആവശ്യങ്ങൾക്കും ലഭ്യമല്ല.

3. ഭവന നിർമ്മാണ വായ്പകൾ ലഭ്യമാവാൻ കാലതാമ സമുണ്ടാകുന്നു.

4. ഭൂരഹിതർക്ക് വീടുവെക്കാൻ ഭൂമി ലഭ്യമല്ല.

5. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ സുല ഭമല്ല.

6. നിലവിലുള്ള ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈ റ്റിയുടെ പ്രവർത്തനം ഉപഭോക്താക്കളുടെ ആവശ്യത്തി നനുസരിച്ച് ലഭ്യമല്ല.

7. ഗതാഗത സൗകര്യമില്ലായ്മ വീടു നിർമ്മാണ ചെലവ് വർദ്ധിപ്പിക്കുന്നു.

8. ലക്ഷം വീടു കോളനിയിൽ വീടുകൾ നിർമ്മിച്ചുകൊ ടുത്തിട്ടില്ല. ഉള്ളവയുടെ അവസ്ഥ ദയനീയം.

9. തൈത്തോട്ടം എന്ന പ്രദേശത്തിന്റെ പാർപ്പിട അവസ്ഥ മോശമാണ്.

10. അന്യ സംസ്ഥാനങ്ങളിൽ നിന്നും ജോലിക്ക് വരുന്ന വർക്ക് പാർപ്പിട സൗകര്യങ്ങളില്ല.

11. മിക്ക സർക്കാർ സ്ഥാപനങ്ങൾക്കും സ്വന്തമായി കെട്ടി ടമില്ല.

12. പോലീസ് ഫാമിലി ക്വാർട്ടേഴ്സ് ജീർണിച്ച് നാമവി ശേഷമായി കൊണ്ടിരിക്കുന്നു.

നിർദ്ദേശങ്ങൾ:-

1.ചെലവു കുറഞ്ഞ രീതിയിൽ കെട്ടിട നിർമ്മാണസാ ധന സാമഗ്രികൾ നേരിട്ട് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക. ഇതിനായി ഫാക്ടറികളിൽ ലെവി ഏർപ്പെടുത്തി കുറഞ്ഞ നിരക്കിൽ സിമന്റ്, കമ്പി, ഓട്, ഫോറസ്റ്റ് മരങ്ങൾ തുടങ്ങിയവ ലഭ്യമാക്കുക.

2.പഞ്ചായത്ത് അടിസ്ഥാനമാക്കി ഹൗസിംഗ് സഹക രണ സംഘങ്ങൾസ്ഥാപിക്കുക.

3.സർക്കാർ തലത്തിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ സ്വന്തമായോ വാടകക്കോ നൽകുക.

4.ഗവർമെന്റ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതി കൾ അർഹരായവർക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരു ത്തുക.

5.ഭൂരഹിതർക്ക് ഭൂമി അനുവദിക്കുക. ഇതിനായി ലക്ഷം വീട് കോളനിയിൽ വീട് നിർമ്മിച്ചു കൊടുക്കുക.

6.ഗതാഗത യോഗ്യമല്ലാത്ത സ്ഥലത്തെ റോഡുകൾ ഗതാഗത യോഗ്യമാക്കുക.

7.തൈത്തോട്ടം എന്ന പ്രദേശത്തെ പാർപ്പിട , പരിസര പ്രശ്നങ്ങൾ പരിഹരിക്കുക.

8.അന്യ നാട്ടിൽ നിന്നും ജോലി തേടി എത്തുന്നവരും അധിവസിപ്പിക്കുവാൻ ഫ്ളാറ്റുകൾ നിർമ്മുക്കുക.

9. കെട്ടിടമില്ലാത്ത സർക്കാർ സ്ഥാപനങ്ങൾക്ക് അടിയ ന്തിരമായി നിർമ്മിച്ചു കൊടുക്കുക.

10 പോലീസ് ഫാമിലി ക്വാർട്ടേർസ് പുതുക്കിപണിയുക.

സാമൂഹ്യക്ഷേമം

സ്വാതന്ത്ര്യാനന്തരമുള്ള നമ്മുടെ ഗ്രാമ പഞ്ചായ ത്തിനെ അവലോകനം ചെയ്യുമ്പോൾ സാമൂഹികവും സാമ്പത്തികവുമായ അടിത്തറ പരിശോധിക്കേണ്ടതുണ്ട്. ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയെ ആശ്രയി ച്ചാണ് ജീവിതം പുലർത്തി പോന്നത്. കച്ച വട-നിർമ്മാണ മേഖലയിലും ജീവിച്ചു പോന്നു. നമ്മുടെ സമൂഹം സാമ്പത്തികമായി പിന്നോക്കാവസ്ഥയിലായി രുന്നു. കാലം അങ്ങനെ മുന്നോട്ട് പോയി. നമ്മുടെ സമൂ ഹത്തിലെ സാമ്പത്തിക സാസ്കാരിക മേഖലയിൽ ,സാമാന്യം പുരോഗതി കൈവരിക്കാൻ തുടങ്ങി. ഗൾഫ് നാട്ടിലുള്ള നമ്മുടെ നാട്ടുകാരുടെ വരുമാനം നാട്ടിന്റെ പുരോഗതിക്ക് മുതൽക്കൂട്ടായി. കൂടാതെ രാജ്യത്തു ണ്ടായ ഗതാഗത വളർച്ചയിലും കച്ചവട മേഖലയിൽ ഉണ്ടായ ഉയർച്ചയിലും, ഒരു അന്താരാഷ്ട്ര വിമാനത്താ വളത്തിന്റെ സാമീപ്യവും സാമൂഹ്യ വളർച്ചക്ക് കാരണ മായിട്ടുണ്ട്. എങ്കിലും ദാരിദ്ര്യ രേഖക്കു താഴെ നിൽക്കു ന്നതും ദാരിദ്ര്യത്തോട് മല്ലിട്ട് കൊണ്ട് ജീവിച്ചു പോരു ന്നവരും ഈ പഞ്ചായത്തിലുണ്ട്. ഉദാഹരണത്തിന് I.R.D.P. സർവ്വെ C.B.N.P. റാപ്പിഡ് സർവ്വെ എന്നിവ യിൽ പഞ്ചായത്തിലെ ദരിദ്ര കണക്കുകൾ കാണി ക്കുന്നു.

കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിലെ I.R.D.P. സർവ്വെ പ്രകാരം 1435 ദരിദ്ര കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തി യിട്ടുണ്ട്. അതിൽ 182 പട്ടിക ജാതി കുടുംബങ്ങൾ വനം. 1994 ൽ C.B.N.P. റാപ്പിഡ് സർവ്വെയിലൂടെ 37 അയൽക്കൂ ട്ടങ്ങളിലായി 1046 റിസ്ക് കുടുംബങ്ങളെ കണ്ടെത്തിയി ട്ടുണ്ട്. പട്ടിക 1ൽ I.R.D.P. സർവ്വെ റിപ്പോർട്ട്.

കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

II. R. D. P. സർവ്വേപ്രകാരം ദാരിദ്ര്യ രേഖക്കു താഴെയുള്ളവരുടെ വിവരങ്ങൾ

പട്ടിക-1

വാർഡ്	സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ	ഇതിൽ പട്ടിക ജാതി കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ പട്ടിക ജാതി കുടുംബങ്ങൾ	സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖക്കു മുകളിൽ എത്തിയവർ	ദാരിദ്ര്യ രേഖക്കു താഴെയുള്ള ആകെ കുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പെടെ
1	2	3	4	5	6	7
1	214	31	42	24	25	200
2	245	22	30	21	18	225
3	96	10	20	14	12	90
4	91	14	15	8	9	87
5	172	17	11	6	4	168
6	127	12	15	10	9	120
7	201	28	27	17	18	185
8	148	10	31	10	22	126
9	141	38	25	19	17	122
ആകെ	1435	182	216	129	134	1323

അവലംബം- സെക്കന്ററിഡാറ്റ

കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

സാമൂഹ്യാധിഷ്ഠിത പോഷകാഹാര പരിപാടി &ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി

പട്ടിക-2

ക്രമനമ്പർ	വാർഡ് എണ്ണം	NHG കളുടെ (ADS)		ഏരിയ ഡവലപ്പ് സൊസൈറ്റി
1	1	6		നീറാട് KYO.201
2	2	3		മുണ്ടപ്പലം KYO 202
3	3	4		കൊണ്ടോട്ടിKYO 203
4	4	2		മേലങ്ങാടി KYO 204
5	5	2		കാഞ്ഞിര പറമ്പ് KYO 205
6	6	3		അവലംബം-സെക്കന്ററി ഡാറ്റ
7	7	3		സർവ്വെ പ്രകാരം 1046 റിസ്ക് കുടുംബങ്ങൾ കണ്ടെത്തിയിട്ടുണ്ട്
8	8	6		
9	9	5		
10	10	3		
ആകെ		37		

പട്ടിക-III A

11.9 ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ(RAP)

വാർഡ്	II.R.D.P. സർവ്വേപ്രകാരം ഗ്രാമീണ ത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് അർഹതയു ള്ളവരുടെ എണ്ണം	കുറിപ്പ്
1	2	3	4	5
I	4	3	1	
II	11	6	5	
III	4	1	3	
IV	6	6		
V	9	2	7	
VII	17	9	8	
VIII	13	9	4	
ആകെ	64	30	34	

43

അവലംബം: സെക്കന്ററി ഡാറ്റ

കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത് അംഗൻവാടികളെ സംബന്ധിച്ച വിവരം

ക്രമനമ്പർ വാർഡ് അംഗനവാടികൾ കെട്ടിടം ഉള്ളവ കെട്ടിടം ഇല്ലാത്തത് സ്ഥലം ഉള്ളത് സ്ഥലം ഇല്ലാത്തത് സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത്

ക്രമനമ്പർ	വാർഡ്	അംഗനവാടികൾ	കെട്ടിടം ഉള്ളവ	കെട്ടിടം ഇല്ലാത്തത്	സ്ഥലം ഉള്ളത്	സ്ഥലം ഇല്ലാത്തത്	സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത്	സ്വന്തം കെട്ടിടം ഉള്ളവ
1	1	കാളകണ്ടി	✓		✓			✓
2	2	കുട്ടൻകാവ്		✓		✓		✓
3	1	ഉള്ളാട്ട് പുറായി		✓		✓		✓
4	2	ചെന്മല പറമ്പ്	✓		✓			✓
5	2	തുറക്കൽ ചേനാട്ട്		✓	✓		✓	✓
6	3	ചേപ്പിലിക്കുന്ന്	✓		✓			✓
7	5	നയാബസാർ		✓		✓		✓
8	5	തൈത്തോട്ടം II		✓		✓		✓
9	6	തൈത്തോട്ടം I		✓		✓		✓
10	6	ആലുംകണ്ടി		✓		✓		✓
11	6	മണ്ണാരിൽ		✓	✓		✓	✓
12	7	മുണ്ടപ്പലം		✓		✓		✓
13	8	കാഞ്ഞീര പറമ്പ്		✓		✓		✓
14	9	കോട്ടപറമ്പ്		✓		✓		✓
15	10	നീറ്റാണി		✓		✓		✓
16	10	കൊളത്തൂർ (മല്ലപ്പള്ളി)		✓		✓		✓
ആകെ			3	13	5	11	2	16

അവലംബം: സെക്കന്ററി ഡാറ്റ

സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിനായി സർക്കാർ തലത്തിൽ വിനിയോഗിക്കപ്പെടുന്ന സാമ്പത്തിക സഹായങ്ങൾ യഥാവിധി ബന്ധപ്പട്ടവർക്ക് ലഭിച്ചിട്ടില്ല. സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ബോധമില്ലായ്മ കൊണ്ട് ആനുകൂല്യങ്ങൾ ലഭിക്കുന്നതിലുള്ള പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. സമൂഹത്തിലെ വനിതകൾക്ക് വനിതാ ക്ഷേമ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. എന്നിരുന്നാലും പുതുതായി വനിതാ ക്ഷേമത്തിലായി CBNF, പഞ്ചായത്ത് വനിതാവേദി, അംഗന വാടികളോടനുബന്ധിച്ച് മഹിളാ സമാജങ്ങൾ സ്കൂൾ, മാതൃ സംഗമം , തുടങ്ങിയവ വനിതാ രംഗത്ത് പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്നുണ്ട്. മൊത്തത്തിൽ പഞ്ചായത്ത് തലത്തിൽ വളർന്നു വന്നിട്ടുള്ള സാമൂഹ്യബോധം സമൂഹത്തിന്റെ ഉന്നമനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന്റെ ലക്ഷണങ്ങൾ കണ്ട് തുടങ്ങിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1. IRDP ലിസ്റ്റിൽ അർഹരായ എല്ലാ കുടുംബങ്ങളും ഉൾപ്പെട്ടിട്ടില്ല.

IRDP സഹായം മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമല്ല

3. ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ. സാമൂഹ്യ ക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന കോർപ്പറേഷനെ കുറിച്ച് വിവരമില്ലായ്മ.

4. വിവിധ പെൻഷനുകളും ക്ഷേമ നിധികളും അർഹരായവർക്ക് ലഭിക്കാനുള്ള കാല താമസം.

5. സാമൂഹ്യ ക്ഷേമ പദ്ധതികളെക്കുറിച്ച് ബോധവത്ക്കരണകുറവ്

6. അംഗൻവാടികൾക്ക് സ്ഥലവും കെട്ടിടവും ഇല്ല.

7. വനിതാ സ്വയം തൊഴിൽ യൂണിറ്റുകളുടെ അപര്യാപ്തത.

8. DWRCA പ്രൈസം തുടങ്ങിയവയുടെ പ്രവർത്തനം തൃപ്തികരമല്ല.

9. പൊതു വിതരണ കേന്ദ്രത്തിന്റെ (റേഷൻ ഷോപ്പ്) പ്രപർത്തനം തൃപ്തികരമല്ല.

10. തൊഴിലില്ലായ്മ, വേതന വിതരണത്തിലെ അപാകതകൾ

11. കളി സ്ഥലത്തിന്റെ അപര്യാപ്തത

12 സ്പോർട്സ് ഉപകരണങ്ങളുടെ അപര്യാപ്തത

നിർദ്ദേശങ്ങൾ:

1. IRDP സർവ്വെ ലിസ്റ്റ് കുറ്റമറ്റതാക്കുക.

2. IRDP ലിസറ്റിൽപെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമാക്കുക.

3. ക്ഷേമനിധി വിതരണത്തിലെ കാലതാമസം ഒഴിവാക്കുക.

4. വിവിധ സാമൂഹ്യക്ഷേമ പദ്ധതികളെ കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുക.

5. പ്രൈസം പരിശീലനം പൂർത്തിയാക്കിയ മുഴുവൻ പേർക്കും സ്വയം തൊഴിൽ തുടങ്ങാനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

6. DWCRAപദ്ധതിയുടെ പ്രവർത്തനം കൂടുൽ കാര്യക്ഷമമാക്കുക.

7. വാർഡടിസ്ഥാനത്തിൽ മഹിളാ സ്മാജങ്ങൾ രൂപീകരിക്കുക, വനിതകൾക്ക് ലഭ്യമാകുന്ന വിവിധ ആനുകൂല്യങ്ങൾ മഹിളാ സമാജങ്ങൾ വഴി സാധാരണ ജനങ്ങളിലെത്തിക്കുക.

8. നിലവിലുള്ള മുഴുവൻ അംഗന വാടികൾക്കും സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.

9. കുട്ടികൾക്കാവശ്യായ പോഷകാഹാര രോഗ പ്രതിരോധ പദ്ധതികൾ ഉറപ്പു വരുത്തുക.

10. അംഗനവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുക.

11. വനിതകൾക്കായി വിവിധ സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുക, വായ്പാ സൗകര്യങ്ങൾ ഉദാരമാക്കുക.

12. സാമൂഹ്യ ക്ഷേമ രംഗത്ത് സന്നദ്ധ സംഘടനകൾക്ക് പ്രോത്സാഹനം നൽകുക.

13. പൊതു വിതരണ കേന്ദ്രത്തിൽ കൂടി നിത്യോപയോഗ സാധനങ്ങളുടെ വിതരണം ഉറപ്പ് വരുത്തുക.

14. ഉപഭോക്തൃ ഗൈഡൻസ് സെന്റർ സ്ഥാപിക്കുക, ഉപഭോക്തൃ സംരക്ഷണം ഉറപ്പ് വരുത്തുവാൻ ജനങ്ങളെ ബോധവൽക്കരിക്കുക.

15. രോഗ നിർമ്മാർജ്ജന സഹായങ്ങൾ വർദ്ധിപ്പിക്കുക.

16. മുഴുവൻ സന്നദ്ധ സംഘടനകൾക്കും സ്പോർട്സ് കിറ്റുകൾ നൽകുക, പഞ്ചായത്തിൽ പൊതു സ്റ്റേഡിയം നിർമ്മിക്കുക.

17. CBNP യുടെ പ്രവർത്തനവും സംഘാടനവും ഫലപ്രഥമാക്കുക.

8. സംസ്കാരം

പുരാതനകാലത്ത് കൊണ്ടോട്ടിയിലെ ജന്മിമാരിൽ പ്രധാനികൾ തിനയഞ്ചേരി ഇളയത്ത്, തലയൂർ മൂസത് എന്നവരായിരുന്നു. ഇവരിൽ തലയൂർ മൂസതാണ് മുസ്ലീം അധികാരത്തിന്റെ പ്രതീകമായി ഇന്നും നില നിൽക്കുന്ന പഴയങ്ങാടിപള്ളിക്ക് കരം ഒഴിവാക്കി സ്ഥലം നല്കിയതത്രേ. അക്കാലത്ത് ഈ പ്രദേശ മത്രയും വൻകാടും വന്യമൃഗങ്ങളുടെ വിഹാരകേന്ദ്രവുമായി രുന്നു.

ഈ സ്ഥലത്ത് പള്ളി പണിയുന്നതിന് കാടുവെട്ടി തെളിയിക്കുവാൻ സ്ഥലത്തെ നാല് പ്രമുഖ മുസ്ലീം കുടുംബങ്ങൾ തീരുമാനിച്ചു. ഇവർ കാട്ടിലേക്ക് നാട്ടു കാരുടെ സാന്നിധ്യത്തിൽ പൊൻപണം എറിഞ്ഞു. ഈ പൊൻ പണങ്ങൾ കരസ്ഥമാക്കാൻ നാട്ടുകാർ കാട് വെട്ടി തെളിയിച്ചു. കാടുവെട്ടിതെളിയിച്ച സ്ഥലം കൊണ്ടു വെട്ടി എന്ന പേരിൽ അറിയപ്പെട്ടു. പീന്നീട് അത് കൊണ്ടോട്ടി ആയിമാറി.

കൊണ്ടോട്ടിയിൽ ആദ്യകാലവിദ്യാഭ്യാസ പ്രവർത്തനം ആരംഭിക്കുന്നത് 1880 പുകലക്കോട് എന്ന സ്ഥലത്ത് സ്ഥാപിച്ച ഏകാധ്യാപകസ്കൂൾ മുഖേന യാണ് ആദ്യത്തെ അധ്യാപകൻ ശ്രീ.പി.അബൂബക്കർ മാസ്റ്റർ ആയിരുന്നു. ഈ ഏകാദ്ധ്യാപക വിദ്യാലയമാണ് ഇന്നത്തെ കൊണ്ടോട്ടി ഗവ.യു.പി.സ്കൂൾ

പിന്നീട് കൊണ്ടോട്ടിയിലുണ്ടായിരുന്ന പല ഓത്ത് പള്ളികളും ഡെപ്യൂട്ടി ഇൻസ്പക്ററർ ഗഫൂർ സാഹി ബിന്റെ പ്രോത്സാഹന ഫലമായി പൊതു വിദ്യാലയങ്ങ ളായിമാറി.

ടിപ്പു സുൽത്താനിൽ നിന്നും ഇനാംദാർ പട്ടം ലഭി ക്കുകയും ബ്രിട്ടീഷ് സർക്കാർ ഈ പട്ടം തുടരാൻ അനു വദിക്കുകയും ചെയ്ത ഹസ്രത്ത് മുഹമ്മദ് ശാഹ് തങ്ങൾ ആണ്. ഇന്നത്തെകൊണ്ടോട്ടി കുബ്ബക്ക് തറക്കല്ലിട്ടത്.

ഹിജറ വർഷം1180 വ : അവ്വൽ 14ന് ഇദ്ദേഹം ചരമ മടയുകയും ഭൗതിക ശരീരം ഈ കുബ്ബയിൽ ഖബറട ക്കുകയും ചെയ്തു. ഇന്ന് കൊണ്ടാടപ്പെടുന്ന കൊണ്ടോട്ടി നേർച്ച ഹിന്ദുമുസ്ലീം സൗഹൃദത്തിന്റെ പ്രതീകമാണ്. ഇതൊരു പ്രാദേശീക ഉത്സവമായാണ് കൊണ്ടോട്ടിയിലെ മുഴുവൻ ജനങ്ങൾ ആഘോഷിക്കു ന്നത്.

കൊണ്ടോട്ടി പഞ്ചായത്തിൽ അനൗപചാരിക വിദ്യാഭ്യാസകേന്ദ്രമായി 1935ൽ ആരംഭിച്ച പഞ്ചായത്ത് വായനശാലയാണ് ഇന്നത്തെ റൂറൽ ലൈബ്രറിയായി കൊടാഞ്ചീ റയിൽ. യുവജനസമിതിയുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് സി.പി. അബദുറഹിമാൻ സ്മാരക വായനശാല, ഇസ്ലാമിക് റീഡിംഗ്റൂം ലൈബ്രറി, കലാ രഞ്ജിനി നീറാട്, അരങ്ങ് ലൈബ്രറി തുറക്കൽ, ഇസ്ലാ മിക് റീഡിംഗ് റൂം മുണ്ടപ്പാലം മോയിൻകുട്ടി വൈദ്യർ സ്മാരക വായനശാല & ഗ്രന്ഥാലയം മേലങ്ങാടി, സല ഫിവായനശാല തുറക്കൽ എന്നിവയും മുപ്പതിലധികം ക്ലബ്ബുകളും സാംസ്കാരികരംഗത്ത് ഉയർന്ന് വന്നിട്ടുണ്ട്. ഇതിൽ കലാരഞ്ജിനി നീറാട് ജില്ലാ തല അവാർഡ് ലഭിച്ച സ്ഥാപനമാണ്. -കൊണ്ടോട്ടി കൾച്ചറൽ യൂണിയൻ ദേശീയ തലത്തിൽ അവാർഡ് ലഭിച്ച സ്ഥാപനമാണെന്ന് എടുത്ത് പറയേണ്ടതാണ്. യൂത്ത് സ്- കൊണ്ടോട്ടിക്ക് 1-2 ഏക്ര കളിസ്ഥലമുണ്ട്

1954ൽ യുവജന കലാസമിതി എന്ന ഒരു സാംസ്കാ രിക കേന്ദ്രം കൊണ്ടോട്ടിയിൽ ഉണ്ടായിരുന്നു. കെ.ടി.മുഹമ്മദ് സാലിഹ് തങ്ങൾ രചിച്ച ജീവിത ഗതി, കൂലിക്കാരന്റെ പെരുന്നാൾ, കണക്കപ്പിള്ള - എന്നീ നാട കങ്ങൾ ഈ കലാസമിതിയുടെ നേതൃത്തിൽ അര ങ്ങേറി.ഈ കലാസമിതിയുടെ നേതൃത്തിൽ പുലരി എന്ന കയ്യെഴുത്ത് മാസിക പ്രസിദ്ധീകരിക്കുകയുണ്ടായി, കൂടാതെ അന്ന് നിലവിലുണ്ടായിരുന്ന ദേശീയ കലാ സമിതി നാടകരംഗത്ത് സംഭാവനകൾ നല്കിയിട്ടുണ്ട്.

നാടൻ കലാരൂപങ്ങൾ പ്രദർശിപ്പിക്കുന്ന കാവ് ഉൽസവങ്ങളും കൊണ്ടോട്ടിയുടെ വിവിധ ഭാഗങ്ങളിൽ നടത്തപ്പെടുന്നുണ്ട്. ആഘോഷിക്കുന്നു. ഇത്തരത്തിൽ മേൽ സൂചിപ്പിച്ച രീതിയിൽ വളരെ ഉയർന്ന സാംസ്കാ രിക പൈതൃകം നിലനിൽക്കുന്ന കൊണ്ടോട്ടിയിൽ അത ദനുസൃതമായ വളർച്ച കൈവരിച്ചിട്ടുണ്ടോ എന്നതിൽ സന്ദേഹമുണ്ട്. ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ അതി പ്രസരം സാംസ്കാരിക രംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു.

പ്രശ്നങ്ങൾ

1. വായനശീലം കുറഞ്ഞുവരുന്നു; പൈങ്കിളി സാഹി ത്യത്തിന് താല്പര്യം കൂടുന്നു.
2. ലഹരി പദാർത്ഥങ്ങളും മയക്കുമരുന്നും ഉപയോഗി ക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നു.
3. അശ്ലീല സാഹിത്യത്തിന്റെ കടന്നുകയറ്റം.
4. ഉപഭോഗസംസ്കാരം വളർന്നുവരുന്നു.
5. സ്ത്രീ പീഡനം-കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നു
6. മിക്ക വാഡുകളിലും വായനശാലകൾ ഇല്ല.
7. ജനവിദ്യാഭ്യാസകേന്ദ്രങ്ങളിലെ സാക്ഷരതാ തുടർവി ദ്യാഭ്യാസപരിപാടി നിലച്ചു.
8. പ്രാചീന കലാരൂപങ്ങൾ അപ്രത്യക്ഷമാകുന്നു.
9. സ്കൂളുകളിൽ കലാകായിക പ്രവർത്തനങ്ങൾക്കു വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.
10. പാഠ്യേതര വായനയെ പ്രോത്സാഹിച്ചിരുന്നില്ല.
11. സ്കൂളുകളിലെ ലൈബ്രറി സൗകര്യം പരിമിതമാണ്.
12. പഞ്ചായത്തിൽ പൊതു കളിസ്ഥലങ്ങൾ ഇല്ല.

പരിഹാരമാർഗ്ഗങ്ങൾ

1. നിലവിലുള്ള ലൈബ്രറികളുടെ പ്രവർത്തനം കാര്യ ക്ഷമമാക്കുക.
2. ക്ലബ്ബുകൾക്ക് പഞ്ചായത്ത് തലത്തിൽ രജിസ്റ്റർ ചെയ്ത് ധനസഹായം നല്കുക. അവാർഡ് നല്കുക.
3. ഓണാഘോഷം, കേരളോത്സവം, സ്വാതന്ത്ര്യദിനാ ഘോഷം എന്നിവ പഞ്ചായത്ത് തലത്തിൽ നടത്തുക.
4. പഞ്ചായത്ത് തലത്തിൽ കലാമേളയും, കായിക മേളയും നടത്തുക
5. മോയിൻകുട്ടി വൈദ്യരെപ്പോലുള്ള കവികളുടെ ജീവചരിത്രം പുത്തൻ തലമുറക്ക് ആവേശം പകരുന്ന തിന് വേണ്ടി പ്രചരിപ്പിക്കുക.

9. വനിത

പഞ്ചായത്തിലെ ജനസംഖ്യയിൽ 11120 സ്ത്രീകളാണ്. ഇത് മൊത്തം പുരുഷന്മാരെക്കാൾ 327 എണ്ണം കൂടുതലാണ്. ഇതിൽ 7815 പേർ സാക്ഷരരാണ്. സാക്ഷരതാ നിലവാരം മേൽപറഞ്ഞതാണെങ്കിലും വിദ്യാഭ്യാസ നിലവാരം സ്ത്രീകളിൽ വളരെ കുറവാണ്. പഞ്ചായത്ത് ഒരു മുസ്ലിം ഭൂരിപക്ഷപ്രദേശമാണെങ്കിലും 30% ഇതര സമുദായങ്ങളിലും പെട്ടവരാണ്.

ഭൗതിക വിദ്യാഭ്യാസം പെൺകുട്ടികൾക്ക് വേണ്ടെന്നുള്ള ചിന്തയും, സ്കൂൾ സൗകര്യക്കുറവും ബാല്യകാലവിവാഹവും വിദ്യാഭ്യാസ രംഗത്തുനിന്ന് പെൺകുട്ടികളെ അകറ്റി നിർത്തിയിരുന്നു 1948 ൽ മദ്രാസ് മുസ്ലിം അസോസിയേഷന്റെ സഹായത്തോടുകൂടി തിരൂരിൽ പെൺകുട്ടികൾക്കായുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ ചേർന്ന് പഠിച്ച് അദ്ധ്യാപികമാരും മറ്റുമായി തീർന്ന ചുരുക്കം വനിതകളിൽ ചിലരാണ് പാണാളി ആമിനക്കുട്ടി, കോട്ടക്കുന്നൻ ഇത്തീമക്കുട്ടി, തൊട്ടിയൻ ഖദീജ, തൊട്ടിയൻ ഫാത്തിമ ഇമ്പിച്ചി ബാവ, പള്ളിക്കത്തൊടി എറത്താലി കുഞ്ഞിപ്പാത്തോമ, പയണ്ട പുറത്ത് കദീശക്കുട്ടി എന്നിവർ.

തുടർച്ചയായ പ്രസവങ്ങളും, പരിചരണക്കുറവും ആരോഗ്യകാര്യത്തിലും സ്ത്രീകളെ പിറകിലാക്കുന്നു. മാതൃ-ശിശു സംരക്ഷണകേന്ദ്രങ്ങൾ, നീറാട് ചെമ്മലപ്പറമ്പ് നായാബസാർ കാഞ്ഞിരപ്പറമ്പ് വടക്കേകുളം (മെയിൻ സെന്റർ) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. കൂലിയില്ലാതെ വേല ചെയ്യുന്നവരാണ് സ്ത്രീകളിലധികവും കുടുംബനാഥകൾ സ്ത്രീകളാണെന്നും, കുടുംബസംരക്ഷണ ബാദ്ധ്യത സ്ത്രീകൾക്കാണെന്നുമുള്ള വിശ്വാസമാണ് ഇതിനുകാരണം.

കാർഷിക മേഖലയായിരുന്ന നമ്മുടെ പാഞ്ചായത്തിൽ നെൽപാടങ്ങൾ കരഭൂമിയാക്കിമാറ്റിയതു കാരണം സ്ത്രീകളുടെ തൊഴിലവസരങ്ങൾ ഗണ്യമായി കുറഞ്ഞു മാത്രമല്ല പുരുഷന്റെ കൂലിയിൽ പകുതി മാത്രമേ സ്ത്രീക്ക് കിട്ടുന്നുള്ളൂ നിർമ്മാണ പ്രവർത്തനത്തിൽ കൂലി കൂടുതൽ കിട്ടുന്നത് കൊണ്ടു ഇവർ ആ രംഗത്തേക്ക് മാറി പോകുന്നു. സ്ത്രീകൾക്ക് തൊഴിലവസരങ്ങളുള്ള വ്യവസായ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല.

ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. അതു കൊണ്ട് കൂടുതൽ സ്ത്രീകൾ ഈ പദ്ധതിയിലേക്ക് ആകർഷിക്കപ്പെടുന്നില്ല.

സ്ത്രീ – തൊഴിൽ പട്ടിക

	ചെറുകിട വ്യവസായങ്ങൾ	തൊഴിലാളികളുടെ എണ്ണം	പരമ്പരാഗത കുടിൽ വ്യവസായം	തൊഴിലാളികളുടെ എണ്ണം
1.	അച്ചടി	26	1. ബീഡി	250
2.	സോപ്പ്	4	2. പപ്പട നിർമ്മാണം	50
3.	ഇഷ്ടിക	10	3. കൊട്ട നെയ്ത്ത്	4
4.	ചെരിപ്പ്	4	4. പായനെയ്ത്ത്	5
5.	ആയുർവേദം	6		
6.	റെഡിമെയ്ഡ്	7		
	ആകെ	57	ആകെ	309

4 DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

1-ാം വാർഡിൽ ക്ഷീരോല്പാദക യൂണിറ്റ്

1-ാം വാർഡിൽ ഒരു ആട് വളർത്തൽ യൂണിറ്റ്

1-ാം വാർഡിൽ ഒരു പായ നെയ്ത് യൂണിറ്റ്

2-ാം വാർഡിൽ ഒരു ആട് വളർത്തൽ, പായ നെയ്ത്ത് യൂണിറ്റുകൾ

9-ാം വാർഡിൽ പായനെയ്ത്, ആടുവളർത്തൽ യൂണിറ്റുകൾ

ക്ഷേമപ്രവർത്തനങ്ങൾ

16 അംഗനവാടികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സ്ഥലമില്ലാത്തത് കാരണം 13 അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല. 3 എണ്ണത്തിന് മാത്രമേ സ്വന്തമായി കെട്ടിടങ്ങളുള്ളൂ. പല വാർഡുകളിലും അംഗനവാടികളില്ല.

അംഗനവാടികളിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് പഞ്ചായത്തിൽ 700 പാലൂട്ടുന്ന അമ്മമാരും 158 ഗർഭിണികളുമുണ്ട്.

222 പേർക്ക് വിധവാ പെൻഷൻ കിട്ടുന്നു. ഇതിൽ ആൺകുട്ടികൾക്ക് പ്രായപൂർത്തിയായത് കൊണ്ട് 24 പേർക്ക് പെൻഷൻ കിട്ടുന്നില്ല.

വാർദ്ധക്യകാല പെൻഷൻ 4 പേർക്ക് മാത്രമാണ് ലഭിക്കുന്നത്. ഈ വർഷം അപേക്ഷിച്ചവർക്ക് പെൻഷൻ കിട്ടിയിട്ടില്ല

പഞ്ചായത്തിൽ മഹിളാ സമാജങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അത് പ്രവർത്തന ക്ഷമമല്ല.

CBNP പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്നു ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്ന ത്രിഫ്റ്റ് സൊസൈറ്റിയിൽ 600 കുടുംബങ്ങൾ ഉൾക്കൊള്ളുന്നു CBNP സെൻസസ്സ് പ്രകാരം 1046 റിസ്ക് കുടുംബങ്ങൾ ഉണ്ട്. CBNP പ്രവർത്തനങ്ങൾ നേരിൽ കാണുന്നതിന്നു യൂണിസഫ് പ്രതിനിധി കെന്റി പ്രഭ1 14-2-96ന് കൊളപ്പള്ളി ലക്ഷം വീട് കോളനി സന്ദർശിക്കുകയും പ്രവർത്തനത്തിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

1957 ൽ പൊതു വിദ്യാഭ്യാസ രംഗത്ത് വന്ന മാറ്റത്തിന്റെ ഫലമായി കൊണ്ടോട്ടിയിൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിതമായി. പെൺകുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിൽ ഇത് കാര്യമായി സഹായിച്ചു. മുസ്ലിം പെൺകുട്ടികൾക്ക് സ്കോളർഷിപ്പുനൽകിയതും, അറബിക്ക് പഠനം ആരംഭിച്ചതും കൂടുതൽ പ്രോത്സാഹനജനകമായിരുന്നു കൂടാതെ ഹരിജൻ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് അനുവദിച്ചതും പെൺ കുട്ടികളുടെ വിദ്യാഭ്യാസത്തിന്ന് ആക്കം കൂട്ടി. പൊതു വിദ്യാഭ്യാസരംഗത്ത് ഫലപ്രദമായ പ്രോത്സാഹനങ്ങൾ ലഭിച്ചതിന്റെ ഫലമായി നിരവധി വനിതകൾക്ക് ഉന്നത വിദ്യാഭ്യാസം ലഭിക്കാനിടയായി. അവരിൽ ചിലർ പാണാളി ജമീല മുംതാസ് (ഡിവിഷൻ എൻജിനീയർ) പണ്ടാരപ്പെട്ടിക്കളത്തിങ്ങൽ സൗദാബീഗം (കംപ്യൂട്ടർ എൻജിനീയർ) K.P. സൈനബ Msc. Bed. ആനക്കച്ചേരി നഫീസMA, എന്നിവർ എടുത്തു പറയേണ്ടവരാണ്.

പഞ്ചായത്തീരാജ്, നഗരപാലികബിൽ നിയമമായി നടപ്പാക്കിയതോടെ കൂടുതൽ വനിതകൾ പൊതു രംഗത്ത് വന്നു കൊണ്ടിരിക്കുന്നു. തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും ജയിക്കുകയും ഭരണകർത്താക്കളായി മാറുകയും ചെയ്തിട്ടുണ്ട്

പ്രശ്നങ്ങൾ

1. ബാല വിവാഹങ്ങൾ നിലനിൽക്കുന്നു

2. മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല

3. വനിതകൾക്ക് ബോധവൽക്കരണ പരിപാടി ഇല്ല,

4. വനിതകൾക്കുള്ള തൊഴിലവസരങ്ങൾ കുറവാണ്

5. ജോലികളിൽ ലിംഗപരമായ വിവേചനം നിലനിൽക്കുന്നു

6. തൊഴിൽ പരിശീലനമില്ല

7. തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല

8. മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല

9. ക്ഷേമ പ്രവർത്തനങ്ങൾ അപര്യാപ്തമാണ്

10. സാമ്പത്തിക ഞെരുക്കം പെൺകുട്ടികളുടെ വിവാഹത്തെ ബാധിക്കുന്നു.

നിർദ്ദേശങ്ങൾ

1. മാതൃ ശിശു സംരക്ഷണകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക

2. സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് പ്രാദേശികമായി സ്ഥലം കണ്ടെത്തി കെട്ടിടങ്ങൾ നിർമ്മിക്കുക

3. DWCRA യൂണിറ്റുകൾ പ്രവർത്തന ക്ഷമമാക്കുകയും പുതിയ യൂണിറ്റുകൾ (അച്ചാർ കമ്പനി, കറിപൗഡറുകൾ നിർമ്മാണം, കോഴിവളർത്തൽ). പ്രേത്സാഹിപ്പിക്കുക

5. നിലവിലുള്ള ടൈലറിംങ്ങ് ഇൻസ്റ്റിട്ട്യൂട്ട് സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുക.

6. തുല്യജോലിക്ക് തുല്ല്യവേതനം ഉറപ്പ് വരുത്തുക

7. വിധവാ പെൻഷൻ കിട്ടുന്നതിന്ന് ആൺകുട്ടികളുടെ പ്രായപരിധി കണക്കാക്കുന്ന സമ്പ്രദായം ഒഴിവാക്കുക

8. പെൺകുട്ടികളുടെ വിവാഹത്തിന്ന് സാമ്പത്തിക സഹായം നൽകുക.

9. സഹകരണാടിസ്ഥാനത്തിൽ ടൈലറിങ്ങ്. എംബ്രോയിഡറി എന്നിവക്ക് സഹായധനം നൽകുക.

10. സമൂഹ വിവാഹം സംഘടിപ്പിക്കുക വഴി വിവാഹ ആർഭാഡങ്ങളും സ്ത്രീധന സമ്പ്രദായങ്ങളും നിരുത്സാഹപ്പെടുത്തുക.

10. സഹകരണ മേഖല

നാനാമേഖലകളിലും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവരുടെ ഉന്നമനത്തിന് നിദാനമായി വർത്തിക്കുന്ന ഒരു ജനകീയ പ്രസ്ഥാനമായി വളർന്നുവരികയാണ് സഹകരണ പ്രസ്ഥാനം. കേരളത്തിലും നമ്മുടെ ജില്ലയിലും സഹകരണപ്രസ്ഥാന രംഗത്ത് അഭൂതപൂർവ്വമായ നേട്ടങ്ങളുണ്ടായിട്ടുണ്ട്.

കൊണ്ടോട്ടി പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള ഹ്രസ്വവിവരണം താഴെ ചേർക്കുന്നു.

1. കൊണ്ടോട്ടി പി. സി. സി. അഗ്രികൾച്ചറൽ മാർക്കറ്റിംഗ് & പ്രൊസസിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റി.

1946-ൽ സ്ഥാപിതമായ ഈ സംഘം ഒരു വിവിധോദ്ദേശ്യ സഹകരണ സംഘമായാണ് പ്രവർത്തനം ആരംഭിച്ചത്. ഉൽപാദനവും വിപണനവും ആയിരുന്നു ഈ സംഘത്തിന്റെ മുഖ്യ ഉദ്ദേശ്യം.

ഈ സംഘത്തിന്റെ പ്രവർത്തനപരിധി കൊണ്ടോട്ടി, പുളിക്കൽ, നെടിയിരുപ്പ്, ചീക്കോട്, വാഴക്കാട്, കുഴിമണ്ണ, വാഴയൂർ, ചെറുകാവ്, ഊർങ്ങാട്ടിരി, പള്ളിക്കൽ, അരീക്കോട്, ചേലേമ്പ്ര, കീഴ്പറമ്പ് എന്നീ പഞ്ചായത്തുകളും മൊത്തം അംഗസംഖ്യ 2699ഉം ആണ്. സംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം 30 ലക്ഷം രൂപയും പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം 63, 200 രൂപയും സർക്കാർ ഓഹരി 6, 40,000 രൂപയുമാണ്.

സംഘത്തിന്റെ ഇന്നത്തെ പ്രവർത്തനം മുഖ്യമായും സർക്കാർ, സിവിൽ സപ്ലൈസ് മുഖേന റേഷൻകാർഡുവഴി വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങൾ ഏറ്റെടുത്ത് റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്യുന്ന ഏജൻസി എന്ന നിലയിലാണ്. പ്രസ്തുത സംഘത്തിന്റെ കീഴിൽ ഒരു മെഡിക്കൽഷാപ്പും (പുളിക്കൽ) പ്രവർത്തിച്ചുവരുന്നു. ഈ മേഖലകളിൽ കഴിഞ്ഞ കാലത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് സംഘത്തിന് കഴിഞ്ഞിട്ടുണ്ട്. കൊണ്ടോട്ടി കമ്യൂണിറ്റി ഹെൽത്ത് സെന്ററിന് സ്ഥലം നൽകിയത് പി. സി. സി. സൊസൈറ്റിയാണ്. ഇത് സംഘത്തിന്റെ മാതൃകാപരമായ പ്രവർത്തനമാണെന്ന് പ്രത്യേകം എടുത്തുപറയാവുന്നതാണ്. കഴിഞ്ഞ കാലങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ, സംഘത്തിന്റെ മുഴുവൻ ഉദ്ദേശലക്ഷ്യങ്ങളിലേക്കും കടന്നുചെല്ലുവാൻ സാധ്യമായിട്ടില്ല എന്ന് കാണാവുന്നതാണ്.

2. കൊണ്ടോട്ടി റൂറൽ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി.

1956-ലാണ് ഈ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചത്. ഇതിന്റെ പ്രവർത്തനപരിധി 14 പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്നു. അംഗീകൃത ഓഹരി മൂലധനം 26,10,000 രൂപയും പിരിഞ്ഞുകിട്ടിയ മൂലധനം 11,10,520 രൂപയും സർക്കാർ ഓഹരി 3, 30,000 രൂപയുമാണ്. സംഘത്തിലെ മൊത്തം അംഗസംഖ്യ 1636 ആണ്. സംഘം ഇതുവരെയായി 1,11,39,471 രൂപ ഭവന നിർമാണ വായ്പയുമായി നൽകിയിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം മോശമല്ലാത്ത നിലയിലാണെങ്കിലും ഭവന നിർമാണരംഗത്ത് ആവശ്യമായ തോതിൽ വായ്പ നൽകാൻ പല കാരണങ്ങളാൽ സംഘത്തിന് സാധ്യമായിട്ടില്ല.

3. കൊണ്ടോട്ടി സർവ്വീസ് സഹകരണ ബാങ്ക്.

1965 മുതൽ പ്രവർത്തിച്ചുവരുന്ന ഈ സംഘം തുടക്കത്തിൽ സർവ്വീസ് സൊസൈറ്റി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കർഷകരായ സംഘം മെമ്പർമാർക്ക് കൃഷി ചെയ്യുന്നതിന് സംഘം വഴി അൾജാമ്യത്തിന്റെ ഈടിൽ ചെറിയ സംഖ്യകൾ കടം കൊടുക്കുക എന്നതായിരുന്നു സംഘത്തിന്റെ പ്രവർത്തനം. അപ്പക്സ് സൊസൈറ്റിയുടെ പിൻബലമാണ് സംഘത്തിനുണ്ടായിരുന്നത്. ക്രമേണ സംഘത്തിന്റെ പ്രവർത്തകരുടെ യോജിച്ച പ്രവർത്തനങ്ങൾ കാരണം സംഘം മെല്ലെ മെല്ലെ വളരുവാൻ തുടങ്ങി. ആദ്യഘട്ടത്തിൽ സ്വർണപണ്ടപണയത്തിൽ കൃഷിക്കാർക്ക് കടം കൊടുക്കുക, അൽപം കൂടി കഴിഞ്ഞപ്പോൾ കെട്ടുതെങ്ങ് സ്കീം തയാറാക്കി കർഷകർക്ക് തെങ്ങിൽനിന്ന് സൊസൈറ്റി തേങ്ങ വലിച്ചെടുക്കുക എന്ന, നിബന്ധനയിൽ കെട്ടുതെങ്ങ് ലോൺ കൊടുക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കൂടി നടപ്പിലാക്കി. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വഴി ഒരു ബാങ്കായി പരിവർത്തനം ചെയ്യുന്നതിനുള്ള ഡെപ്പോസിറ്റും ടേൺ ഓവറും സംഘത്തിനുണ്ടായി.

ബാങ്കിനിപ്പോൾ 6909 മെമ്പർമാരുണ്ട്. അംഗീകൃത ഓഹരി മൂലധനം 40 ,00,000 രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 7,42,210 രൂപയും സർക്കാർ ഓഹരി 32,500 രൂപയുമാണ്. പൊതുജനങ്ങളിൽനിന്നും സ്ഥിര നിക്ഷേപയിനത്തിൽ 35,28,576 രൂപയും ഹ്രസ്വകാല നിക്ഷേപയിനത്തിൽ 75,50,629 രൂപയും സ്വീകരിച്ചിട്ടുണ്ട്. ബാങ്കിന്റെ വായ്പയെ വിശകലനം ചെയ്യുമ്പോൾ കർഷിക വായ്പായിനത്തിൽ 10 ,79,821 രൂപയും മറ്റു വായ്പായിനത്തിൽ 69,78,426 രൂപയും നൽകിയിട്ടുണ്ട്. ഒരു മെമ്പർക്ക് പരമാവധി വായ്പാപരിധി 25,000 രൂപയാണ്.

സംഘത്തിന്റെ സ്ഥാപനോദ്ദേശ്യം പൂർണമായും സാധിതമായിട്ടില്ലെങ്കിലും ഈ പ്രദേശത്തെ ജനങ്ങൾക്ക് സാമ്പത്തിക ഇടപാടുകളിൽ സാമാന്യമായ നിലയിൽ മെച്ചമുണ്ടാക്കുവാൻ സാധിച്ചു എന്നത് പ്രസ്താവ്യമാണ്. കാർഷികാവശ്യങ്ങൾക്ക് ബാങ്ക് ധാരാളം വായ്പകൾ നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത ആവശ്യങ്ങൾക്ക് ഈ വായ്പ പ്രയോജനപ്പെടുത്താതിരുന്നതിനാൽ കാർഷികരംഗത്ത് അഭിവൃദ്ധി കൈവരിക്കാൻ സാധ്യമായില്ല എന്നു മാത്രമല്ല പണം തിരിച്ചടക്കാൻ കർഷർക്ക് കഴിയാതെ വരികയും അതുമൂലം കർഷകർക്കോ ബാങ്കിനോ പുരോഗതി കൈവരിക്കുവാൻ സാധ്യമായില്ല.

4. മലപ്പുറം ജില്ലാ സഹകരണ ബാങ്ക്

ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്നു. കൊണ്ടോട്ടിയടക്കം വിവിധ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ സംഘങ്ങളുടെ അപ്പക്സ് ബാങ്കായി ഇത് പ്രവർത്തിക്കുന്നു. സ്വാകാര്യ വ്യക്തികൾക്കും വ്യാപാര വ്യവസായാവശ്യങ്ങൾക്കും ബാങ്ക് വായ്പ നൽകുന്നുണ്ട്.

5. ക്ഷീരവികസന സഹകരണ സംഘം.

ഈ സംഘം പഞ്ചായത്തിലെ ഏഴാം വാർഡിൽ പ്രവർത്തിച്ചുവരുന്നു. ഈ പ്രദേശത്ത് ഉൽപാദിപ്പിക്കപ്പെടുന്ന പാലിന്റെ മുഖ്യ വിതരണ ഏജൻസിയായി സംഘം പ്രവർത്തിക്കുന്നു. ഈ സംഘത്തിനുകീഴിൽ ധാരാളം മെമ്പർമാർ പശുക്കളെ വളർത്തി പാലുൽപ്പാദിപ്പിക്കുന്നുണ്ട്. ഇതുമൂലം കർഷകരുടെ സ്ഥിതി അൽപമെങ്കിലും മെച്ചപ്പെടുത്താൻ ഏറെ സഹായകരമായിരിക്കുന്നു എന്നുതന്നെ വിലയിരുത്താം.

6. സഹകരണ അർബൻ ബാങ്ക്.

മഞ്ചേരി അർബൻ സഹകരണ ബാങ്കിന്റെ ഒരു ശാഖ കൊണ്ടോട്ടിയിൽ പ്രവർത്തിച്ചുവരുന്നു. കാർഷികേതര വായ്പ നൽകുകയാണ് ബാങ്കിന്റെ പ്രധാന പ്രവർത്തനം

സംഘത്തിന്റെ പേര്	സ്ഥാപിച്ച വർഷം	ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം	തൊഴിലാളി എണ്ണം	ഓഹരി മൂലധനം	പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം	സർക്കാർ ഓഹരി
1. കൊണ്ടോട്ടി P.C. C. അഗ്രികൾച്ചറൽ മാർക്കറ്റിങ്ങ് പ്രൊസസിംഗ് കോ-ഓപ്പറേറ്റീവ് സൈസൈറ്റി.	1946.	2699.	–	30 ലക്ഷം	63, 200ക.	6,40,000ക
2. കൊണ്ടോട്ടി റൂറൽ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി.	1956	1636	–	26, 10,000ക.	11,10,520ക.	3,30,000ക.
3. കൊണ്ടോട്ടി സർവീസ് സഹകരണബേങ്ക്.	1965	6909	–	40,00,000ക	–	
സ്ഥിരനിക്ഷേഫം = 35,28,576ക ഹൃസ്വകാല നിക്ഷേപം = 75,50,629ക, മറ്റ് വായ്പായിനത്തിൽ = 69,68,426ക.			മെമ്പർമാരുടെ വായ്പാപരിധി =25,000ക.			
4. മലപ്പുറം ജില്ലാ സഹകരണബാങ്ക്-			ശാഖ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്നു.			
5. ക്ഷീരവികസനസഹകരണസംഘം						
6. മഞ്ചേരി അർബൻ സഹകരണബേങ്ക്-			ശാഖ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്നു.			

പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും:

1. സഹകരണ തത്വങ്ങളെക്കുറിച്ച് സംഘങ്ങളിലെ മിക്ക അംഗങ്ങളും ബോധവാന്മാരല്ല. സങ്കുചിതമായ കക്ഷിരാഷ്ട്രീയത്തിനടിസ്ഥാനത്തിലാണ് മിക്ക സംഘങ്ങളിലും അംഗങ്ങളെ ചേർക്കുന്നത്. സംഘങ്ങളിലെ അംഗങ്ങളെ സഹകരണതത്വങ്ങളെ സംബന്ധിച്ചും സംഘങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങളെ സംബന്ധിച്ചും ബോധവന്മാരാക്കുകയും സംഘത്തിൽനിന്നും പ്രയോജനം ആവശ്യമില്ലാത്ത ആളുകൾക്ക് അംഗത്വം നൽകുന്നത് പരമാവധി നിരുൽസാഹപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

2. സംഘങ്ങളിലെ മിക്ക അംഗങ്ങളും എടുക്കുന്ന വായ്പകൾ ദുർവിനിയോഗം ചെയ്യുകയാണ് ചെയ്യുന്നത്. പ്രത്യേകിച്ച് കർഷിക മേഖലയിലാണ് ഈ പ്രവണത കണ്ടുവരുന്നത്. അംഗങ്ങൾക്ക് നൽകിയ വായ്പ യഥാർത്ഥ ഉദ്ദേശങ്ങൾക്ക് മാത്രമായി വിനിയോഗിക്കുന്നുവെന്ന് സംഘം ഉറപ്പു വരുത്തേണ്ടതാണ്. ദുർവിനിയോഗം ചെയ്യുന്ന അംഗങ്ങളിൽനിന്നും വായ്പാ കാലവധിക്കു മുമ്പുതന്നെ തിരിച്ചീടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കർഷകർക്ക് വായ്പ ആവശ്യമായ സമയത്ത് ആവശ്യമായ തോതിൽ ലഭ്യമാക്കാൻ സംഘങ്ങൾക്ക് കഴിയുന്നില്ല. ഇത് കർഷകരെ അമിതപലിശക്ക് വായ്പ വാങ്ങുന്നതിന് നിർബന്ധിക്കപ്പെടുന്നു. ഇത് പരിഹരി

ക്കുന്നതിന് സർവ്വീസ് സഹകരണ ബാങ്ക് പോലുള്ള സംഘങ്ങളിൽ ക്രെഡിറ്റ് കാർഡ് സിസ്റ്റം നടപ്പാക്കാവുന്നതാണ്.

4. കൺസ്യൂമർ വായ്പ നൽകുന്നതിൽ സഹകരണ സംഘങ്ങൾ പിന്നിലാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഭേദഗതികൾ വായ്പാനയത്തിൽ കൊണ്ടുവരാവുന്നതാണ്.

5. കർഷർ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മുഴുവൻ വിപണനം ചെയ്യാൻ സംഘങ്ങൾക്ക് സാധിക്കുന്നില്ല. ഇപ്പോൾ ഈ രംഗത്ത് പ്രവർത്തിച്ചുവരുന്ന പി. സി. സി. സംഘത്തിന്റെ പ്രവർത്തനം വിപുലീകരിച്ച് പഞ്ചായത്തിലെ മുഴുവൻ കാർഷികോൽപന്നങ്ങളും വിപണനം ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

6. കർഷകർ എടുക്കുന്ന വായ്പകൾ യഥാസമയം തിരിച്ചടക്കാത്തതുമൂലം മറ്റു കർഷകർക്ക് വായ്പ നൽകുന്നതിന് വിഷമം നേരിടുകയും സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് മാന്ദ്യം സംഭവിക്കുകയും ചെയ്യുന്നു. ഇതിന് പരിഹാരമായി വായ്പാ-വിപണന സംയോജന പദ്ധതി (Linking of Gredit with Marketing) നടപ്പിലാക്കാവുന്നതാണ്.

സാധ്യതകൾ:

1. നമ്മുടെ പഞ്ചായത്തിൽ പ്രതിമാസം 5 ലക്ഷത്തോളം നാളികേരം ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഉൽപ്പാദനമേഖലയിൽ ശ്രദ്ധിച്ചാൽ ഇനിയും ഈ തോത് വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. നാളികേരത്തിൽനിന്ന് വിവിധതരത്തിലുള്ള ഉൽപ്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ഉണ്ടാക്കുകയും ഇങ്ങനെയുണ്ടാക്കുന്ന ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിന്നുള്ള സഹകരണസംഘം രൂപീകരിക്കാവുന്നതാണ്.

2. കാർഷികരംഗത്ത് പ്രവർത്തിക്കുന്നതിന് സന്നദ്ധതയുള്ള ധാരാളം തൊഴിൽരഹിത ചെറുപ്പക്കാർ ഇവിടെയുണ്ട്. ഇത്തരം ആളുകളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കാർഷിക ഉൽപാദനം വർധിപ്പിക്കണം. ആയതിന് കൃഷിയോഗ്യമായ ഭൂമികൾ (വയലും പറമ്പും) കൃഷി ചെയ്യുന്നതിന് താൽപര്യമില്ലാത്ത ഭൂമുടമകളോട് നിബന്ധനകൾക്ക് വിധേയമായി ഏറ്റുവാങ്ങി കൃഷിയിറക്കാൻ ഇവിടെ സാധ്യതയുണ്ട്. ഇത്തരം കാര്യം നിർവ്വഹിക്കുന്നതിന് ഒരു സഹകരണ സംഘം രൂപീകരിക്കുകയും അവയിൽക്കൂടി കൃഷിഭവന്റെ മേൽനോട്ടത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് സാധ്യമാവുകയും വേണം. ക്രമീകരിച്ചുള്ള മനുഷ്യാദ്ധ്വാനത്തിലൂടെ ഉൽപാദനമേഖല സമൃദ്ധമാക്കുന്നതിനും പഞ്ചായത്തിലെ ജനങ്ങളുടെ ഉപഭോഗത്തിനാവശ്യമായ ഉൽപ്പന്നങ്ങളുടെ ന്യായമായ ലഭ്യതയും ഈ സംഘത്തിന് നിറവേറ്റാൻ കഴിയും.

3. രണ്ടു വാർഡുകൾക്ക് ഒരു സംഘം എന്ന തോതിൽ ക്ഷീര വികസന സഹകരണ സംഘങ്ങൾ സ്ഥാപിച്ചാൽ കർഷകർക്ക് പാലുൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സൗകര്യമുണ്ടാക്കുകയും പശുവളർത്തലിൽ താൽപര്യമുണ്ടാക്കുകയും ചെയ്യുന്നതാണ്.

4. സാങ്കേതിക വിദ്യയടക്കമുള്ള യോഗ്യതകൾ സമ്പാദിച്ച അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾ ധാരാളം ഈ പഞ്ചായത്തിലുണ്ട്. ഇത്തരക്കാരെ സംഘടിപ്പിച്ച് ഒരു ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിക്കുകയും പഞ്ചായത്ത് വർക്കുകൾ ഈ സൊസൈറ്റിയെ ഏൽപിക്കാവുന്നതുമാണ്.

5. പഞ്ചായത്തിലെ വനിതകളെ സംഘടിപ്പിച്ച് തയ്യൽ പരിശീലനവും റെഡിമെയ്ഡ് ഗാർമെന്റ്സും കൂടാതെ വീട്ടുപകരണങ്ങൾ നിർമിക്കുകയും ആയത് വില്പന നടത്തുന്നതിനുംവേണ്ടി ഒരു വനിതാസഹകരണസംഘം സ്ഥാപിക്കാവുന്നതാണ്.

6. ഹരിജൻ സെറ്റിൽമെന്റ് ഏരിയകളെ കേന്ദ്രീകരിച്ചുകൊണ്ട് ഹരിജൻ സർവീസ് സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

7. പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണമേഖലയിൽ ആശുപത്രി, മെഡിക്കൽ സ്റ്റോർ, ഹോട്ടൽ എന്നിവ രൂപീകരിക്കാവുന്നതാണ്.

8. അമിത വിലകൊടുത്ത് മായം ചേർത്ത സാധനങ്ങൾ വാങ്ങാൻ നിർബന്ധിതരായിത്തീരുന്ന ഉപഭോക്താക്കൾക്ക് ആശ്വാസകരമാവും വിധം വാർഡ്തോറും കൺസ്യൂമർ സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

9. പഞ്ചായത്തിലെ നിലവിലുള്ള വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്ക് പരിഹാരമാവും വിധം പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ആർട്സ് & സയൻസ് കോളേജും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും സഹകരണമേഖലയിൽ സ്ഥാപിക്കാവുന്നതാണ്.

11. പട്ടിക ജാതി–പട്ടികവർഗ്ഗക്ഷേമം

ഏതാനും വർഷങ്ങൾക്കുമുമ്പ് കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിലെ പട്ടിക ജാതിക്കാരുടെ അവസ്ഥ വളരെ വ്യത്യസ്തമായിരുന്നു. അധ:കൃതർ എന്ന നാമധേയം നൽകി സമ്പന്ന വിഭാഗക്കാരന്റെ ചൂഷണങ്ങൾക്ക് വിധേയമാകുന്ന ഒരവസ്ഥയാണ് പട്ടിക ജാതിക്കാർക്കുണ്ടായിരുന്നത്. മിക്ക പട്ടിക ജാതിക്കാരും ഭൂ ഉടമകളുടെ അടിയാളാൻ മാരായാണ് ജോലി ചെയ്തിരുന്നത് നിരക്ഷരത, അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചുള്ള ബോധമില്ലായ്മ, നേതൃ രാഹിത്യം തുടങ്ങിയവ ഇവരുടെ പിന്നോക്കവസ്ഥക്ക് കാരണമായി. ദാരിദ്ര്യം എന്നത് ഇവരിൽ നിന്ന് വിട്ടു മാറിയിരുന്നല്ല. സമ്പന്ന വർഗ്ഗത്തിന്റെ ചൂഷണം പ്രധാനമായും പട്ടിക ജാതിക്കാരോടായിരുന്നു.

സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ വന്ന മാറ്റം ഇവരുടെ ജീവിതത്തിൽ പ്രതിഫലിച്ചില്ല. പഴയ തലമുറയിലെ ഭൂരിഭാഗം ആളുകളും മദ്യപാനത്തിന് അടിമപ്പെട്ടവരായിരുന്നു. ആയതിനാൽ നാട്ടിലാകെ വിവിധ മേഖലകളിൽ ജനങ്ങൾക്ക് പുരോഗതി കൈവന്നുവെങ്കിലും പട്ടിക ജാതിക്കാരന്റെയവസ്ഥ ഇന്നും ദയനീയമാണ്. എന്നിരുന്നാലും സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ ഒരു പരിധിവരെ പുരോഗതിയിലേക്ക് നയിക്കാൻ സാധിച്ചിട്ടുണ്ട്.സാക്ഷരതാ യഞ്ജം കൊണ്ട് സാമൂഹികരംഗത്തും വിദ്യാഭ്യാസ രംഗത്തുമുള്ള പിന്നോക്കാവസ്ഥക്ക് വലിയ മാറ്റം വന്നിട്ടുണ്ട്.

കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി മൊത്തം 3698 പട്ടിക ജാതിക്കാർ അധിവസിക്കുന്നുണ്ട് മൊത്തം ജനസംഖ്യയുടെ 15 ശതമാനത്തോളം വരും. ആയിരത്തി എഴുന്നൂറ്റി അറുപത്തയഞ്ച് (1765) പുരുഷൻമാരും ആയിരത്തിതൊള്ളായിരത്തി മുപ്പത്തി മൂന്ന് (1933) സ്ത്രീകളുമുണ്ട്. (അവലംബം ICDS സർവ്വെ) പട്ടിക വർഗ്ഗക്കാർ ഈ പഞ്ചായത്തിലില്ല. ഇപ്പോൾ 13 ഹരിജൻ കോളനികൾ നിലവിലുണ്ട. ഇതിൽ 6 അംഗീകൃത കോളനികളും 7 എണ്ണം അംഗീകാരമില്ലാത്തവയുമാണ്. കൂടാതെ കോളനികളിൽ ഉൾപ്പെടാത്ത ഒറ്റപ്പെട്ട് പട്ടിക ജാതി കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കോളനികളെ സംബന്ധിച്ച വിശദ വിവരങ്ങൾ പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

51

അംഗീകൃത ഹരിജൻ കോളനികൾ

പട്ടിക 1

ക്രമ നമ്പർ	വാർഡ് നമ്പർ	കോളനിയുടെ പേര്	എണ്ണം
1	1	കാളകണ്ടി IHDP	40
2	1,2,10	ചെമ്മലപറമ്പ് – പനയം പറമ്പ്	54
		കുട്ടൻ കാവ്	11
		കൊളപ്പള്ളി	23
3	7	ചോലക്കാട്ട് പുറായി	16
4	6,9	മൈലാടി	26
5	9	പുളിയൻചാലിൽ – കോട്ടപറമ്പ്	34
6	1,3,4	ചേപ്പിലിക്കുന്ന്	55
		കിഴക്കേ ചേപ്പിലിക്കുന്ന്	
		പട്ടിക 2 **അംഗീകാരത്തിന് സമർപ്പിച്ചവ**	
1	1	നെല്ലിക്കുന്ന്	15
2	5	തച്ചത്ത് പറമ്പ് – പറമ്പാട്	35
3	3	വടക്കേകുളം	12
4	7	കോരോത്ത്– പാമ്പുരിയം പാറ	10
5	6	മണ്ണാരിൽ – കുട്ടിച്ചീരി പറമ്പ്	14
6	8	കുറ്റിക്കാട്	16
7	9	മാതംകുഴി	13

പട്ടിക ജാതിക്കാർ താമസിക്കുന്ന കോളനികളെല്ലാം കുന്നിൻ പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. ഇത് കാരണം ഇവിടങ്ങളിലെ മുഖ്യ പ്രശ്നമാണ് കുടിവെള്ളക്ഷാമം. കൂടാതെ അടിസ്ഥാന സൗകര്യങ്ങളായ ഗതാഗതം, വൈദ്യുതി, പാർപ്പിടം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിലും നില തൃപ്തികരമല്ല.

തൊഴിരംഗം :-

കൃഷിയും നിർമ്മാണ പ്രവർത്തനവുമാണ് ഈ ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതിക്കാരുടെ മുഖ്യതൊഴിൽ. പുരുഷൻമാരെ പോലെ സ്ത്രീകളും കൂലിവേല ചെയ്യുന്നവരാണ്. കൃഷിയിടങ്ങളിൽ സമീപകാലത്ത് മണ്ണ് നികത്തൽ പ്രക്രീയമൂലം കൃഷിക്കുപയുക്തമായ ഭൂമി നഷ്ടപെടുന്ന ഒരവസ്ഥ സംജാതമായി. അതു കൊണ്ട്, കർഷകത്തൊഴിലാളികാൾ നിർമ്മാണ മേഖലയിലേക്ക് ശ്രദ്ധ തിരിച്ചു. സ്ത്രീകളുടെ മുഖ്യത്തൊഴിലായിരുന്ന കരിങ്കൽ ക്വാറിയിലെ കല്ലുടക്കൽ കരിപ്പൂർ വിമാനത്താവളം നിലവിൽ വന്നതോടെ നിശ്ചലമായി അതോടെ ഇവരുടെ തൊഴിലില്ലാതയായി. ചെങ്കൽ വെട്ട് പട്ടിക ജാതിക്കാരുടെ ഒരു പ്രധാന തൊഴിലായിരുന്നു. എന്നാൽ ആധുനിക രീതിയിലുള്ള കല്ലുവെട്ടുയന്ത്രങ്ങളുടെ ആവിർഭാവം ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നവരുടെ ജോലി നഷ്ടപ്പെടുവാൻ കാരണമായി. ഇതു പോലെ തന്നെ കന്നുകാലികളെ വളർത്തി നിത്യ വരുമാനം കണ്ടെത്തുന്നവരും ഈ പഞ്ചായത്തിലുണ്ട്. ഇവർ സംഭരിക്കുന്ന പാൽ വിതരണനം നടത്താൻ പാൽ സൊസൈറ്റിയില്ല. ഒരു പൊതു ക്ഷീര സഹകരണ സംഘം ഈ ഗ്രാമത്തിലുണ്ടെങ്കിലും അതിന്റെ പ്രവർത്തനം പരിമിതമാണ്. ആയതിനാൽ ക്ഷീര കർഷകരെ അങ്ങോട്ട് ആകർഷിക്കപ്പെടുന്നില്ല. സർക്കാർ അർദ്ധ സർക്കാർ മേഖലകളിൽ ജോലി ചെയ്യുന്നവർ 25 -ഓളം പേരേ ഉള്ളു.

വിദ്യാഭ്യാസരംഗം

ഈ ഗ്രാമ പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ വിദ്യഭ്യാസ നിലവാരം വളരെ പിന്നോക്കമാണ്. പഴയ കാലത്ത് പ്രാഥമിക വിദ്യഭ്യാസം പോലും നേടാത്തവരാണ് ഭൂരിഭാഗവും. ദാരിദ്ര്യവും ബോധമില്ലാഴ്മയുമായിരുന്നു മുഖ്യപ്രശ്നം. ഇതുമൂലം കുട്ടികൾ സ്കൂളുകളിൽ പോകുന്നത് നിർത്തികൂലി വേലകളിൽ ഏർപ്പെട്ടു. മാറിയ തലമുറയിൽ പ്രകടമായ മാറ്റം ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. ഉന്നത പഠനം നടത്തുന്നവർ വിരളമാണ്. സാമ്പത്തിക പ്രയാസങ്ങളാണ് ഇതിന് കാരണം ബിരുദാനന്തര പഠനം പൂർത്തിയാക്കിയവരുമുണ്ട്.

പട്ടിക 3
വിദ്യാഭ്യാസം നടത്തുന്നവർ (SC) -

പഠിക്കുന്നവർ		ആകെ	പഠനം നിറുത്തിയവർ	
ആൺകുട്ടി	പെൺകുട്ടി		ആൺകുട്ടി	പെൺകുട്ടി
436	395	831	3	2
95-96 SSLC 34	36	70	**അവലംബം സെക്കന്ററി ഡാറ്റ**	

കുടിവെള്ളം- ആരോഗ്യം -ശുചിത്വം:-

കോളനികളിലെ മുഖ്യ പ്രശ്നമാണ് കുടിവെള്ള ക്ഷാമം. കുന്നിൻ പ്രദേശമായതിനാൽ മിക്ക കിണറുകളും വേനലിന്റെ ആരംഭത്തിൽ തന്നെ വറ്റിപോകുന്നു. കോളനി നിവാസികൾക്കായി സ്ഥാപിച്ചിട്ടുള്ള മിക്ക ടാപ്പുകളും അനുയോജ്യമായ സ്ഥലങ്ങളിലല്ല. ആയതിനാൽ വളരെ ദൂരത്ത് നിന്നും വെള്ളം ചുമന്നു കൊണ്ടു വരേണ്ട അവസ്ഥയാണുള്ളത്. ഉള്ള ടാപ്പുകളിൽ വെള്ളം പതിവായി ലഭിക്കുന്നില്ല.

പട്ടിക ജാതിക്കാർക്കായി പ്രത്യക ആരോഗ്യ സംവിധാനങ്ങളില്ല. മുഴുവൻ വീടുകൾക്കും കക്കൂസ് എന്ന സ്വപ്നം യാഥാർത്ഥ്യമായിട്ടില്ല. അടുത്തടുത്ത് വീടുകളായതിനാൽ ശുചിത്വം ഒരു പ്രശ്നം തന്നെയാണ്. മിക്ക കുടുംബങ്ങളുടെയും കിണറുകൾക്ക് ചുറ്റുമതിൽ

ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനി
പട്ടിക-4

വാർഡ്	കോളനി
1	കാളകണ്ടി, നെല്ലിക്കുന്ന്, കുട്ടൻകാവ് മേലേ കുട്ടശ്ശേരി, നടുക്കുന്നു.
II	കുട്ടൻകാവ് - ചെമ്മല പറമ്പ് ചെമ്പ്രംകുന്ന് - അമ്പലക്കണ്ടി
IV	കിഴക്കേ ചേപ്പിലിക്കുന്ന് പടിഞ്ഞാറ് ഭാഗത്ത്
V	തച്ചത്ത് പറമ്പ്
VI	മണ്ണാരിൽ മൈലാടി
VII	ചോലക്കാട്ട് പുറായി- കോരോത്ത് - പാമ്പൂരിയം പാറ
IX	പുളിയംചാലിൽ , മാതംകുഴി
X	കൊളപ്പള്ളി പനയാപറമ്പ്

ജനപങ്കാളിത്തത്തോടെ കുടിവെള്ളം പദ്ധതി നടപ്പിലാക്കാൻ പറ്റിയ കോളനി
പട്ടിക 5

Sl No	വാർഡ്	കോളനി
1	I	കുളിയോട്ട് ചോല, ഈന്തുംകുഴി (കാളകണ്ടി) കുഴി
2	II	വീരക്കുളം വികസിപ്പിക്കൽ തുറക്കൽ കരിങ്കൽകാറി
3	3,4	ചേപ്പിലിക്കുന്ന്
4	9	പുളിയൻ ചാലിൽ തയ്യിൽകുളം

53

പട്ടിക ജാതി കുടുംബങ്ങൾക്ക് പദ്ധതി കാലത്ത് ആവശ്യമായി വരുന്ന കക്കൂസുകൾ വാർഡടിസ്ഥാനത്തിൽ
പട്ടിക - 6

വാർഡ്	എണ്ണം	വാർഡ്	എണ്ണം
1	35	VI	15
II	50	VII	10
III	20	VIII	20
IV	50	IX	18
V	20	X	12

അവലംബം : ഗ്രാമസഭറിപ്പോർട്ട്

പാർപ്പിടം

പഴയ കാലത്ത് വീടുകളധികവും ചെറ്റകുടിലുകളായിരുന്നു. ഇപ്പോൾ ഭൂരിഭാഗം വീടുകളും ഓട് മേഞ്ഞവയാണ്. ടെറസ് വീടുകൾ വിരളമാണ് പാർപ്പിട സൗകര്യം പൂർണ്ണമായും ലഭ്യമായിട്ടില്ല. സർക്കാറിന്റെ സഹായത്തോടെ ചുരുക്കം ചിലർക്ക് വീടുകൾ ലഭ്യമായിട്ടുണ്ട്. ഇനിയും പാർപ്പിട സൗകര്യം ലഭ്യമാകാത്ത, കൂട്ടുകുടുംബത്തിൽ താമസിക്കുന്നവരും അല്ലാത്ത വരുമായ ധാരാളം പേർ ഈ പഞ്ചായത്തിലുണ്ട് ഇത് സംബന്ധിച്ച വിശദമായ വിവരം പട്ടിക 4Aയിൽ ചേർത്തിരിക്കുന്നു.

പട്ടിക – 7

ഭവനത്തിന്റെ സ്വഭാവം (SC)

വാർഡ്	ആകെ വീടുകൾ	ടെറിസുകൾ	ഓട്	ഓല	ഭവനരഹിതർ
1	64	ഇല്ല	44	20	50
2	45	1	25	19	40
3	52	ഇല്ല	46	6	50
4	20	1	19	ഇല്ല	50
5	35	2	31	2	20
6	24	ഇല്ല	23	1	25
7	26	ഇല്ല	20	6	21
8	26	ഇല്ല	25	1	15
9	63	ഇല്ല	55	8	22
10	36	1	13	22	20
ആകെ	391	5	301	85	313

അവലംബം : ഗ്രാമസഭാറിപോർട്ട്

ഗതാഗതം. – ഊർജ്ജം:– എല്ലാ കോളനികളുടെയും വികസനത്തിന്റെ ഒരു പ്രധാന പ്രശ്നമാണ് ഗതാഗത സൗകര്യമില്ലായ്മ എല്ലാ കോളനികളിലും ടാർചെയ്ത റോഡുകളില്ല. ഇതു മൂലം കോളനികളിലേക്കുള്ള യാത്ര ദുഷ്കരമാണ്. പല കോളനികളിലേക്കും ഇടവഴികൾ മാത്രമാണുള്ളത്. ഉള്ളവ തന്നെ ദുർഘടം പിടിച്ചവയുമാണ്. ഇവ നിരത്തി ഗതാഗത യോഗ്യമാക്കണം

ചേപ്പിലിക്കുന്ന് കോളനിയിലാണ് ഭാഗികമായെങ്കിലും വൈദ്യുതിയെത്തിയത്. മറ്റു കോളനികളിൽ വൈദ്യുതി എത്തി നോക്കിയിട്ടില്ല.

(വൈദ്യുതീകരിക്കാത്ത വീടുകൾ) പട്ടിക - 8

Sl No	വാർഡ്	കോളനി	വീടുകളുടെ എണ്ണം
1	1	കാളകണ്ടി IHDP	40
2	1,2,10	ചെമ്മലപറമ്പ് – പനയംപറമ്പ്	54
3	1,10	കുട്ടൻകാവ് –കൊളപ്പള്ളി	23
4	7	ചോലക്കാട്ട്പുറായി	16
5	6,9	മൈലാടി	26
6	9	പുളിയൻ ചാലിൽ –കോട്ടപറമ്പ്	34
7	1	നെല്ലിക്കുന്ന്	15
8	3	വടക്കേകുളം	12
9	5	തച്ചത്ത് പറമ്പ് –പറമ്പാട്	35
10	6	മണ്ണാരിൽ – കുട്ടിച്ചീരിപറമ്പ്	14
11	7	കോരോത്ത് – പാമ്പൂരിയം പാറ	10
12	8	കുറ്റിക്കോട്	16
13	9	മാതംകുഴി	13

കൂടാതെ ഒറ്റപ്പെട്ട വീടുകളും വൈദ്യുതീകരിക്കാത്തവയുണ്ട്.

അവലംബം : ഗ്രാമസഭ റിപ്പോർട്ട്

പട്ടിക – 7
ടാർ ചെയ്യേണ്ട കോളനി റോഡുകൾ

വാർഡ് നമ്പ്ർ	ടാർചെയ്യേണ്ടവ
1	നീറാട് – കാളകണ്ടി – അക്ഷരറോഡ്
II a)	TB റോഡ് – അമ്പലക്കണ്ടി പുറായ് പനയം പറമ്പ് – ICDS ഓഫീസ് – ചെമ്മല പറമ്പ് – കുട്ടൻ കാവിൽ
b)	തുറക്കൽ – ഏക്കാട് – പുളിശ്ശീരി കുട്ടൻ കാവിൽ –നീറാട്
III	പഴയങ്ങാടി – ബ്ളോക്ക് റോഡ്– അംഗൻവാടി – ചേപ്പിലിക്കുന്ന് കോളനി
IV	ചോലക്കൽ – ഓളിക്കൽ പുറായി റോഡ്
VI	മണ്ണാരിൽ – കുട്ടിശ്ശീരി പറമ്പ് –
IX	മൈലാടി റോഡ് കോളനി
VII	
IX	പുളിയൻ ചാലിൽ – കോട്ടപറമ്പ് – കണ്ണം കൊട്ട് പാറ റോഡ്
X	നീറ്റാണി – കൊളപ്പള്ളി ലക്ഷം വീട് റോഡ്

പട്ടിക – 10
ഗതാഗത യോഗ്യമാക്കേണ്ട ഇടവഴികൾ

വാർഡ് നമ്പ്ർ	റോഡാക്കി ഗതാഗത യോഗ്യമാക്കേണ്ട ഇടവഴികൾ
I	ചെറളക്കാട്ട് ഇടവഴി, വരടിക്കുന്ന് ഇടവഴി നെല്ലിക്കുന്ന് ഇടവഴി, കുട്ടൻകാവ് ഇടവഴി
II	ചക്കുങ്ങൽ – ആട്ടൂട്ട് പള്ളിയാളി അമ്പലക്കണ്ടി പുറായി –ചെമ്മല പറമ്പ് നടവഴി കൊണ്ടറംകത്ത് – പള്ളിയാളി ഏക്കാട് – കുട്ടൻ കാവിൽ ഇടവഴി
IV	മേലങ്ങാടി – കിഴക്കേതല –മണ്ണാരിൽ ഇടവഴി
VII	മുണ്ടപ്പാലം – ചോലക്കാട്ട് പുറായി കോരോത്ത് – പാമ്പുരിയം പാറ ഇടവഴി
IX	മേലങ്ങാടി LP സ്കൂൾ –മാതംകുഴി
X	കൊളത്തൂർ – കുന്നത്തുത്തൊടി – പനയം പറമ്പ് ഇടവഴി – റേഷൻ ഷോപ്പ് ഇടവഴി – കൊടിമരം – പനയം പറമ്പ്.

സഹകരണം

കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിൽ പട്ടികജാതി ക്ഷേമത്തിനായുള്ള സഹകരണ സംഘങ്ങളൊന്നും നിലവിൽ ഇല്ല.

ക്ഷേമപ്രവർത്തനങ്ങൾ

പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി സർക്കാർ ഏജൻസികൾ നടപ്പാക്കുന്ന വികസനക്ഷേമ പ്രവർത്തനങ്ങൾ, എങ്ങനെയുപയോഗപ്പെടുത്തണമെന്നതിനെ കുറിച്ചുള്ള വിദഗ്ധ നിർദേശങ്ങൾ ലഭിക്കാത്തത് കൊണ്ട് പലപ്പോഴും അവ ഉപയോഗപ്പെടുത്താൻ കഴിയാതെ പോകുന്നു. കർഷകത്തൊഴിലാളി, വാർദ്ധക്യ -വിധവ - വികലാംഗ - അഗതി പെൻഷനുകൾ കൈപ്പറ്റുന്നവർ ഉണ്ടെങ്കിലും അവ ലഭിക്കാത്ത അർഹരായ ധാരാളം പേർ ഉണ്ട്. സാംസ്കാരിക വളർച്ചയെ ത്വരിതപ്പെടുത്തുവാൻ വേണ്ട വായനശാലകളും ഗ്രന്ഥാലയങ്ങളും പട്ടികജാതി കോളനികളിൽ ഇല്ല.

പട്ടിക ജാതിക്കാർക്കായുള്ള ശ്മശാന സൗകര്യങ്ങൾ പരിമിതമാണ്. ഉള്ളവ സംരക്ഷിക്കപ്പെടുന്നില്ല. കുന്നിൻ പ്രദേശങ്ങളിലെ കോളനികളിൽ മണ്ണൊലിപ്പ് വലിയ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ഗൃഹ സംരക്ഷണത്തിന്പോലും ഭീഷണിയുള്ള സ്ഥലമാണ് ചേപ്പിലിക്കുന്ന്.

പട്ടിക - 11
കയ്യാലകെട്ടി സംരക്ഷിക്കേണ്ട കോളനികൾ

Sl No	വാർഡ്	കോളനിയുടെ പേര്
1	3,4	ചേപ്പിലിക്കുന്ന് കോളനി
2	6	മണ്ണാരിൽ - കുട്ടീച്ചീരിപറമ്പ്
3	9	പുളിയൻചാലിൽ -കോട്ടപറമ്പ്
4	9	മാതം കുഴി
5	7	ചോലക്കാട്ട് പുറായി
6	2,10	ചെമ്മലപറമ്പ് - പനയം പറമ്പ്
7	10,1	കൊളപ്പള്ളി - കുട്ടൻ കാവ്
8	1	കാളകണ്ടി IHDP
9	7	കോരോത്ത് - പാമ്പൂരിയംപാറ
10	10	കൊളപ്പള്ളി
11	1	നെല്ലിക്കുന്ന് കോളനി
		അവലംബം പഠനപര്യടനം, ഗ്രാമസഭാ റിപ്പോർട്ട്

പ്രശ്നങ്ങൾ

1 കാലാനുസൃതമായ പുരോഗതി വിദ്യാഭ്യാസരംഗത്ത് പട്ടിക ജാതിക്കാർക്ക് കൈവന്നിട്ടില്ല.

2. നെൽ കൃഷിഭൂമിയുടെ വിസ്തീർണ്ണക്കുറവ് തൊഴിലില്ലായ്മ വർദ്ധിപ്പിച്ചു.

3. സാമ്പത്തിക രംഗത്ത് പുരോഗതിയുണ്ടായില്ല

4 അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല. സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവരുണ്ട്.

5. കുടിവെള്ളക്ഷാമം രൂക്ഷമാണ്.

6 വൈദ്യുതീകരിച്ചിട്ടില്ല.

7. അർഹതപ്പെട്ട മുഴുവൻ കർഷകത്തൊഴിലാളികൾക്കും പെൻഷൻ ലഭ്യമായിട്ടില്ല.

8 ഏഴ് പട്ടിക ജാതി കോളനികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

9 വായനശാല ഗ്രന്ഥാലയം - ടെലിവിഷൻ സൗകര്യങ്ങളില്ല.

10 ഗവൺമെന്റിന്റെ ക്ഷേമ പ്രവർത്തനങ്ങളുടെ പ്രയോജനം പൂർണ്ണമായും കിട്ടുന്നില്ല. പദ്ധതികളെ കുറിച്ച് ഇവർ വേണ്ടത്ര ബോധവാൻമാരല്ല.

11. പട്ടികജാതി സഹകരണ സംഘങ്ങൾ നിലവിലില്ല.

12. മിക്ക കോളനികളിലും പട്ടികജാതി ശ്മാശന സൗകര്യം ഇല്ല. ഉള്ളവ സംരക്ഷിക്കപ്പെടുന്നില്ല.

13. പട്ടികജാതി വെൽ ഫയർ ആശുപത്രിനിലവിലില്ല.

14 കൈവശഭൂമിക്ക് പട്ടയം നൽകിയിട്ടില്ല.

15 മണ്ണൊലിപ്പ് പുരയിടത്തിന് ഭീഷണിയാവുന്നു.

16. ഗതാഗത സൗകര്യങ്ങൾ പരിമിതമാണ്.

17 സ്വയംതൊഴിൽ സഹായ പദ്ധതിയിൽ നിന്ന് ധനസഹായം കിട്ടാനുള്ള പ്രയാസങ്ങൾ.

നിർദേശങ്ങളും സാധ്യതകളും

1. അംഗീകാരംമില്ലാത്ത, പഞ്ചായത്തിലെ 7 കോളനികൾക്ക് അംഗീകാരം നൽകുക

2. ചേപ്പിലിക്കുന്ന് കോളനിയിൽ (3,4) ഒരു LP സ്കൂൾ അനുവദിക്കുക.

3. വനിതകൾക്കായി പരമ്പരാഗത കൈത്തൊഴിലുകളായ പായ നെയ്ത്ത്, കൊട്ട മെടയൽ തുടങ്ങിയവയും, പശു വളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ എന്നിവയ്ക്കു സാധ്യതയുണ്ട് തയ്യൽ, റെഡിമെയ്ഡ് യൂണിറ്റുകൾ എന്നിവയും കോളനികൾ കേന്ദ്രീകരിച്ച് നടപ്പാക്കേണ്ടതാണ്.

4. കൃഷി പരിപോഷിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുക കൃഷി മുഖ്യത്തൊഴിലാക്കി ഉല്പനങ്ങൾക്ക് സബ്സിഡി ഏർപ്പെടുത്തുക. സഹകരണാടിസ്ഥാനത്തിൽ കൃഷിയിറക്കാനുള്ള പദ്ധതി നടപ്പില്ലാക്കുക.

5. കോളനികളിലെ ഉപയോഗ്യ യോഗ്യമാക്കാൻ കഴിയുന്ന ജല സ്രോതസുകൾ (ചോലക്കൽ പുറായി, വീരക്കുളം, പുളിയൻചാലിൽ, ചേപ്പിലിക്കുന്ന്,) സത്വരമായി പദ്ധതിയിൽ ഉൾപെടുത്തി മുഴുവൻ കോളനികളിലേയും കുടിവെള്ളം ക്ഷാമം പരിഹരിക്കുക.

6. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു പട്ടികജാതി സഹകരണ സംഘം സ്ഥാപിക്കുക.

7. തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് കുടിൽ വ്യവസായത്തിനും ചെറുക്കിട വ്യവസായങ്ങൾക്കും പരിശീലനം നൽക്കുകയും വായ്പ അനുവദിക്കുകയും ചെയ്യുക.

8. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു പട്ടികജാതി ആശുപത്രി സ്ഥാപിക്കുക. നിത്യരോഗികളാവുന്നവർക്ക് ചികിത്സാ സഹായം നൽക്കുക.

9. പട്ടിക ജാതിക്കാരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിന് ധനസഹായം നൽക്കുക.

10. മുഴുവൻ കോളനികളും ഒറ്റപ്പെട്ട പട്ടിക ജാതി വീടുകളും വൈദ്യുതീകരിക്കുക. കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കുക.

11. വീടിന്റെ അറ്റകുറ്റ പണികൾ തീർക്കുന്നതിന് ധനസഹായം നൽക്കുക.

12. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുക. ഭവന നിർമ്മാണ സഹായം വർദ്ധിപ്പിക്കുക.

13. കൊളപ്പള്ളിലക്ഷം വീട് കോളനിയിലെ ഇരട്ടവീടുകൾ ഒറ്റവീടാക്കി പുനർ നിർമ്മാണം നടത്തുക.

14. അഭ്യസ്ത വിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുകലെ15

15. SSLC ക്ക് കൂടുതൽ മാർക്ക് വാങ്ങുന്ന പട്ടിക ജാതി വിദ്യാർത്ഥികൾ പഞ്ചായത്ത് അവാർഡ് നൽക്കുക.

16. കൊളപ്പള്ളി ലക്ഷം വീട്ട് കോളനിവാസികൾക്ക് കൈവശ ഭൂമിക്ക് പട്ടയം നൽക്കുക.

17. പട്ടികജാതിക്കാരുടെ പുരയിടങ്ങളിലെ മണ്ണൊലിപ്പ് തയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.

18. ക്ഷേമ പദ്ധതികളെക്കുറിച്ച് ഇവരിൽ ബോധവത്ക്കരണം നടത്തുക. പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പദ്ധതികൾ ശരിയാം വണ്ണം നടക്കുന്നുണ്ടോയെന്ന് ശ്രദ്ധിക്കാനായി പഞ്ചായത്ത് തലത്തിൽ, ഉന്നത സമിതി രൂപീകരിക്കേണ്ടതാണ്.

19. കൃഷിഭവൻ മുഖേന സൗജന്യമായി പച്ചക്കറി വിത്തുകളും വളങ്ങളും നൽകി പച്ച്ക്കറിത്തോട്ടം നിർമ്മിക്കുവാൻ പ്രോത്സാഹനം നൽകുക.

20. 9,6 വാർഡിലെ മൈലാടി, പനയം പറമ്പ്, ചേപ്പിലിക്കുന്ന് കോട്ടാം പറമ്പ് എന്നീ പട്ടികജാതി ശ്മാശാനങ്ങൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക. പട്ടികജാതിക്കാർക്കുകൂടി ഉപയോഗിക്കാവുന്ന പൊതു ശ്മശാനം നിർമ്മിക്കുക.

21. കോളനികളിൽ ജനപങ്കാളിത്തത്തോട് കൂടി വായനശാലകളും ഗ്രന്ഥാലയങ്ങളും സ്ഥാപിക്കുക.

22. കോളനികളിൽ ടെലിവിഷൻ സ്ഥാപിക്കുക.

23. കാർഷിക മേഖല അഭിവ്യദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

24. പട്ടികയിൽ രേഖപ്പെടുത്തിയ ഗതാഗത സൗകര്യം ഏർപ്പെടുത്തുക. ഇടവഴികൾ നന്നാക്കുക. റോഡുകൾ ടാർ ചെയ്യുക.

12. വിഭവസമാഹരണം

കോഴിക്കോട് വിമാനത്താവളത്തിന് തൊട്ടുകിടക്കുന്ന കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത് കേരളത്തിലെ വികസിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്തുകളിൽ വളരെ മുന്നിലാണ്. ഒരു മുൻസിപ്പാലിറ്റിയുടെ തലത്തിലേക്കും ഉയർന്നുകൊണ്ടിരക്കുന്ന ഈ പഞ്ചായത്ത് ഇന്നും പല കാരണങ്ങളാൽ 1980 -ലെ ഗ്രൂപ്പിങ്ങ് അനുസരിച്ചുള്ള ഒരു സെക്കന്റ് ഗ്രേഡ് പഞ്ചായത്ത് മാത്രമാണ്. 1991 -ലെ സെൻസസ് പ്രകാരം കൊണ്ടോട്ടി പഞ്ചായത്തിൽ മൊത്തം ജനസംഖ്യ 21913 ആണ്. ഇന്ന് നമ്മുടെ ജനസംഖ്യ ഏകദേശം കാൽലക്ഷത്തോളം വരും. 1995-96 കണക്ക് പ്രകാരം പഞ്ചായത്തിന്റെ മൊത്തം വരവ് 16,27,615.85 രൂപയും മൊത്തം ചെലവ് 15,93,844.00 രൂപയുമാണ്. 1995-96 വർഷത്തെ വരവ് - ചെലവിനങ്ങൾ താഴെ ചേർക്കുന്നു.

വരവ്

ഇനം	തുക
I തനത് നികുതി	
1. കെട്ടിട നികുതി	3,40,000.00
2. തൊഴിൽ നികുതി	1,06,135.00
3. വിനോദ നികുതി	59,766. 50
4. Addl : "	37,702.70
5. പ്രദർശന നികുതി	1,782.00
6. " സർചാർജ്	445.50
II മറ്റുവരവുകൾ	
1. ചന്ത വരവ്	85,536.00
2. ലൈസൻസ് ഫീ	9,425.50
3. കെട്ടിട നികുതിസർചാർജ്	17,000.00
III വസ്തു കൈമാറ്റ നികുതി	1,36,260.00
IV സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള വരവുകൾ	6,44,903.30
V ഡെപ്പോസിറ്റ്	1,14,751.35
ആകെ	16,27,615.85

ഇവ കൂടാതെ താഴെ പറയുന്ന ഫണ്ട് വിഹിതങ്ങളും പഞ്ചായത്തിന് 95-96 ൽ ലഭിച്ചിട്ടുണ്ട്.

ഫണ്ട്	തുക
I സർക്കാരിൽ നിന്നുള്ള ഗ്രാന്റ്	48,300.00
II അൺടൈഡ് ഫണ്ട്	3,28,500.00
III ജെ. ആർ. വൈ.	6,57,200.00
ആകെ	10,34,000.00

ചെലവ്	
ഇനം	തുക
I ഭരണച്ചെലവ്	7,43,834.00
II പൊതുമരാമത്ത്	3,64,385.00
III വിദ്യാഭ്യാസം	14,088.00
IV ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	27,500.00
V തെരുവുവിളക്കുകൾ കത്തിക്കുന്നതിന്	71,970.00
VI മറ്റുള്ളവ	3,22,067.00
ആകെ	15,93,844.00

1986-87 മുതൽ 95-96 വരെയുള്ള വരവ്-ചെലവ് കണക്ക് താഴെ ചേർക്കുന്നു.

വർഷം	വരവ്	ചെലവ്
1986-87	3,41,694.00	2,64,957.00
87-88	4,11,359.00	3,84,461.00
88-89	4,49,969.00	5,31,687.00
89-90	4,00,822.00	3,84,858.00
90-91	8,64,796.00	7,72,769.00
91-92	11,74,963.00	6,64,086.00
92-93	11,88,888.00	12,04,864.00
93-94	16,44,147.00	13,92,605.00
94-95	16,01,024.00	13,29,459.00
95-96	16,27,615.00	15,93,844.00

കഴിഞ്ഞ പത്തു വർഷത്തെ വരവ്-ചെലവു കണക്കുകൾ വിലയിരുത്തുമ്പോൾ 1989-90 നു ശേഷം മൊത്തം വരവിലും ചെലവിലും ഇരട്ടി വർദ്ധനവുണ്ടായതായി കാണാൻ സാധിക്കുന്നു. ഇതിന് പ്രധാന കാരണം വികസന രംഗത്തുണ്ടായ അഭൂത പൂർവ്വമായ വളർച്ചയാണ്.

ഇത്രയൊക്കെ വരുമാനം വർദ്ധിച്ചിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ മൊത്തം ആവശ്യങ്ങളുടെ 25% പോലും നിർവ്വഹിക്കുവാൻ സാധിക്കുന്നില്ല. നിലവിലുള്ള അവസ്ഥയിൽ തന്നെ പഞ്ചായത്തിന് നികുതിയിനത്തിലും മറ്റിനങ്ങളിലുമായി ധാരാളം വരുമാന സാധ്യതകളുണ്ടെങ്കിലും അവ കണ്ടെത്തി ഫലപ്രദമായി പിരിച്ചെടുക്കാൻ സാധിക്കുന്നില്ല. വരുമാനക്കുറവിനുള്ള പ്രധാന കാരണങ്ങൾ താഴെ ചേർക്കുന്നു.

1. അനധികൃത കെട്ടിടങ്ങൾ സമീപകാലത്തായി പഞ്ചായത്തിൽ ധാരാളം ഉണ്ടായിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്തിന് കെട്ടിടനികുതിയിനത്തിലോ, ലൈസൻസ് ഫീസിനത്തിലോ യാതൊരു വരു

മാനവും ലഭിക്കുന്നില്ല.

2. വിനോദ നികുതിയിനത്തിൽ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനം കുറവാണ്. ശതമാനത്തിന്റെ അടിസ്ഥാനത്തിനാണ് ഇപ്പോൾ ഈ നികുതി കണക്കാക്കുന്നത്.

3. തൊഴിൽ നികുതിയിനത്തിൽ ഇന്ന് ലഭിക്കുന്നതിനേക്കാൾ വലിയ ഒരുതുക ലഭിക്കാനുള്ള സാധ്യതയുണ്ട്. ധാരാളം സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ കഴിയുന്നില്ല.

4. പഞ്ചായത്തിൽ ആയിരത്തോളം കച്ചവട സ്ഥാപനങ്ങളുണ്ടെങ്കിലും ലൈസൻസ് ഫീസിനത്തിൽ ലഭിക്കുന്ന വരുമാനം യഥാർത്ഥത്തിൽ ഈയിനത്തിൽ ലഭിക്കേണ്ട വരുമാനത്തിന്റെ ഇരുപത്തഞ്ചു ശതമാനം മാത്രമാണ്.

5. ജെ. ആർ. വൈ. പോലുള്ള സ്കീമുകളിൽ അതിന് ചെലവഴിക്കുന്ന പണത്തിന്റെ തോതനുസരിച്ച് യഥാർത്ഥ പ്രയോജനം ലഭിക്കുന്നില്ല.

6. നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ യഥാസമയം നടപ്പാക്കാത്തതിനാൽ അധികച്ചെലവ് വരുന്നു.

7. ചന്ത വരവ്, മുതലായ ഇനങ്ങളിൽ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനത്തിന്റെ വലിയൊരു ഭാഗം തന്നെ പിരിച്ചെടുക്കാൻ സാധിക്കുന്നില്ല.

പരിഹാര മാർഗ്ഗങ്ങൾ:

1. അനധികൃത കെട്ടിടങ്ങൾക്ക് പഞ്ചായത്ത് ആക്ടും കെട്ടിട നിർമ്മാണ നിയമവുമനുസരിച്ച് പിഴ ഈടാക്കി നമ്പറിട്ടാൽ കെട്ടിട നികുതി ഇനത്തിൽ ഇപ്പോൾ ലഭിക്കുന്ന വരുമാനത്തിന്റെ രണ്ടിരട്ടിയെങ്കിലും വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്.

2. വിനോദ നികുതി ശതമാനത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കാതെ സീറ്റിംഗ് കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയാൽ ഈയിനത്തിൽ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാം.

3. പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി തൊഴിൽ നികുതി ചുമത്തുന്നത് കാര്യക്ഷമമാക്കാം. ഇതിനായി പഞ്ചായത്തിലെ മുഴുവൻ തൊഴിൽ ചെയ്യുന്നവരെയും ഉൾപ്പെടുത്തി ഗ്രൂപ്പ് ഇൻഷൂറൻസ് പോലുള്ള പദ്ധതിയിൻ കീഴിൽ കൊണ്ടുവന്നാൽ തൊഴിൽ നികുതി പിരിക്കുന്നത് എളുപ്പമാക്കാം.

4. എല്ലാവിധ കച്ചവട സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ചുമത്തുകയും തെരുവു കച്ചവടം നിരുത്സാഹപ്പെടുത്തുകയും ചെയ്യുക.

5. ജെ. ആർ. വൈ. പോലുള്ള സ്കീമുകൾ നടപ്പാക്കുമ്പോൾ അതതു പ്രദേശത്തെ ഗുണഭോക്താക്കളുടെ യോഗം ചേർന്ന് ആപ്രദേശത്തു നിന്നുതന്നെയുള്ള കൺവീനറെ തെരഞ്ഞെടുത്ത് ഇടത്തട്ടുകാരെയും കോൺട്രാക്ടർമാരെയും ഒഴിവാക്കുകയും പ്രവർത്തികൾ പ്രാദേശിക തലത്തിൽ തന്നെ അവലോകനം ചെയ്യുവാനുള്ള സംവിധാനവും ഉണ്ടാക്കുക.

6. പഞ്ചായത്ത് കോൺട്രാക്ട് അടിസ്ഥാനത്തിൽ നൽകുന്ന പ്രവർത്തികൾ, പഞ്ചായത്തിൽ തന്നെ ലേബർ കോൺട്രാക്ട് സോസൈറ്റി രൂപീകരിച്ച് പ്രസ്തുത സോസൈറ്റിക്ക് നൽകാവുന്നതാണ്. 59

7. ഓരോ വർഷത്തേയും പദ്ധതികൾ നിശ്ചിത സമയത്തിനുള്ളിൽ തന്നെ പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാകുന്നു.

8. ചന്ത പോലുള്ള വരുമാന മാർഗ്ഗങ്ങളിൽ അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തതയാണ് നികുതി പിരിച്ചെടുക്കാൻ സാധിക്കാത്തതിന്റെ പ്രധാന കാരണം. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി നിലവിൽ ലഭിക്കേണ്ട വരുമാന മാർഗ്ഗങ്ങൾ പിരിച്ചെടുക്കാവുന്നതാണ്.

സാധ്യതകൾ:

1. പിക്കപ്പ്, ഓട്ടോറിക്ഷ, ജീപ്പ് / ടാക്സി എന്നിവക്ക് പ്രത്യേകം പ്രത്യേകം സ്റ്റാന്റുകളുണ്ടാക്കി വരുമാനം വർദ്ധിപ്പിക്കാം.

2. പഞ്ചായത്ത് വക ഒരു ഷോപ്പിംഗ് കോംപ്ലക്സും കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കുക. ഇതിന് പഞ്ചായത്ത് ബസ്സ്സ്റ്റാന്റിന് സമീപത്തുള്ള സ്ഥലം അനുയോജ്യമാക്കാവുന്നതാണ്.

3. പഞ്ചായത്ത് രാജ് ആക്ട് 209-വകുപ്പനുസരിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിന് ഉച്ചഭാഷിണി ഉപയോഗിച്ച് നടത്തുന്ന പരസ്യങ്ങൾക്കും പഞ്ചായത്തിന് നികുതി ചുമത്താവുന്നതാണ്. അതുപോലെ പഞ്ചായത്ത് ബസ്സ്സ്റ്റാന്റിൽ യാത്രക്കാരുടെ സൗകര്യാർത്ഥം അനൗൺസ്മെന്റ് ഏർപ്പെടുത്തുകയും അനൗൺസ്മെന്റിനുള്ള അവകാശം ലേലം വഴി നൽകേണ്ടതുമാണ്.

4. നിലവിലുള്ള മത്സ്യമാർക്കറ്റും മാംസ മാർക്കറ്റും അഭിവൃദ്ധിപ്പെടുത്തുകയും പ്രവർത്തനരഹിതമായി കിടക്കുന്ന അറവുശാല പ്രവർത്തനക്ഷമമാക്കുകയും വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിച്ച് സ്വകാര്യ മാർക്കറ്റ് തുറക്കുന്നതിന് അനുമതി നൽകി അതിൽ നിന്നും ഫീസ് ഈടാക്കുകയും ചെയ്യാവുന്നതാണ്.

5. പഞ്ചായത്തിന് വരുമാന വർദ്ധനയുണ്ടാക്കുന്ന പദ്ധതികൾക്ക് പഞ്ചായത്ത് ഫണ്ടിനു പുറമെ വരുന്ന ചെലവുകൾക്ക് ധന സമാഹരണത്തിനായി പൊതു ജനങ്ങളിൽ നിന്ന് പലിശരഹിത വായ്പ സ്വീകരിക്കുകയും നിശ്ചിത കാലയളവിനുള്ളിൽ തിരിച്ച് നൽകാവുന്നതുമാണ്.

6. പഞ്ചായത്ത് മിനി സ്റ്റേഡിയം ഉപയോഗ യോഗ്യമാക്കി കായിക വിനോദങ്ങൾ സംഘടിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

സന്നദ്ധസേവനം:

1. പഞ്ചായത്തിലെ സന്നദ്ധ സംഘടനകളും നിരവധി രാഷ്ട്രീയ- സാമൂഹിക-സാംസ്കാരിക-മത സംഘടനകളും വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. ഇവയുടെ സഹകരണത്തോടെ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാവുന്നതും അവയുടെ മേൽനോട്ടം നടത്താവുന്നതുമാണ്.

2. സന്നദ്ധ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

a) പദ്ധതികൾ അനുവദിക്കുമ്പോൾ ഏറ്റവും കൂടുതൽ സന്നദ്ധ പ്രവർത്തനങ്ങൾക്ക് തയ്യാറാവുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്.

b) ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനക്ക് പഞ്ചായത്ത് തല അവാർഡ് നൽകാവുന്നതാണ്.

c) ഓരോ വർഷത്തിലും അനുയോജ്യമായ ഒരു ആഴ്ച വികസന വാരമായി ആചരിക്കാവുന്നതാണ്.

3. സന്നദ്ധ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, വായ്പ പോലുള്ള കാര്യങ്ങൾ ഏറ്റെടുത്ത് നടത്തുക. നികുതി കുടിശ്ശിക പിരിച്ചെടുക്കുക മുതലായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ജനകീയ സമിതികൾ രൂപീകരിക്കാവുന്നതാണ്.

പൊതുവായ നിർദ്ദേശങ്ങൾ:

1. വിദേശത്ത് ജോലി ചെയ്യുന്നവരുടെ സമ്പാദ്യങ്ങൾ ഉൽപാദന മേഖലയിലേക്ക് തിരിച്ചുവിടുവാനും അതിനാവശ്യമായ പശ്ചാത്തല സൗകര്യവും പ്രോത്സാഹനങ്ങളും നൽകേണ്ടതാണ്.

2. സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിന് ഇന്നും ധാരാളമാളുകൾ ആശ്രയിക്കുന്നത് കൊള്ളപ്പലിശക്ക് പണം വായ്പ നൽകുന്ന സ്വകാര്യ പണമിടപാടുകാരെയാണ്. ബാങ്കിംഗ് സ്ഥാപനങ്ങൾ വായ്പ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കിയാൽ മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്ന പണം ഒരു പരിധിവരെ നിയന്ത്രിക്കാവുന്നതാണ്. അടിസ്ഥാന തൊഴിൽ മേഖലകളിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കടന്നുകയറ്റം നമ്മുടെ സാംമ്പത്തിക ഭദ്രതയെ തകിടം മറിക്കുകയും തൊഴിലില്ലായ്മ രൂക്ഷമാക്കുകയും ചെയ്യുന്നു. ഇതിനെതിരെ നാം ബോധവാന്മാരാകേണ്ടതാണ്.

3. ഉപഭോഗ സംസ്കാരത്തിലേക്ക് വ്യതിചലിക്കുന്ന ഒരു പ്രവണത നമ്മുടെ പഞ്ചായത്തിൽ വർദ്ധിച്ചുവരികയാണ്. ഇതിനെതിരെ ശക്തമായ ബോധവൽക്കരണം നടത്തി ജനങ്ങളിൽ മിതവ്യയം, സ്വാശ്രയത്വം, സമ്പാദ്യശീലം, എന്നീ സദ്ഗുണങ്ങൾ വളർത്തേണ്ടതുമാണ്.

4. സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽനിന്നും ലഭ്യമാക്കാവുന്ന ധന സഹായ പദ്ധതികളെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം വളർത്തുകയും അവ ലഭിക്കുന്നതിന്നാശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

5. പൊതുമുതൽ നശിപ്പിക്കുന്നതിനും ദുർവിനിയോഗം ചെയ്യുന്നതിനുമെതിരെ കർശന നടപടികൾ കൈക്കൊള്ളുകയും അവ സംരക്ഷിക്കുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടതാണ്.

6. പഞ്ചായത്തിന്റെ വരവ്-ചെലവ് കണക്കുകൾ ഗ്രാമ സഭകളിൽ അവതരിപ്പിക്കുകയും സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതുമാണ്.

7 പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ബസ്സ് സ്റ്റോപ്പ്, പൊതുകക്കൂസ്, മൂത്രപ്പുര, എന്നിവ പ്രമുഖ വ്യാപാര സ്ഥാപനങ്ങളോട് സ്പോൺസർ ചെയ്യിക്കാവുന്നതാണ്.

8. പഞ്ചായത്തിനു കീഴിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുകയും അതുമുഖേന വരുമാനം വർധിപ്പിക്കാവുന്നതുമാണ്.

നിലവിലുള്ള സംവിധാനത്തിൽ നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനും ക്രമക്കേടുകൾ കണ്ടെത്തുന്നതിനും ആവശ്യമായ ജീവനക്കാരുടെ എണ്ണം അപര്യാപതമാണ്. ആയതിനാൽ ഈ പഞ്ചായത്തിനെ വരുമാന സാദ്ധ്യതയുടെയടിസ്ഥാനത്തിൽ 'എ' ഗ്രേഡിലേക്കോ സ്പെഷ്യൽ ഗ്രേഡിലേക്കോ മുൻസിപ്പാലിറ്റിയായോ ഉയർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും തദ്വാരാ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ മാറുകയും ഇത് പഞ്ചായത്തിന്റെ വരുമാന ചോർച്ച തടയുന്നതിനും ക്രമക്കേടുകൾ കണ്ടെത്തുന്നതിനും സഹായകമായിത്തീരുകയും ചെയ്യുന്നു.

* ഭൂനികുതി നിരക്ക് വർദ്ധിപ്പിച്ച് വരുമാനം കൂട്ടുക.

* നേഷണൽ സേവിംഗ്സ് സ്കീം കൂടുതൽ സമ്പാദ്യം വർദ്ധിപ്പിച്ച് വരുമാനം കൂട്ടാവുന്നതാണ്.

ഉപസംഹാരം

ആസൂത്രണം ഗ്രാമതലത്തിൽ സാധ്യമാവുന്ന അസുലഭ നിമിഷത്തിലാണ് നാം എത്തി നിൽക്കുന്നത്. പഞ്ചായത്തിലെ ആയിരക്കണക്കിനാളുകൾ വിശേഷാൽ ഗ്രാമസഭയിൽ പങ്കെടുത്ത് അവരുടെ ആഗ്രഹങ്ങളും, ആശയങ്ങളും ചർച്ചക്ക് വിധേയമാക്കിയിട്ടുണ്ട്. നിരവധി പ്രശ്നങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവ ഗ്രാമസഭയിലൂടെ ഉയർന്നു വന്നിട്ടുണ്ട്. ഇവയെല്ലാം കൂട്ടായ ശ്രമത്തിലൂടെ മാത്രമേ പരിഹരിക്കുവാൻ കഴിയുകയുള്ളുവെന്ന വിശാലമായ ജനാധിപത്യ ബോധത്തിലേക്ക് ജനങ്ങളെ ഉയർത്തുന്നതിന് ഗ്രാമസഭയിലെ ഇത്തരം ചർച്ചകൾക്ക് സാധ്യമായിട്ടുണ്ടെന്നത് അഭിമാനാർഹമായ വസ്തുതയാണ്.


ഈ വികസന റിപ്പോർട്ടിനു പിന്നിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ നൂറുകണക്കിന് പ്രവർത്തകരുടെ അക്ഷീണമായ ആത്മ സമർപ്പണമുണ്ടെന്ന് ഇത്തരുണത്തിൽ സ്മരിക്കുന്നു. പരിശീലനങ്ങൾ, നിരവധി യോഗങ്ങൾ, ചരിത്രമന്വേഷിച്ചുകൊണ്ടുള്ള യാത്ര, പഠന പര്യടനം, സെക്കന്ററി ഡാറ്റ ശേഖരിക്കുന്നതിനുവേണ്ടി വിവിധ വകുപ്പ് ഓഫീസുകളിലെ സന്ദർശനം. ഇങ്ങനെ എത്രയെത്ര പ്രവർത്തനങ്ങൾ ! എത്രയെത്ര പ്രവർത്തകർ ! എത്രയെത്ര ആവേശകരമായ അനുഭവങ്ങൾ !

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഈ ഉല്പന്നം - വികസന റിപ്പോർട്ട് - സമ്പുഷ്ടമാക്കുവാൻ സഹായിച്ച മുഴുവൻ പ്രവർത്തകരോടും കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത് ഭരണ സമിതിക്കുള്ള അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തട്ടെ. ഭരണ സമിതി ഐകകണ്ഠേന അംഗീകരിച്ച വികസന റിപ്പോർട്ട് വിശദമായ ചർച്ചക്ക് വേണ്ടി സാദരപൂർവ്വം സമർപ്പിക്കുന്നു.

ഭരണ സമിതിക്കുവേണ്ടി
ഇ. നഫീസ
പ്രസിഡണ്ട്
കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്.

ചിങ്ങം വന്നു പിറന്ന മനസ്സിൽ
പൊന്നോണത്തിൻ പൂവിളിയായ്
പഞ്ചായത്തുകൾ ഭരണത്തിന്റെ
പങ്കാളികളായ് മാറുന്നു
നാട്ടിന് വേണ്ടൊരു പദ്ധതി നമ്മൾ
നാട്ടിൽ നിന്ന് തുടങ്ങേണം
ആസൂത്രണവും ജനതതിയൊന്നായ്
കൂടിയിരുന്നു നടത്തേണം

അധികാരം ജനങ്ങളിലേക്ക്



കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത്

ആസൂത്രണം ഗ്രാമതലത്തിൽ

9–ാം പദ്ധതി – ജനകീയ പദ്ധതി